ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 01 നവംബർ 2018 ലക്കം 07

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം


1. Prot. No.601/18സർക്കുലർ 19/2018 .......... 7
2. ബൈബിൾ ഞായർ .......... 10
3. കച്ചേരിക്കാര്യം .......... 16
4. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി-ഭവനനിർമ്മാണപദ്ധതി .......... 19
5. സെമിനാരിവാർത്തകൾ .......... 21
6. വിശ്വാസപരിശീലനം .......... 24
7. ബൈബിൾ അപ്പൊസ്റ്റോലേറ്റ് .......... 32
8. ചെറുപുഷ്പ മിഷൻലീഗ് .......... 38
9. തിരുബാലസഖ്യം .......... 47
10. യുവജനശുശ്രൂഷ .......... 49
11. കുടുംബപ്രേഷിതത്വം .......... 53
12. വിദ്യാഭ്യാസ ഏജൻസി .......... 60
13. സാൻജോസ് അക്കാഡമി .......... 64
14. വിമൽജ്യോതി വാർത്തകൾ .......... 67
15. കരിസ്മാറ്റിക് നവീകരണരംഗം .......... 69
16. ഇൻഫാം വാർത്തകൾ .......... 70
17. കുടുംബക്കൂട്ടായ്മ .......... 72
18. എകെസിസി വാർത്തകൾ .......... 75
19. പ്രതീക്ഷ വാർത്തകൾ .......... 77
20. ഫ്രാൻസിസ്കൻ അൽമായ സഭ .......... 80
21. ശാന്തിതീരം .......... 81
22. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ .......... 82
23. കെസിബിസി മദ്യവിരുദ്ധ സമിതി .......... 85
24. സാമൂഹ്യസേവനവേദി .......... 89
25. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 91
26. Programme of the Archbishop Mar George Njaralakatt .......... 93
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 95
28. Programme of the Abp. Emeritus Mar George Valiamattam .......... 97
29. Programme of the Auxiliary Bishop Mar Joseph Pamplany .......... 98

Prot. No. 601/18; സർക്കുലർ നമ്പർ 19/2018

# ഇരുപത്തഞ്ചുനോമ്പ്

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോയുടെ മനുഷ്യാവതാരം മുതൽ സഭയുടെ സ്വർഗ്ഗ പ്രവേശനം വരെയുള്ള രക്ഷാപദ്ധതി അനാവരണം ചെയ്യുന്ന ആരാധനാക്രമവത്സരത്തിന്റെ ആരംഭംകുറിക്കുന്ന മംഗളവാർത്തക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മനുഷ്യകുലത്തിനു ലഭിച്ച സദ്‌വാർത്തയാണ് ഗബ്രിയേൽ ദൂതനിലൂടെ പരിശുദ്ധ അമ്മ ശ്രവിച്ചത്: "ദൈവ കൃപ നിറഞ്ഞവളെ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ...നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം"(ലൂക്കാ 1:28:31). ദൈവം മനുഷ്യനോടൊത്തു വസിക്കാൻ മനുഷ്യാവതാരം ചെയ്യുന്ന അത്ഭുതകരമായ ശൂന്യവല്ക്കരണത്തിന്റെ ഓർമ്മയാണ് പിറവിത്തിരുനാൾ നമുക്കു നല്കുന്നത്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് മനുഷ്യകുലത്തിന്റെ രക്ഷകനായി കടന്നു വന്ന ഈശോയുടെ തിരുപ്പിറവി ആഘോഷിക്കുവാൻ നാം പ്രാർത്ഥനാപൂർവ്വം, ത്യാഗപൂർവ്വം ഒരുങ്ങുന്ന സമയമാണ് ഈ ഇരുപത്തിയഞ്ച് നോമ്പിന്റെ കാലം.

ഈശോയുടെ ജനനത്തെക്കുറിച്ചും പ്രവർത്തനരീതികളെക്കുറിച്ചും ദൈവത്തിന്റെ പ്രവാചകൻമാർ നൂറ്റാണ്ടുകൾക്കു മുമ്പെതന്നെ പറഞ്ഞിട്ടുണ്ടായിരുന്നു, ബി.സി. എട്ടാം നൂറ്റാണ്ടിൽ പ്രവാചക ദൗത്യം പൂർത്തിയാക്കിയ ഏശയ്യാപ്രവാചകൻ പറയുന്നു: "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും"(ഏശയ്യ 7:14); ജെസ്സെയുടെ കുറ്റിയിൽ നിന്ന് കിളിർത്തു വരുന്ന മുളയാണവൻ - ദാവീദ് വംശജനാണെന്ന് സാരം. ശാശ്വതമായ ആത്മസാന്നിദ്ധ്യം അവനിൽ ഉണ്ടായിരിക്കും; മികവുറ്റ ഭരണം അവൻ കാഴ്ചവയ്ക്കും. അവൻ ഐക്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളും. കർത്താവിന്റെ ജ്ഞാനം കൊണ്ട് ഭൂമി നിറയുന്ന പരിതോവസ്ഥ അവനിലൂടെ സംജാതമാകും (ഏശയ്യ 11:1:9). ഈ രക്ഷകൻ കർത്താവിന്റെ പ്രീതി പാത്രമാണ്- ചതഞ്ഞ ഞാങ്ങണ ഒടിക്കാത്ത, പുകയുന്ന, തിരി കെടുത്താത്ത തെരഞ്ഞെടുക്കപ്പെട്ട ദാസൻ(ഏശയ്യ 42:1:7). കൂടാതെ, ദൈവശക്തിയാൽ എല്ലാവർക്കും രക്ഷ പ്രദാനം ചെയ്യുന്ന ഈ അഭിഷിക്തൻ കർത്താവിന്റെ കൃപാ വത്സരത്തെക്കുറിച്ചുള്ള സദ്വാർത്തയാണ് പ്രഘോഷിക്കുന്നത് (ഏശയ്യ 61:1:3).

തിരുപ്പിറവി ആഘോഷിക്കുവാൻ ഒരുങ്ങുന്ന ഈ സമയം, ദൈവം നല്കിയ രക്ഷകനെക്കുറിച്ചും അവിടുന്ന് ഔദാര്യമായി നല്കുന്ന രക്ഷയെക്കുറിച്ചും ചിന്തിക്കുവാനും ധ്യാനിക്കുവാനും ഉള്ള അവസരമാണ്. മനുഷ്യകുലത്തിനു സന്തോഷവും സമാധാനവും ജീവനും മാതൃകയും രക്ഷയും പ്രദാനം ചെയ്യുവാൻ വചനം മാംസമായി(യോഹ. 1: 14). ദൈവം ഇപ്രകാരം മനുഷ്യനായതിലൂടെ മനുഷ്യജീവന്റെ മാഹാത്മ്യമാണ് തിരുപ്പിറവി പ്രഖ്യാപിക്കുന്നത്. ഈ ദിവ്യപൈതലിനെപ്പോലെ ഓരോ ജന്മങ്ങളും ദൈവത്തിന്റെ മുമ്പിൽ മഹത്തരമാണ്; അനന്ത സാധ്യതകളുടെ ജന്മങ്ങളാണ് ഓരോ ശിശുക്കളും.

ഈ രക്ഷകനിലൂടെ അന്ധകാരത്തിലും അജ്ഞതയിലും കഴിഞ്ഞിരുന്നവർ പ്രകാശം ദർശിച്ചു, ജ്ഞാനം പ്രാപിച്ചു. സത്യം നിങ്ങളെ സ്വതന്ത്രരാക്കും(യോഹ. 8: 32) എന്നു പഠിപ്പിച്ച ഈ ഗുരുവിലൂടെ ബന്ധിതർ വിമോചിതരായി. “നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു”(മർക്കോ 2: 5) എന്നു പറഞ്ഞുകൊണ്ട് പാപഭാരം പേറി ബന്ധിതരായി കഴിഞ്ഞവർക്ക് ദൈവപുത്രൻ പാപവിമോചനത്തിന്റെ സായൂജ്യം പ്രദാനം ചെയ്തു. മരണത്തിന്റെ നിഴലിൽ കഴിഞ്ഞവർക്ക് അവൻ ജീവനായി, ജീവന്റെ അപ്പമായി, നിത്യജീവന്റെ അച്ചാരമായി. പ്രിയമുള്ളവരെ, തിരുപ്പിറവി അനുസ്മരിച്ചുകൊണ്ട് നാം സജ്ജമാക്കുന്ന പുല്ക്കൂട് വിസ്മയത്തിന്റെ കലവറയാണ്. ബലവാനായ ദൈവം ഇവിടെ ബലഹീനനായ ശിശുവായിരിക്കുന്നു; എല്ലാം സൃഷ്ടിച്ചവൻ ഒന്നും ഇല്ലാത്തവനായിരിക്കുന്നു; ദിവ്യ പ്രഭാവത്തിൽ പിതാവിനു സമനായിരുന്നവൻ സ്വയം ശൂന്യനായി ഇതാ പുൽക്കൂട്ടിൽ! ആട്ടിടയരും പൂർവ്വദേശത്തു നിന്നു വന്ന ജ്ഞാനികളും പരിശുദ്ധ അമ്മയും വി. യൗസേപ്പിതാവും ആരാധനാഭാവത്തോടെ കൂപ്പുകൈകളുമായി നില്ക്കുന്നു. പണ്ഡിതരും പാമരരും ഒരുപോലെ വന്നാരാധിക്കുന്ന അത്യപൂർവ സംഗമസ്ഥലമാണ് പുല്ക്കൂട്! മാനുഷിക സങ്കല്പങ്ങളെ അതിശയിപ്പിക്കുന്ന വിസ്മയങ്ങളുടെ പൂമുറ്റമാണിത്! നമുക്കും ദൈവദൂതൻമാരോടൊത്ത് ദൈവസ്തുതികൾ ആലപിക്കുവാനായി ഒരുങ്ങാം.

അതിനാൽ, ക്രിസ്മസ് ആഘോഷങ്ങളെ ബാഹ്യമായി മോടിപിടിപ്പിക്കുന്നതിന് ശ്രദ്ധിക്കുന്നതിലേറെ പ്രധാന്യത്തോടെ നമ്മുടെ വിശ്വാസ രഹസ്യങ്ങളെക്കുറിച്ച് ഗ്രഹിക്കുവാൻ എല്ലാവരും ശ്രമിക്കണം എന്നതാണ് എന്റെ ആഗ്രഹം. ഇരുപത്തിയഞ്ചു ദിവസത്തെ ഒരുക്കം

ഇതിനു സഹായകമാണ്. കുട്ടികൾ തങ്ങളുടേതായ വിധത്തിൽ പ്രാർത്ഥനകളും ത്യാഗപ്രവർത്തികളും അനുഷ്ഠിച്ചുകൊണ്ട് ഉണ്ണീശോയ്ക്ക് സമ്മാനങ്ങൾ ഒരുക്കണം. സാധിക്കുന്നവരെല്ലാം ഇരുപത്തഞ്ചുദിവസവും വി. കുർബ്ബാനയിൽ പങ്കെടുക്കണം. വിശ്വാസരഹസ്യങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ മുതിർന്നവർ പ്രാർത്ഥനാപൂർവ്വം ഉണ്ണീശോയെ സമീപിക്കണം. കടപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിച്ചും നല്ല മനസ്സുകളുടെ ഉടമകളായിക്കൊണ്ടും ദിവ്യ ഉണ്ണി നമ്മുടെ ഹൃദയങ്ങളിൽ ജനിക്കുവാൻ നമുക്ക് സ്വയം സജ്ജരാകാം. ഇപ്രകാരം സർവജനത്തിനും വേണ്ടിയുള്ള മഹാ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തിരുപ്പിറവിക്കായി നമുക്കെല്ലാവർക്കും ഒരുങ്ങാം.

ക്രിസ്മസ്സിന്റെ ശാന്തിയും സമാധാനവും സന്തോഷവും ആശംസിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

തലശ്ശേരി
24.10.2018

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 നവംബർ മാസം 25-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

Ref: 3150/K-5/KCBC/OL/DS

9.10.2018

# 2018 ഡിസംബർ 30 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

### പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണംതന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നു് (വെളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ

ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധ ഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു (നിയ 7,6; 26,19; ജറെ 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1,2). ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നു: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ 2,9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ 1,12) മുഖമുദ്രയാണ് വിശുദ്ധി.

### ദൈവജനം വിശുദ്ധിയുടെ പാതയിൽ

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24,4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നു്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12,2)

എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12,11-16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27,18-29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32; മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22,57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8,3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4,3). യേശുവാകുന്ന അടിത്തറയിൽ (1 കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും

ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾപാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

## കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമമാണല്ലോ.കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും

സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠനടത്തുകയും ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു

ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യണം. ബൈബിൾകമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾപാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡബൈബബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾവായനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി. ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി - 682 025

---

**NB:** 2018 ഡിസംബർ 2-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരികാര്യം

## 1. വൈദികസമ്മേളനം (പ്രെസ്ബിത്തേരിയം)

തലശ്ശേരി അതിരൂപതാംഗങ്ങളായ എല്ലാവൈദികരും ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന സന്ന്യാസവൈദികരും ഉൾപ്പെടെയുള്ള വൈദികരുടെ സമ്മേളനം (പ്രെസ്ബിത്തേരിയം) 2018 നവംബർ മാസം 27-ാം തീയതി ചൊവ്വാഴ്ച 10 മണി മുതൽ 4 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. എല്ലാ ബഹുമാനപ്പെട്ട വൈദികരും ഈ സമ്മേളനത്തിൽ നിർബന്ധമായും സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

## 2. ഫൊറോന വികാരിമാരുടെ സമ്മേളനം

ഫൊറോനവികാരിമാരുടെ ഒരു സമ്മേളനം 2018 നവംബർ 13-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് തലശ്ശേരി ആർച്ച്ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. എല്ലാ ഫൊറോന വികാരിമാരും ഈ യോഗത്തിൽ സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

## 3. ആരാധനക്രമ പഞ്ചാംഗം

പുതിയ വർഷത്തേക്കുള്ള ആരാധനക്രമ പഞ്ചാംഗം നവംബർമാസം ആരംഭംമുതൽ ബഹു. പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ ലഭ്യമാണ്.

## 4. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി

ഈ വർഷം പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയും രജത ജൂബിലിയും ആഘോഷിക്കുന്ന എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും ജൂബിലി ആശംസകൾ സന്തോഷപൂർവ്വം നേരുന്നു. അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച 11 പേർ സുവർണ്ണജൂബിലിയും 5 വൈദികർ രജതജൂബിലിയും ആഘോഷിക്കുന്നു. ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികർക്ക് നവംബർ 21-ാംതീയതി അതിരൂപതാകേന്ദ്രത്തിൽ സ്വീകരണം നൽകുന്നുണ്ട്. പിറ്റേദിവസം രാവിലെ കത്തീഡ്രൽ പള്ളിയിൽ ഈ ബഹു. വൈദികർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. കുർബാന അർപ്പിക്കുന്നതാണ്.

## സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർ

ഫാ. ചിറയിൽ ജോർജ്

,, മണ്ണൂരാംപറമ്പിൽ തോമസ്

,, മറ്റം ഫ്രാൻസീസ്

,, പോത്തനാമല മാത്യു

,, പുതിയാകുന്നേൽ ജോസഫ്

,, തയ്യിൽ ജോസഫ്

,, വടക്കേടം മൈക്കിൾ

,, വാഴകാട്ട് സെബാസ്റ്റ്യൻ

,, കീലത്ത് ജോസഫ് (താമരശ്ശേരി)

,, കിഴക്കരക്കാട്ട് അഗസ്റ്റിൻ (സീനി.) ,,

,, മണലിൽ ജോൺ ,,

## രജത ജൂബിലി ആഘോഷിക്കുന്നവർ

ഫാ. ഇളംതുരുത്തിപടവിൽ മാത്യു

,, കളപ്പുര ജോർജ്

,, പാലാക്കുഴി സെബാസ്റ്റ്യൻ

,, പട്ടമന മാത്യു

,, വണ്ടർകുന്നേൽ ജോർജ്

,, പൈമ്പിള്ളിൽ ജോർജ് (താമരശ്ശേരി)

## 5. ദിയാകോണിയ

അതിരൂപത അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ ഇടവകയുടെ അജപാലനപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജം പകരുവാൻ നിർദ്ദേശിക്കപ്പെട്ട ഇടവക ഏകോപനസമിതി ഭംഗിയായി ക്രമീകരിക്കപ്പെട്ട് വരുന്നു. ഓരോ മാസവും നിശ്ചയിക്കപ്പെട്ടിരിക്കുന്ന പൊതുകർമപദ്ധതികളുടെ നിർവ്വഹണം തീരുമാനിക്കുകയും നടത്തിപ്പുരീതികൾ ചുമതലപ്പെടുത്തുകയും എന്നതാണ് ഈ സമിതിയുടെ പ്രധാന ഉത്തരവാദിത്വം. ഇടവകയിലെ സംഘടനകളുടെ ശാക്തീകരണത്തിനായുള്ള കർമ്മപരിപാടികൾ നിർദ്ദേശിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുക എന്നതായിരിക്കും ഈ സമിതിയുടെ പ്രധാന ലക്ഷ്യം. അഭിവന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം രൂപതാകേന്ദ്രത്തിലെ അച്ചൻമാർ ഓരോ ഫൊറോനകൾ കേന്ദ്രീകരിച്ച്, ഞായറാഴ്ചകളിൽ പ്രസ്തുത ഫൊറോനയിലെ ഇടവകകൾ സന്ദർശിക്കുകയും പൊതുകർമപദ്ധതികൾ നടപ്പിലാക്കിയതിനെക്കുറിച്ചുള്ള അവലോകനം നടത്തുകയും ചെയ്തുവരുന്നു. ഞായറാഴ്ച പ്രധാന കുർബാനയ്ക്കുശേഷം ഇടവക ഏകോപനസമിതി വിളിച്ചുകൂട്ടി സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും അവലോകന ഫോം (Evaluation Form) പൂരിപ്പിക്കുകയും ചെയ്യുന്നു. ഓരോ സംഘടനയും അവരുടെ പ്രവർത്തനങ്ങൾ ഈ

അവലോകന ഫോമിൽ രേഖപ്പെടുത്തി വരുന്നു. ഇതുവരെ സന്ദർശിച്ച ഫൊറോനകൾ:

സെപ്റ്റംബർ 2 - ചെമ്പൻതൊട്ടി
സെപ്റ്റംബർ 30 - കുന്നോത്ത്
ഒക്ടോബർ 14 - നെല്ലിക്കാംപൊയിൽ

## 6. ആദരാഞ്ജലികൾ

**തോമസ് ചിറയിൽ (65) :** ബഹു. ചിറയിൽ ജോർജച്ചന്റെ സഹോദരൻ തോമസ് 2018 ഒക്ടോബർ 12ന് നിര്യാതനായി. മൃതസംസ്കാരം 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പെരിങ്കരി വി. അൽഫോൻസാ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 7. സ്നേഹസ്മൃതി

1. റവ. ഫാ. ജോൺ ആറാംചേരി - 02-11-1975
2. മോൺ. തോമസ് മൂലക്കുന്നേൽ - 03-11-2001
3. റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി - 10-11-2006
4. റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി - 11-11-2004
5. റവ. ഫാ. ജോസഫ് ചൂരയ്ക്കമറ്റം - 12-11-1998
6. റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ - 18-11-1982
7. റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് - 26-11-2011
8. റവ. ഫാ. തോമസ് കാവുംപുറം - 26-11-2016

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ



നവംബർ 8-ാം തീയതി മെത്രാഭിഷേക സ്വീകരണത്തിന്റെ പ്രഥമ വാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് അഭിനന്ദനങ്ങളും ആശംസകളും...

# മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതി

ഇക്കഴിഞ്ഞ അതിരൂപത അസംബ്ലി തീരുമാനപ്രകാരം നമ്മുടെ അതിരുപതയിലെ ഭവനരഹിതർക്കായി മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമാണ പദ്ധതി ആരംഭിച്ചല്ലോ. ഇതിനോടകം തന്നെ ഇടവകകളുടെയും വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ ധാരാളം വീടുകളുടെ പണി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. സെന്റ് വിൻസന്റ്ഡിപോൾ സൊസൈറ്റി 60 വീടുകളുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. ഇപ്രകാരം പണി കഴിച്ച വീടുകളുടെ വിവരങ്ങൾ ഇതിനോടകം വളരെ കുറച്ചു ഇടവകകളിൽ നിന്നും TSSS -ൽ ലഭിച്ചിട്ടുണ്ട്. പ്രത്യേകം നന്ദി അറിയിക്കുന്നു. ഈ പദ്ധതിയുടെ ഡോക്യുമെന്റേഷൻ പൂർത്തിയാകണമെങ്കിൽ ഇപ്രകാരം വീടു ലഭിച്ച കുടുംബത്തിന്റെ വിവരങ്ങളും, വീടിന്റെ മുൻപിൽ വീട്ടുകാരെ നിർത്തിയുള്ള ഫോട്ടോയും ലഭിക്കേണ്ടതുണ്ട്. വീടുപണികൾ പൂർത്തീകരിക്കുന്ന ക്രമത്തിൽ മേൽ പറഞ്ഞ വിവരങ്ങൾ TSSS -ലേക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ രണ്ടു മാസങ്ങളിലായി ഈ പദ്ധതിയിലേക്ക് നിക്ഷേപിക്കുകയും സഹായം സ്വീകരിക്കുകയും ചെയ്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | സംഭാവന നൽകിയവർ/സ്വീകരിച്ചവർ | തുക | തിരികെ കൊടുത്തത് |
|---|---|---|---|
| 1. | സെന്റ് ജോസഫ്സ് ചർച്ച്, പരപ്പ | 200,000.00 | |
| 2. | KCYM ചട്ടമല യൂണിറ്റ് | 138,000.00 | 153,000.00 |
| 3. | KCYM കാസർഗോഡ് റീജിയൺ | 400,000.00 | 500,000.00 |
| 4. | സെന്റ് തോമസ് ചർച്ച്, കരിക്കോട്ടക്കരി | 500,000.00 | 550,000.00 |
| 5. | സെന്റ് സെബാസ്റ്റ്യൻ ചർച്ച്, മാനടുക്കം | 600,000.00 | |
| 6. | സെന്റ് ജോർജ് ഫൊറോന ചർച്ച്, ചെമ്പൻതൊട്ടി | 123,372.00 | |
| 7. | ആർച്ച് ബിഷപ്പ്സ് ഹൗസ്, തലശ്ശേരി | 300,000.00 | |
| 8. | ആർച്ച് ബിഷപ്പ്സ് ഹൗസ്, തലശ്ശേരി | 200,000.00 | |
| 9. | സെന്റ് ജോസഫ്സ് ചർച്ച്, ഇരിട്ടി | 175,000.00 | 192,500.00 |
| 10. | ഇൻഫന്റ് ജീസസ് ചർച്ച്, കാഞ്ഞങ്ങാട് | 500,000.00 | 550,000.00 |
| 11. | ഇൻഫന്റ് ജീസസ് ചർച്ച്, എടക്കോം | 200,000.00 | |
| 12. | സെന്റ് ജൂഡ് ചർച്ച്, കരുണാപുരം | | 550,000.00 |
| 13. | ജോയ് ഇ. എം. ഇടത്തിനാൽ c/o സെന്റ് സെബാസ്റ്റ്യൻ ചർച്ച്, വെളിമാനം | | 50,000.00 |

| നം. | സംഭാവന നൽകിയവർ/സ്വീകരിച്ചവർ | തുക | തിരികെ കൊടുത്തത് |
|---|---|---|---|
| 14. | ശ്രീധരൻ സി. ആർ c/o സെന്റ് മേരീസ് ചർച്ച്, ശാന്തിനഗർ | | 50,000.00 |
| 15. | രമ്യ മോഹനൻ c/o സെന്റ് തോമസ് ചർച്ച്, മണിക്കടവ് | | 50,000.00 |
| 16. | ലക്ഷമിക്കുട്ടി c/o സെന്റ് സെബാസ്റ്റ്യൻ ചർച്ച്, മാനടുക്കം | | 330,000.00 |
| 17. | ജോൺ ജേക്കബ് c/o സെന്റ് സെബാസ്റ്റ്യൻ ചർച്ച്, മാനടുക്കം | | 330,000.00 |
| 18. | ശ്രീധരൻ ചാലിൽ c/o സെന്റ് മേരീസ് ചർച്ച്, ശാന്തിനഗർ | | 200,000.00 |

സ്നേഹപൂർവ്വം,

**ഫാ. തോമസ് തയ്യിൽ**

# RELIF FUNDS

| | | |
|---|---|---|
| Nelliyadukkom | - | 17000 |
| Kanjirakolly | - | 15000 |
| Santhinagar | - | 12000 |
| Sunday school Kozhichal | - | 5000 |
| Kottor Church | - | 5000 |
| Vincentgiri Sisters Kuttaparamba | - | 10000 |
| Fr. George Karott | - | 8000 |
| Fr. Kurikose Kolakunnel | - | 8000 |
| Fr. Mathew Sasthampadavil | - | 8000 |
| Fr. Joseph Vayalumkal | - | 8000 |

# PRIEST HOME CONSTRUCTION

Divine Mercy Church Payyavoor - 25000

# സെമിനാരി വാർത്തകൾ

## വിഷൻ & മിഷൻ 2018

ദൈവവിളി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ വിഷൻ & മിഷൻ എന്ന പ്രോഗ്രാം ഈ വർഷവും നമ്മുടെ അതിരൂപതയിലെ എല്ലാ ഫൊറോനകളിലും നടത്തുന്നതായിരിക്കും. നമ്മുടെ സൺഡേസ്കൂളുകളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും, (താല്പര്യമുള്ള 12-ാം ക്ലാസ്സുകാർക്കും) ക്രൈസ്തവജീവിത വിളികൾ പരിചയപ്പെടുത്തുവാനാണ് ഈ സെമിനാർ നടത്തുന്നത്. നല്ല ദൈവവിളികളെ കണ്ടെത്തുന്നതിനും, വിവിധ ജീവിതാന്തസ്സുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനുമുള്ള ഈ അവസരം താൽപര്യത്തോടെ വിനിയോഗിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

- നവംബർ 11,18 ഞായറാഴ്ചകളിലാണ് സെമിനാർ ക്രമീകരിച്ചിരിക്കുന്നത്
- രാവിലെ 9.30ന് വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകുന്നേരം 3.30ന് ക്ലാസ്സുകൾ അവസാനിക്കുന്നു.
- പൗരോഹിത്യം, സന്ന്യാസം, കുടുംബജീവിതം എന്നീ ക്രൈസ്തവ ജീവിതാന്തസ്സുകളാണ് പ്രതിപാദ്യ വിഷയങ്ങൾ
- സെമിനാർ വൈകുന്നേരംവരെ ഉള്ളതിനാൽ കുട്ടികൾ ഉച്ചഭക്ഷണം കരുതേണ്ടതാണ്.
- വലിയ ഫൊറോനകളെ രണ്ടു മേഖലകളായി തിരിച്ചായിരിക്കും സെമിനാർ നടത്തുന്നത്.

**നവംബർ 11ന് സെമിനാർ നടക്കുന്ന സെന്ററുകളും പങ്കുചേരേണ്ട ഇടവകകളുടെ പേരുകളും**

1. **ആലക്കോട് :** ആലക്കോട്, കുട്ടാപറമ്പ, ഒറ്റത്തൈ, നെല്ലിപ്പാറ, പരപ്പ, വിജയഗിരി.
2. **ഉദയഗിരി :** ഉദയഗിരി, അരിവിളഞ്ഞപൊയിൽ, മാമ്പൊയിൽ, ചീക്കാട്, ജയഗിരി, കാർത്തികപുരം, മണക്കടവ്.
3. **ചെമ്പന്തൊട്ടി :** ചെമ്പന്തൊട്ടി, ചേപ്പറമ്പ, കരയത്തുംചാൽ, കോട്ടൂർ, നെല്ലിക്കുന്ന്, ശ്രീകണ്ഠാപുരം, വെണ്ണക്കല്ല്, നെടുവാലൂർ.
4. **വിളക്കന്നൂർ :** വിളക്കന്നൂർ, ബാലേശുഗിരി, അമ്മംകുളം, മണ്ടളം, നടുവിൽ.

5. **മേരിഗിരി:** മേരിഗിരി, ചെറുപാറ, കോടോപ്പള്ളി, റയറോം, പെരിങ്ങാല, വിമലശ്ശേരി.

6. **പെരുമ്പടവ്:** പെരുമ്പടവ്, വെള്ളരിയാനം, കാര്യപ്പള്ളി, പച്ചാണി, എടക്കോം.

7. **തളിപ്പറമ്പ:** തളിപ്പറമ്പ, കണ്ണൂർ, മേലെചൊവ്വ, പരിയാരം, പയ്യന്നൂർ, പുഷ്പഗിരി, തലശ്ശേരി.

8. **കാഞ്ഞങ്ങാട്:** കാഞ്ഞങ്ങാട്, ചായ്യോത്ത്, ചീമേനി, എണ്ണപ്പാറ, കാലിച്ചാനടുക്കം, കാഞ്ഞിരടുക്കം, നീലേശ്വരം, നെല്ലിയടുക്കം, പടന്നക്കാട്, ഉദയപുരം.

9. **കാസർഗോഡ്:** കാസർഗോഡ്, മുള്ളേരിയ, ബദിയടുക്ക, ഹൊസങ്കടി.

10. **തോമാപുരം:** തോമാപുരം, ചട്ടമല, കടുമേനി, കമ്പല്ലൂർ, കുന്നുംകൈ, മണ്ഡപം, വരക്കാട്, ബെഡൂർ, അതിരുമാവ്, ആയന്നൂർ.

11. **പാലാവയൽ:** പാലാവയൽ, കാവുംതല, ചാവറഗിരി, തയ്യേനി, കണ്ണിവയൽ

12. **നെല്ലിക്കാംപൊയിൽ:** നെല്ലിക്കാംപൊയിൽ, അറബി, ഉളിക്കൽ, ഇരിട്ടി, മുണ്ടാനൂർ, കല്ലുവയൽ, പടിയൂർ, വിളമന, തേർമല.

13. **മണിക്കടവ്:** മണിക്കടവ്, മണിപ്പാറ, മാട്ടറ, കാലാങ്കി, കാഞ്ഞിരക്കൊല്ലി, ശാന്തിനഗർ, പുറവയൽ.

14. **വായാട്ടുപറമ്പ:** വായാട്ടുപറമ്പ, കരുണാപുരം, കരുവഞ്ചാൽ, തടിക്കടവ്.

15. **വെള്ളാട്:** വെള്ളാട്, അൽഫോൻസാഗിരി, പാത്തൻപാറ, മാവുംചാൽ, വിജയപുരം.

16. **വെള്ളരിക്കുണ്ട്:** വെള്ളരിക്കുണ്ട്, അട്ടേങ്ങാനം, ബളാൽ, ഭീമനടി, ബിരിക്കുളം, പരപ്പ, നാട്ടക്കല്ല്, അട്ടക്കണ്ടം, ആനമഞ്ഞൾ, കാലിച്ചാമരം.

17. **മാലോം:** മാലോം, കൊന്നക്കാട്, പുന്നക്കുന്ന്, ചുള്ളി, പുഞ്ച.

**നവംബർ 18ന് സെമിനാർ നടക്കുന്ന സെന്ററുകളും പങ്കുചേരേണ്ട ഇടവകകളുടെ പേരുകളും**

1. **ചെറുപുഴ:** ചെറുപുഴ, അരവഞ്ചാൽ, പാടിയോട്ടുചാൽ, ഉമ്മറപൊയിൽ, താബോർ, തിരുമേനി, മുളപ്ര.

2. **പുളിങ്ങോം:** പുളിങ്ങോം, കോഴിച്ചാൽ, രാജഗിരി, ജോസ്ഗിരി, ചൂരപ്പടവ്, കോലുവള്ളി.

3. **ചെമ്പേരി :** ചെമ്പേരി, അരീക്കമല, ലിസിഗിരി, നെല്ലിക്കുറ്റി, രത്നഗിരി, പൂപ്പറമ്പ.

4. **കുടിയാന്മല:** കുടിയാന്മല, പുലിക്കുരുമ്പ, പൊട്ടംപ്ലാവ്, ദീപഗിരി, പൊൻമല, കനകക്കുന്ന്.

5. **എടൂർ:** എടൂർ, എടപ്പുഴ, കരിക്കോട്ടക്കരി, ഉരുപ്പുംകുറ്റി, വട്ട്യറ.

6. **വെളിമാനം:** വെളിമാനം, മാങ്ങോട്, ചെടിക്കുളം, കീഴ്പ്പള്ളി.

7. **കുന്നോത്ത്:** കുന്നോത്ത്, കിളിയന്തറ, പേരട്ട, പെരിങ്കിരി, കച്ചേരിക്കടവ്, മാടത്തിൽ, എടക്കാനം, പാലത്തിൻകടവ്.

8. **അങ്ങാടിക്കടവ്:** അങ്ങാടിക്കടവ്, രണ്ടാംകടവ്, ചരൾ, മുടയരഞ്ഞി, വാണിയപ്പാറ, ആനപ്പന്തി.

9. **പൈസക്കരി:** പൈസക്കരി, ജോസ്മൗണ്ട്, മുത്താറിക്കുളം, വെമ്പുവ, ചുണ്ടപ്പറമ്പ, പയ്യാവൂർ.

10. **ചന്ദനയ്ക്കാംപാറ:** ചന്ദനയ്ക്കാംപാറ, ആടാംപാറ, പാടാംകവല, ഏറ്റുപാറ, ഷിമോഗനഗർ.

11. **പനത്തടി:** പനത്തടി, അടോട്ടുകയ, പടിമരുത്, പാണത്തൂർ, കള്ളാർ.

12. **പടുപ്പ്:** പടുപ്പ്, കൊട്ടോടി, മാനടുക്കം, കരിവേടകം.

13. **പേരാവൂർ:** പേരാവൂർ, പെരുമ്പുന്ന, കല്ലുമുതിരക്കുന്ന്, എടത്തൊട്ടി, ഓടൻതോട്, കോളയാട്, ആര്യപ്പറമ്പ, നിർമ്മലഗിരി, ചെട്ടിയാംപറമ്പ, വാഴമല, മട്ടന്നൂർ, മഞ്ഞളാംപുറം.

14. **കണിച്ചാർ:** കണിച്ചാർ, രാജമുടി, ചെങ്ങോം, പൂളക്കുറ്റി, നെടുംപുറംചാൽ.

## 2. Come & See Programme

വൈദികനാകാൻ താല്പര്യമുള്ള കുട്ടികളിലെ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും, അവർക്ക് നമ്മുടെ മൈനർ സെമിനാരി പരിചയപ്പെടുത്തുന്നതിനുമായി നമ്മുടെ ഇടവകകളിൽ 10,12 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ഡിസംബർ 29ന് രാവിലെ 10 മണിമുതൽ 30ന് ഉച്ചകഴിഞ്ഞ് 2.30 വരെ Come & See പ്രോഗ്രാം നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. വളരെ പ്രത്യേകമായി ഈ വർഷം നമ്മുടെ അതിരൂപതയിൽ ചേർന്ന് വൈദികനാകാൻ ആഗ്രഹിക്കുന്ന കുട്ടികളെ ഈ ക്യാമ്പിന് പറഞ്ഞുവിടുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

| | |
|---|---|
| **ഫാ. ജോസഫ് വയലുങ്കൽ** | **ഫാ. ജോർജ് കരോട്ട്** |
| വൊക്കേഷൻ പ്രൊമോട്ടർ | റെക്ടർ |

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. മതാധ്യാപകദിനം നവംബർ 4

വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 4-ാം തീയതി മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യുമല്ലോ. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 2. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ **നവംബർ 17ന്** പ്രസിദ്ധീകരിക്കുന്നതായിരിക്കും. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ വെബ്സൈറ്റിൽ നിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 3. ക്രിസ്മസ് പരീക്ഷ ഡിസംബർ 9

ക്രിസ്മസ് പരീക്ഷ ഡിസംബർ 9ന് ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |

| | | |
|---|---|---|
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

## 4. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റ് **നവംബർ 10ന്** മുമ്പ് നിർബന്ധമായും ഓഫീസിൽ എത്തിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഒക്ടോബർമാസത്തെ സർക്കുലർ കാണുക.

## 5. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

a. 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2018-2019 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. **നവംബർ 20നുള്ളിൽ** രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

b. ഓഫീസിൽ നിന്നു തരുന്ന ഡിപ്ലോമ രജി. ഫോമിൽ വെബ്സൈറ്റിലെ ഫൈനൽ കോപ്പിയുടെ ക്രമത്തിൽ കുട്ടികളുടെ പേരുവിവരങ്ങൾ എഴുതിയ ഫോമും വെബ്സൈറ്റിലെ ഫൈനൽകോപ്പിയുടെ പ്രിന്റും **ഡിസംബർ 30നകം** ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം തരുന്നതാണ്.

## 6. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2019 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 7. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 8. ARMY : XI - XII ക്ലാസുകളിലെ കുട്ടികൾക്കുള്ള ധ്യാനം

യുവജനവർഷത്തോടനുബന്ധിച്ച് 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം അതിരൂപത കെസിവൈഎം-എസ്എംവൈഎം ആണ് നടത്തുന്നത്. അഭിവന്ദ്യ മാർ ജോസഫ്പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരിക്കുന്ന കേരളത്തിലെ പ്രഗൽഭ റിസോഴ്സ് ടീമാണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്. വി. കുർബാന, ദിവ്യകാരുണ്യ ആരാധന, സെഷൻസ്, മ്യൂസിക് മിനിസ്ട്രി, മ്യൂസിക്കൽ സ്കിറ്റ് എന്നിവ ധ്യാനത്തിൽ ഉൾപ്പെട്ടിരിക്കും. 11, 12 ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ കുട്ടികളെ ധ്യാനത്തിന് കൊണ്ടുവരേണ്ടതാണ്.

## 9. രാജത്വത്തിരുനാൾ – നവംബർ 25

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 25-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 10. ആസ്പെക്ട്

2018-2019 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് '**സഭയും സുവിശേഷവൽക്കരണവും**' എന്ന പുസ്തകമാണ്.

## 11. ഏകദിന സെമിനാർ

അതിരൂപതയിലെ 16 ഫൊറോനകളിലും ഏകദിനസെമിനാർ വിജയകരമായി നടന്നു. സെമിനാറിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ ബഹു. ഫൊറോന വികാരിയച്ചന്മാർക്കും, കൊച്ചച്ചന്മാർക്കും ഫൊറോന

മതബോധനകമ്മിറ്റി അംഗങ്ങൾക്കും നന്ദി. കൂടാതെ ഏകദിന സെമിനാറിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും ഹൃദയപൂർവ്വം നന്ദി.

### ഒക്ടോബർ മാസത്തിൽ നടന്ന സെമിനാറുകൾ

**a. പേരാവൂർ:** ഒക്ടോബർ 02 ചൊവ്വാഴ്ച്ച പേരാവൂർ ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ ഫൊറോന വികാരി വെരി. റവ. ഫാ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം ചെയ്തു. തേവര സേക്രട്ട് ഹാർട്ട് കോളേജ് പ്രൊഫ. റവ. ഫാ. സാബു കുമ്പുക്കൽ "മാറുന്ന കാലത്തെ വിശ്വാസപരിശീലനം" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. ഫൊറോന പ്രസിഡന്റ് ശ്രീ. ജോൺസൺ പൊട്ടയ്ക്കൽ സ്വാഗതവും സെക്രട്ടറി ശ്രീ. ജോർജ് അമ്പാട്ട് നന്ദിയും പറഞ്ഞു. സെമിനാറിൽ 213 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**b. കുന്നോത്ത്:** ഒക്ടോബർ 13 ശനിയാഴ്ച്ച കുന്നോത്ത് ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ ഫൊറോന അസി.വികാരി റവ. ഫാ. ജോസഫ് വയലിൽകോടത്ത് ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ശ്രീ. കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ സ്വാഗതവും സെക്രട്ടറി ശ്രീ. ബിന്നി കൂട്ടുമല നന്ദിയും പറഞ്ഞു. "മാറുന്ന കാലത്തെ വിശ്വാസപരിശീലനം" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടർ ക്ലാസെടുത്തു. സെമിനാറിൽ 110 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

### 12. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2018-2019 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 13. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechism thalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യ

പേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 14. റിസോഴ്സ് ടീം ട്രെയിനിംഗ്

**ഇരിട്ടിയിൽ** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 16 വിശ്വാസപരിശീലകർ പങ്കെടുത്തു. റവ. സി. പുഷ്പ സി.എം.സി ക്ലാസുകൾക്ക് നേതൃത്വം നല്കി. **ചെമ്പേരിയിൽ** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 14 വിശ്വാസപരിശീലകർ പങ്കെടുത്തു. റവ. സി. പുഷ്പ സി.എം.സി ക്ലാസുകൾക്ക് നേതൃത്വം നല്കി. **ആലക്കോട്** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 14 വിശ്വാസപരിശീലകർ പങ്കെടുത്തു. റവ. സി. പുഷ്പ സി.എം.സി ക്ലാസുകൾക്ക് നേതൃത്വം നല്കി. **വെള്ളരിക്കുണ്ട്** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 8 വിശ്വാസപരിശീലകർ പങ്കെടുത്തു. ശ്രീ. സക്കറിയാസ് തേക്കുംകാട്ടിൽ ക്ലാസുകൾക്ക് നേതൃത്വം നല്കി. ക്ലാസുകൾക്ക് സൗകര്യങ്ങൾ ഒരുക്കിത്തന്ന റവ. ഫാ. ജോസ് മഞ്ചപ്പിള്ളി, വെരി. റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, വെരി. റവ. ഫാ. ആന്റണി ആനക്കല്ലിൽ, വെരി. റവ. ഫാ. ആന്റണി തെക്കെമുറിയിൽ എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

## 15. പുസ്തകപരിചയ സെമിനാർ

9 മുതൽ 12വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് നടത്തിയ പുസ്തകപരിശീലന സെമിനാറിൽ 13 ഫൊറോനകളിലെ വിശ്വാസപരിശീലകർ പങ്കെടുത്തു.

## ഫൊറോനാതല ക്ലാസുകൾക്ക് നേതൃത്വം നല്കിയവർ

ബിജു കച്ചിറയിൽ, ജോസ് അള്ളുംപുറത്ത്, ടോമി എടാട്ടേൽ, അനിൽ പൈങ്ങോട്ട്, ജോയി വാഴയിൽ, അനിത വടക്കൻ, ജോയി മണ്ണംപ്ലാക്കൽ, സാലി മുണ്ടാംപള്ളിൽ, സോജൻ ഇരുപ്പക്കാട്ട്, മാത്യു തെള്ളിയിൽ, ബിൻസി മുറിഞ്ഞക്കല്ലേൽ, ഡയാന കദളിക്കുന്നേൽ, സജിനി കറ്റോട്ട്, ജോസ് മണലേൽ, ടോമി ചൂരപ്പുഴ, സുനിൽ വല്ലനാട്ട്, മോളി വട്ടപ്പാറ, സി. ടീന എസ്.എ.ബി.എസ്, സി. ദീപ്തി എം.എസ്.എം.ഐ, മാത്യു വേടാശ്ശേരി, റോബിൻ കുളങ്ങരമുറിയിൽ, ഷാജൻ കാവുങ്കൽ, സി. ജോസ്ന സി.എം.സി, സി. റോസ്ന എസ്.എ.ബി.എസ്, പ്രസാദ് ഇലവുങ്കൽചാലിൽ, ആന്റണി ചക്കിട്ടമുറിയിൽ, സിബിച്ചൻ പള്ളിച്ചിറ, ജിജി അരിയമണ്ണിൽ, സി. വിനീത

എസ്.എച്ച്, വിൻസെന്റ് മുണ്ടാട്ട്ചുണ്ടയിൽ, ജോസ് മൂക്കനോലിക്കൽ, സി. ജെയ്നി ജോർജ് എസ്.എച്ച്, സി. ലിൻസി എസ്.എച്ച്, ജോണി വടക്കേക്കര, സി. ആനി ജോർജ് എസ്. എച്ച്, സിബി ഇലവുങ്കൽ, ബാബു പതിപ്പള്ളിൽ, ജോസ് വീണപ്ലാക്കൽ, ടോമി പാണ്ടനാട്ട്, സിബി പഴുവൻകാല, സിസി പുതുക്കരി.

## 16. നവംബർ മാസത്തെ പുസ്തകപരിചയ സെമിനാർ: 9 മുതൽ 12 വരെ ക്ലാസുകൾ

9 മുതൽ 12 വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസ പരിശീലകർക്കുള്ള പുസ്തകപരിചയ സെമിനാർ നവംബർ മാസത്തിൽ നടത്തുകയാണ്. എല്ലാവരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കണം. **സെമിനാറിൽ പങ്കെടുക്കുന്നവർ പാഠപുസ്തകത്തിലെ ഏതെങ്കിലുമൊരു അദ്ധ്യായം ക്ലാസെടുക്കുവാൻ ഒരുങ്ങിവരേണ്ടതാണ്.** വരുമ്പോൾ ടെക്സ്റ്റ് ബുക്ക്, നോട്ട്ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്.

| ഫൊറോന | തീയതി | സ്ഥലം | സമയം |
|---|---|---|---|
| ചെറുപുഴ | നവംബർ 04 | ചെറുപുഴ | 2-5 pm |
| തോമാപുരം | നവംബർ 04 | തോമാപുരം | 2-5 pm |
| വെള്ളരിക്കുണ്ട് | നവംബർ 04 | വെള്ളരിക്കുണ്ട് | 2-5 pm |

## 17. ദിയാകോണിയ കർമ്മ പദ്ധതി

നവംബർ മാസത്തിൽ **ലഹരിവിരുദ്ധസമൂഹം** എന്ന ലക്ഷ്യം മുൻനിർത്തി ലഹരിവിരുദ്ധപ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നല്കുകയാണ്. സൺഡേസ്കൂൾ കുട്ടികൾ ചെയ്യേണ്ട കർമ്മപദ്ധതികൾ:

1. ലഹരിവിരുദ്ധ റാലിയും പ്രതിജ്ഞയും നടത്തുക.
2. ലഹരിവിരുദ്ധ ചിത്രരചന, കാർട്ടൂൺ, പ്ലക്കാർഡ് നിർമ്മാണ മത്സരങ്ങൾ സംഘടിപ്പിക്കുക.

## 18. സീറോമലബാർ പ്രതിഭാസംഗമം 2018-19

2011-2012 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന മൂന്ന് ആൺകുട്ടികൾക്കും മൂന്ന് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുത്തുവരുന്നു.

### ഫൊറോനാതല ക്യാമ്പ്

ഫൊറോനാതല ക്യാമ്പ് **നവംബർ 06 (ചൊവ്വാഴ്ച്ച)** ഫൊറോനകളിൽ വച്ച് നടത്തുന്നു. ഓരോ ഇടവകയും 12-ാം ക്ലാസിലെ രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും ക്യാമ്പിലേക്ക് അയക്കുക. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകകളിൽ നിന്നും 3 ആൺകുട്ടികളെയും**

**3 പെൺകുട്ടികളെയും ക്യാമ്പിനയക്കാവുന്നതാണ്.** ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുകയില്ല.

**അതിരൂപതാതല ക്യാമ്പ്**

ഫൊറോനാതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാ ക്യാമ്പ് **നവംബർ 10,11 തീയതികളിലായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ** വച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ഞായറാഴ്ച്ച 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടു വരേണ്ടതാണ്. ക്യാമ്പിനായി തിരഞ്ഞെടുത്ത കുട്ടികളെ തീയതിയും മറ്റു വിവരങ്ങളും മുൻകൂട്ടി അറിയിക്കുമല്ലോ. ഫൊറോനാ പ്രസിഡന്റ് പ്രസ്തുത കുട്ടികളുടെ പേരുകളും ഇടവകയും ഫോൺ നമ്പറും ഓഫീസിലേക്ക് നവംബർ 7 നകം അയച്ചുതരേണ്ടതാണ്.

## 19. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫഗംങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 20. വിഷൻ & മിഷൻ

ദൈവവിളി പ്രോത്സാഹനാർത്ഥം പത്താം ക്ലാസ്സിലെ കുട്ടികൾ ക്കായി അതിരൂപതാ വൊക്കേഷൻ ബ്യൂറോ നവംബർ 11,18 തീയതികളിലായി നടത്തുന്ന വിഷൻ & മിഷൻ ക്ലാസ്സുകളിൽ 10-ാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും പറഞ്ഞയക്കേണ്ടതാണ്. ക്ലാസ് ടീച്ചറും കുട്ടികളോടൊപ്പം പോകേണ്ടതും മുഴുവൻ സമയവും കുട്ടികളോടൊപ്പം ആയിരുന്ന് അവരെ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ബഹു. ഹെഡ്മാസ്റ്റർമാർ ക്ലാസ്സ് ടീച്ചേഴ്സിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുമല്ലോ.

## 21. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ

അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

## 22. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ കുട്ടാപറമ്പ്, പുറവയൽ, തേർമല, തയ്യേനി എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ രണ്ടാംകടവ്, മാട്ടറ, തലശ്ശേരി, ബളാൽ എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958


**വി. ആഗസ്തീനോസിന്റെ ഏറ്റുപറച്ചിലുകൾ**

വിവർത്തനം : ഫാ. മാത്യു പനച്ചിപുറം
പ്രസാധകർ : ആത്മബുക്സ്, കോഴിക്കോട്
കോപ്പികൾക്ക് : പാവനാത്മ പബ്ലിഷേഴ്സ്
പറയംഞ്ചേരി
കോഴിക്കോട് 673 016
Mob: 9746 077 500

# ബൈബിൾ അപ്പൊസ്തോലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ് - 2018

ലോഗോസ് ക്വിസ് 2018 വിജയകരമാക്കുവാൻ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അതിരൂപതാതലത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ! ഓരോ ഇടവകയിലും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയ മതാദ്ധ്യാപകർക്ക് പ്രത്യേകം നന്ദി പറയുന്നു.

ഓരോ വിഭാഗത്തിലും സമ്മാനാർഹരായ 3 പേർ വീതം അതിരൂപതയെ പ്രതിനിധീകരിച്ച് കോഴിക്കോട് വച്ച് നടക്കുന്ന സെമി ഫൈനലിൽ പങ്കെടുക്കുന്നതാണ്. നവം.11 ന് 2 മണിക്ക് പരീക്ഷ ആരംഭിക്കും. പങ്കെടുക്കാൻ അർഹരായവർ തങ്ങളുടെ ജനനസർട്ടിഫിക്കറ്റ് (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്), ഇപ്പോഴത്തെ അഡ്രസ്സും ഫോൺ നമ്പറും ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയുമുൾപ്പെടെ നവം. 1 വ്യാഴാഴ്ചയ്ക്ക് മുൻപേ ബൈബിൾ അപ്പൊസ്റ്റലേറ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## ലോഗോസ് ക്വിസ് 2018 - ഗ്രൂപ്പ് വിജയികൾ

### A Group

| Name | Parish | Mark | Rank |
|---|---|---|---|
| George Judit Perumattikkunnel | Pariyaram | 99 | 1 |
| Alphonsa Muttathukunnel | Arivilanjapoil | 96 | 2 |
| Joshua Joshi Pathrapangal | Thirumeni | 95 | 3 |
| Alphonsa Kachirayil | Mampoil | 94 | 4 |
| Ann Mary Chempananickal | Ulickal | 94 | 4 |
| Joswin Poovannikunnel | Vayattuparamba | 93 | 5 |
| Alex Parapalli | Thadikkadave | 92 | 6 |
| Anna Joy Panackal | Peravoor | 88 | 7 |
| Alphonsa Mamoottilachiramattil | Pachani | 87 | 8 |
| Ben Joseph Ellimoottil | Chettiyamparamba | 87 | 8 |

## B Group

| Name | Parish | Mark | Rank |
|---|---|---|---|
| Mariya Anakkallinkal | Padiyottuchal | 91 | 1 |
| Rose Thottathil | Randamkadavu | 89 | 2 |
| Theres Moozhiyil | Mampoil | 88 | 3 |
| Alen Thomas Pallattu | Thomapuram | 87 | 4 |
| Annmary Parekkattil | Thirumeni | 86 | 5 |
| Elizabeth Mankunnel | Chattamala | 86 | 5 |
| Merina George | Thomapuram | 86 | 5 |
| Joseph, Nadakal | Panathady | 85 | 6 |
| Treesa Chittadiyil | Palavayal | 85 | 6 |
| Mary Mambuzhackal | Rajagiri | 85 | 6 |

## C Group

| Name | Parish | Mark | Rank |
|---|---|---|---|
| Anupama Palakkuzhiyil | Peravoor | 92 | 1 |
| Ancitta Jose Ettakkachalil | Kunnoth | 91 | 2 |
| Arsha Benny Parakottiyel | Kasargod | 90 | 3 |
| Binimol Joseph Edathinakath | Adottukkayam | 89 | 4 |
| John Kalambukattu | Kannivayal | 89 | 4 |
| Sr. Joice Maliyeakel CHF | Thirumeni | 87 | 5 |
| Merlin Parekkudiyil | Palavayal | 87 | 5 |
| Rosemary Vadakkedath | Karikkottakkari | 86 | 6 |
| Elizabeth Ikkarakanayil | Kasargod | 86 | 6 |
| Roslin Maniangattu | Cherupara | 86 | 6 |

## D Group

| Name | Parish | Mark | Rank |
|---|---|---|---|
| Molly Karakkadayil | Jayagiri | 100 | 1 |
| Siji Mylackal | Pulingome | 99 | 2 |
| Lizy Parathanath | Chemperi | 96 | 3 |
| Shiji Kunnel | Thomapuram | 94 | 4 |
| Sr. Bini DST | Nedumpuramchal | 93 | 5 |
| Jesna Kuzhimullil | Pulikkurumba | 92 | 6 |
| Sr. Deepthi MLF | Chattamala | 92 | 6 |
| Sindhu John | Kottoorvayal | 91 | 7 |
| Jessy Raju Kunnath | Chempanthotty | 91 | 7 |
| Reji Kandavanathil | Rajagiri | 91 | 7 |
| Sali Joseph Paimballikkunnel | Angadikkadave | 91 | 7 |
| Shija Poovannikunnel | Punnakkunnu | 91 | 7 |

## E Group

| Name | Parish | Mark | Rank |
|---|---|---|---|
| Lovely Allumparambil | Alakode | 94 | 1 |
| Anna E.M. Edappattu | Melechovva | 93 | 2 |
| Beena Kizhakkeyil | Peravoor | 92 | 3 |
| Rosamma Anjanickal | Nirmalagiri | 91 | 4 |
| Presenna Thazhathuveettil | Chettiyamparamba | 91 | 4 |
| Alice Manjakunnel | Keezhpally | 90 | 5 |
| Elizabeth Manakel | Santhigiri - Kallar | 90 | 5 |
| Gracy K.K Kurumthottathil | Kanichar | 90 | 5 |
| Jancy Dominic Vettikattu | Kacherikkadave | 90 | 5 |
| Sr. Victoria SABS | Mattannur | 90 | 5 |

## F Group

| Name | Parish | Mark | Rank |
|---|---|---|---|
| Dr. John Thomas | Malome | 95 | 1 |
| Xavier Mukalekkalayil | Thermala | 89 | 2 |
| Sr. Maria Kalappura FCC | Pariyaram | 88 | 3 |
| Sr. Clare FCC | Melechovva | 87 | 4 |
| Aleyamma Kumbuluvayalil | Deepagiri | 86 | 5 |
| Thomas Mullanal | Palathinkadave | 85 | 6 |
| Sr. Mary Jose | Thokkilangadi | 85 | 6 |
| Francis Manjakkunnel | Palavayal | 85 | 6 |
| N.M Joseph Njallath | Chempanthotty | 84 | 7 |
| Katherin Panthukulam | Thayyeni | 84 | 7 |
| Thressiamma Jose Vettikkal | Thomapuram | 84 | 7 |

## ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുടുംബങ്ങൾ

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| ബേബി ആനക്കല്ലിൽ | പാടിയോട്ടുചാൽ | 263 | 1 |
| ജോജോ മാത്യു പാറേക്കാട്ടിൽ | തിരുമേനി | 255 | 2 |
| ജോഷി പത്രപാങ്കൽ | തിരുമേനി | 244 | 3 |
| തോമസ് മാമൂട്ടിലാചിറമാട്ടിൽ | പച്ചാണി | 242 | 4 |
| സാബു പൂവത്തിങ്കൽതാഴത്തേൽ | കൊളക്കാട് | 226 | 5 |
| ജേക്കബ് ഒറ്റത്തെങ്ങുങ്കൽ | എടപ്പുഴ | 217 | 6 |
| ജോർജ്ജ് കൊതക്കുളത്ത് | പടുപ്പ് | 212 | 7 |
| ജോർജ്ജ് മുല്ലമംഗലത്ത് | ശാന്തിഗിരി-കള്ളാർ | 206 | 8 |
| ആന്റണി പള്ളിച്ചിറ | പൈസക്കരി | 205 | 9 |
| മനോജ് കണ്ടത്തിൽ | കരിക്കോട്ടക്കരി | 204 | 10 |
| ജോസഫ് കലയത്തിനാക്കുഴി | കരിക്കോട്ടക്കരി | 204 | 10 |
| മാത്യു ഈറ്റപ്പൻപറമ്പിൽ | പൈസക്കരി | 204 | 10 |

## ഏറ്റവും കൂടുതൽ ആളുകൾ രജിസ്റ്റർ ചെയ്ത ഇടവകകൾ

| ക്രമ നമ്പർ | ഇടവക | എണ്ണം |
|---|---|---|
| 1 | പാലാവയൽ | 1371 |
| 2 | ചെമ്പേരി | 735 |
| 3 | തോമാപുരം | 719 |

## 3. ല്യൂമെൻ എക്ലേസിയ പരീക്ഷാക്രമം

| വിഷയം | തിയ്യതി | സമയം |
|---|---|---|
| ഇതരമത ദൈവശാസ്ത്രം | 04.11.2018 | 2.30 – 4.30 |
| വിജ്ഞാനഗ്രന്ഥങ്ങൾ | 18.11.2018 | 2.30 – 4.30 |

## 4. ബിരുദ ബിരുദാനന്തര സെമസ്റ്റർ പരീക്ഷാക്രമം

| വിഷയം | തിയ്യതി | സമയം |
|---|---|---|
| ഇതരമത ദൈവശാസ്ത്രം | 03.11.2018 | 10.00 am – 12.00 am |
| ജീവന്റെ ദൈവശാസ്ത്രം | 03.11.2018 | 2.00 pm – 4.00 pm |
| വിജ്ഞാന ഗ്രന്ഥങ്ങൾ | 17.11.2018 | 10.00 am – 12.00 am |
| വെളിപാടു പുസ്തകം | 17.11.2018 | 2.00 pm – 4.00 pm |

സെമസ്റ്റർ പരീക്ഷകൾ അങ്കമാലി, പാല, തിരുവനന്തപുരം, വിജയവാഡ എന്നീ സെന്ററുകളിൽവച്ചായിരിക്കും നടത്തപ്പെടുക.

## 5. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| തിയ്യതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| 06.11.2018 | ബഥനി കോൺവെന്റ് ബത്തേരി | 9.30–4.30 | സഭയുടെ സാമൂഹ്യശാസ്ത്രം<br>രക്ഷാചരിത്രം: എസ്രാ നെഹെമിയാ<br>തത്വചിന്തയും ദൈവശാസ്ത്രവും<br>യുഗാന്ത്യദൈവശാസ്ത്രം |
| 06.11.2018 | കാർമ്മലന്റ് പ്രൊവിൻഷ്യൽ ഹൗസ് - പാല | 9.30–4.30 | മരിയവിജ്ഞാനീയം<br>ഗ്രീക്ക്<br>യോഹന്നാന്റെ സുവിശേഷം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |
| 25.11.2018 | ജഗദൽപൂർ | 9.30–4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവ ശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം<br>തത്വചിന്തയും ദൈവശാസ്ത്രവും |

**പുതിയ തിയോളജി സെന്ററുകൾ**

1. കോട്ടയം — DSHJ കോൺവെന്റ് പുല്ലരിക്കുന്ന്
2. കോഴിക്കോട് — MSMI ജനറലേറ്റ് കുളത്തുവയൽ

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റർ, കുഞ്ഞുമിഷനറിമാരെ,

പൊരുൾതേടി അലയുന്നവർക്ക് ബോധിവൃക്ഷം നൽകുന്ന ജ്ഞാനം വർണ്ണനാതീതമാണ്. ഉഷ്ണത്തിന്റെ പിടിയിലമർന്ന് കുഴയുന്നവർക്ക് കുളിർകാറ്റ് ആശ്വാസമാണ്. വേദനയുടെ കൂരമ്പേറ്റ് പിടയുന്നവർക്ക് സാന്ത്വനവാക്ക് പുത്തൻപ്രതീക്ഷകൾ സമ്മാനിക്കും. അതെ നമ്മുടെ സ്വപ്നങ്ങൾക്ക് നിറംപകരാൻ പുത്തൻ പ്രതീക്ഷ നൽകാൻ മിശിഹായുടെ രാജത്വതിരുനാൾ സമാഗതമായിരിക്കുന്നു. ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കാം.... രാജത്വത്തിരുനാളിന്റെ മംഗളങ്ങൾ... പ്രാർത്ഥനകൾ...

| | | |
|---|---|---|
| **അനുസ്മരിക്കുന്ന തിരുനാൾ:** | | മിശിഹായുടെ രാജത്വതിരുനാൾ |
| **,, വിശുദ്ധൻ** | : | വി. അന്ത്രയോസ് |
| **പ്രാർത്ഥനാനിയോഗം** | : | ശുദ്ധീകരണാത്മാക്കൾക്ക് |
| **സുകൃതജപം** | : | രക്ഷകനായ ഈശോയെ ശുദ്ധീകരണാത്മാക്കളുടെമേൽ കരുണയായിരിക്കണമേ. |
| **വചനഭേരി** | : | പ്രഭാഷകൻ 22-25 അധ്യായങ്ങൾ മനഃപാഠമാക്കുക |
| **സുകൃതം** | : | 71 വിശ്വാസപ്രമാണം |
| ***ദിയാക്കോണിയ*** | : | ലഹരിവിരുദ്ധാചരണം |

## ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : സകലവിശുദ്ധരുടെയും തിരുനാൾ
4 ഞായർ : മതാധ്യാപകദിനം
20 ബുധൻ : അതിരൂപതാ കൗൺസിൽ വാർഷികം
25 ഞായർ : രാജത്വതിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, സെമിനാർ, എം.ടി.സി. സഹവാസക്യാമ്പ്, ലഹരിവിരുദ്ധപ്രവർത്തനങ്ങൾ

## അതിരൂപതാ കൗൺസിൽ വാർഷികം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത കൗൺസിലും വാർഷികവും നവംബർ 20-ാം തീയതി ചൊവ്വാഴ്ച പാലാവയൽ പള്ളിയിൽ വച്ച് നടത്തുന്നു. കഴിഞ്ഞ പ്രവർത്തനവർഷം അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള

ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും കൗൺസിൽ-വാർഷിക സമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. ഈ ആഘോഷപരിപാടിക ളിൽ മുഴുവൻ ശാഖാ-മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 1 കുട്ടിക്ക് 50 രൂപ വീതം കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ.കൂടുതൽ വിവരങ്ങൾ കത്തി ലൂടെയും ഫോൺ വിളിച്ചും അറിയിക്കുന്നതായിരിക്കും.

### പ്രോഗ്രാം

9.00 ന് രജിസ്ട്രേഷൻ, 9.15ന് വി. കുർബാന, 10.00 കാപ്പി, പതാക ഉ യർത്തൽ, 10.15ന് പ്രാർത്ഥന, 10.20 ന് രംഗപൂജ, കൗൺസിൽ ഉദ്ഘാടനം- സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, കണക്ക് റിപ്പോർട്ട് അവതര ണം. കലാപരിപാടികൾ, ഉച്ചകഴിഞ്ഞ് 1.30 ന് പ്രേഷിതറാലി, 2.30 രംഗപൂജ, വാർഷിക ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്, ആദരിക്കൽ, ബെസ്റ്റ് ശാഖ, മേഖല അവാർഡ് ദാനം, സമ്മാനദാനം 4.00 ന് നന്ദി.

## രാജത്വതിരുനാൾ

നവംബർ 25-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആച രിക്കുമല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരി ക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിശ്വാ സപ്രഘോഷണറാലിയും പൊതുസമ്മേളനവും കലാപരിപാടികളും മറ്റും സംഘടിപ്പിച്ച് ഈ ദിനം അതിന്റെ പ്രാധാന്യത്തോടെ ആഘോഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. അതിരൂപതാതലത്തിൽ പൈസക്കരി മേഖല യിലെ ഏറ്റുപാറ വച്ച് രാജത്വതിരുനാൾ ആചരിക്കും.

## പരിസ്ഥിതി ജീവന്റെ മൂല്യം ആൽബം

പരിസ്ഥിതി-ജീവന്റെ മൂല്യം എന്ന വിഷയത്തെ ആസ്പദമാക്കി ശാഖ കളിൽനിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാംസ്ഥാനം ലഭി ക്കുന്ന ആൽബം ഈ മാസം 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തി ക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം കാണുക).

## ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം

5- ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക്ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ C.D ഈ മാസം 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടു തൽ വിവരങ്ങൾക്ക് ഓഗസ്റ്റ്, ഒക്ടോബർ മാസത്തെ ഗിരിദീപം കാണു ക)സാധിക്കുന്നത്ര ചിലവുകുറച്ച് എന്നാൽ ആശയസമ്പുഷ്ടമായി അവത രിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ അതിന്റെ CD ഈ മാസം

30ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. സാധിക്കുന്നത്ര ചില വുകുറഞ്ഞരീതിയിൽ പ്രവർത്തനങ്ങൾ ചെയ്യുവാൻ ശാഖകൾ ശ്രദ്ധിക്കുമ ല്ലോ. (കൂടുതൽ വിവരങ്ങൾക്ക് ഓഗസ്റ്റ് മാസത്തെ ഗിരിദീപം കാണുക)

## ഉപന്യാസമത്സരം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗ ങ്ങൾക്കായി നടത്തുന്ന ഉപന്യാസമത്സരം ഓഫീസിൽ ലഭിക്കേണ്ട അവ സാനതീയതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവ രങ്ങൾക്ക് ഒക്ടോബർ മാസത്തെ ഗിരിദീപം കാണുക). വിഷയം : 'കുഞ്ഞു മിഷനറിമാർ പ്രേഷിതയുവത്വത്തിലേക്ക്'

## ഉണർവ്വ് : എം.ടി.സി. ക്യാമ്പ്

ഈ വർഷത്തെ ഉണർവ്വ് എം.ടി.സി. ക്യാമ്പ് ഡിസംബർ 28, 29 തീയ തികളിൽ നടത്തുന്നതായിരിക്കും. സ്ഥലവും സമയവും പിന്നീട് അറിയി ക്കുന്നതായിരിക്കും. 2016-17, 2017-18 വർഷങ്ങളിൽ അതിരൂപതാതലത്തിൽ സാംഗ്ലീ, വിജയവാഡ എന്നീ സ്ഥലങ്ങളിൽ എം.ടി.സി. ക്യമ്പിനായി പോയ കുട്ടികളാണ് പങ്കെടുക്കേണ്ടത്. ബഹു. വൈസ് ഡയറക്ടർമാർ കുട്ടികളെ ഇക്കാര്യം ഓർമ്മിപ്പിക്കുമല്ലോ. 9496900845, 8281255847 എന്നീ നമ്പറുകളിൽ കുട്ടികളോട് ഒന്ന് ഫോൺ വിളിക്കാൻ പറയുമല്ലോ.

## അൾത്താര നക്ഷത്രം

അൾത്താരബാലൻമാരുടെ ഒരു സെമിനാർ ക്രിസ്മസ് അവധിക്കാലത്ത് റീജിയണൽ തലത്തിൽ നടത്തുന്നതാണ്. അതിരൂപതയുടെ 4 സ്ഥലങ്ങളി ലായി വച്ചു നടത്തുന്ന ഈ സെമിനാറിന്റെ സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. അതിരൂപതാ വൊക്കേഷൻ ബ്യൂറോയുടെയും ചെറുപുഷ്പ മിഷൻലീഗിന്റെയും നേതൃത്വത്തിലായിരിക്കും സെമിനാർ നട ത്തപ്പെടുന്നത്.

## മിഷൻ പച്ചക്കറിതോട്ടം

അതിരൂപതയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മിഷൻപച്ചക്കറി തോട്ടങ്ങ ളുടെ പ്രാഥമിക വിലയിരുത്തലിനായി അതിരൂപതാ എക്സിക്യൂട്ടീവ് പ്രതി നിധികൾ ഉടൻ വരുന്നതായിരിക്കും എന്ന് ഓർമ്മിപ്പിക്കുന്നു. അതാത് ശാഖ കൾ ഫോട്ടോയും ആദ്യറിപ്പോർട്ടും നവംബർ 10ന് മുമ്പ് അതിരൂപതാ ഓഫീ സിലേക്ക് അയച്ച് തരുമല്ലോ. സന്ദർശനത്തിന് വരുന്നതിനുമുമ്പ് ശാഖാ ഭാരവാഹികളെ അറിയിക്കുന്നതായിരിക്കും.

## ടീം ക്വിസ്

ഈ വർഷത്തെ ടീം ക്വിസ് 2019 ജനുവരി 26-ാം തീയതി ആണെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു. പഠനഭാഗം : പ്രഭാഷകൻ 50% സഭ 30% സംഘടന 20%

## മിഷൻപിരിവ്

ഈ വർഷത്തെ മിഷൻപിരിവിന്റെ 2% ദയവായി എത്രയും വേഗം ഓഫീസിൽ എത്തിക്കാൻ ബഹു. ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂടാതെ മിഷൻ കലണ്ടറിന്റെ തുക, വാർഷിക വിഹിതം, അംഗത്വ ഫീസ്, എന്നിവ ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ:

1. ലഹരിവിരുദ്ധ ചിത്രരചന, കാർട്ടൂൺ, പ്ലാക്കാർഡ് നിർമ്മാണ മത്സരങ്ങൾ സംഘടിപ്പിക്കുക.
2. ലഹരിവിരുദ്ധ റാലിയും പ്രതിജ്ഞയും ഇടവകാതലത്തിൽ നടത്തുക.

## നവംബർ: ശാഖാസന്ദർശനങ്ങൾ

അതിരൂപതാ, ഓർഗനൈസിംഗ് ടീം അംഗങ്ങൾ നവംബർ മാസം മേരിഗിരി (നവംബർ-4), ചെറുപുഴ (നവംബർ-11), തോമാപുരം (നവംബർ-18), വെള്ളരിക്കുണ്ട് (നവംബർ-25) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. വികാരിയച്ചനെയും സൺഡേസ്കൂൾ ഹെഡ്മാസ്റ്ററെയും സന്ദർശനത്തിനുവരുന്ന കാര്യം വൈസ്ഡയറക്ടർ സിസ്റ്റർ പ്രത്യേകം ഓർമ്മിപ്പിക്കണേ. നിശ്ചിത ദിവസം ഇടവകയിൽ വിസിറ്റ് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അത് വിളിച്ചറിയിക്കുമല്ലോ.

## മിഷൻ ഞായർ-അതിരൂപതാതല ആഘോഷം

മിഷൻഞായർ അതിരൂപതാതല ആഘോഷം ഒക്ടോബർ 28 ഞായറാഴ്ച ബളാൽ ശാഖയിൽവച്ച് നടന്നു. ദിവ്യബലിയ്ക്കുശേഷം ജൂണിയർ പ്രസിഡന്റ് സെബാസ്റ്റ്യൻ വട്ടമലയിൽ പതാക ഉയർത്തി. അതിരൂപതാപ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ശ്രീ അബ്രാഹം കല്ലുകുളങ്ങര, ശ്രീ സക്കറിയാസ് തേക്കുംകാട്ടിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് കുട്ടികളുടെ വ്യത്യസ്തങ്ങളായ കലാപരിപാടികൾ സമ്മേളനത്തെ ആകർഷകമാക്കി. ചെമ്മഞ്ഞക്കൊടികളും കൈകളിലേന്തി മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ട് പ്രേഷിത തീക്ഷ്ണതയോടെ കുട്ടികൾ നടത്തിയ വിശ്വാസപ്രഘോഷണ റാലിയിൽ ശാഖയിലെ മുഴുവൻ കുട്ടികളും പങ്കെടുത്തു. ശാഖാ ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി സ്വാഗതവും ഷൈനി പുത്തൻപറമ്പിൽ നന്ദിയും പറഞ്ഞു. ഹൃദ്യമായി പ്രോഗ്രാമുകൾ ക്രമീകരിച്ച ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരിക്കും വൈസ് ഡയറക്ടർ സി. റോസിനും ശാഖാ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വനവീകരണവും

വി. കൊച്ചുത്രേസ്യായുടെ തിരുനാളും അംഗത്വനവീകരണവും അതിരൂപതാതലത്തിൽ സെപ്റ്റംബർ 30 ഞായറാഴ്ച രാജമുടി ശാഖയിൽ വച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേലിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം ശാഖാഡയറക്ടർ ഫാ. അനിഷ് കുളത്തറയുടെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം അതിരൂപതാഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഐബിൻ മഴുവഞ്ചേരിയിൽ, ജിസ്മരിയ മുണ്ടക്കൽ, ഹെഡ്മാസ്റ്റർ മോളി കല്ലടിയിൽ, സാന്ദ്ര വലിയ വീട്ടിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ ഈ ദിനത്തെ ആകർഷകമാക്കി. അതോടൊപ്പം കുട്ടികളുടെ വിശ്വാസ പ്രഘോഷണറാലിയും നടന്നു.

## ആംഗ്യഭാഷാ ദിനാചരണം

ചെറുപുഷ്പമിഷൻലീഗിന്റെയും ആംഗ്യഭാ, ആത്മീയശുശ്രൂഷയുടെയും (ADAM) നേതൃത്വത്തിൽ അന്താരാഷ്ട്ര ആംഗ്യഭാഷാദിനം ചായ്യോത്തുള്ള ജ്യോതിഭവൻ ബധിര വിദ്യാലയത്തിൽ ആചരിച്ചു. അതിരൂപതാ പ്രസിഡന്റ് ബേബി പ്ലാശേരിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് മേഖലാഡയറക്ടർ ഫാ. ജോസഫ് കുരിശുംമൂട്ടിൽ, ചായ്യോത്ത് മേഖലഡയറക്ടർ ഫാ. ജോസഫ് വീട്ടിയാങ്കൽ, മേഖല ഓർഗനൈസർ ബിജു കൊച്ചുപൂവക്കോട്ട്, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ സണ്ണിസാർ, അതിരൂപത ജനറൽ ഓർഗനൈസർ ബിജുമണ്ണനാൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പഠന-കലാരംഗങ്ങളിൽ മികവ് തെളിയിച്ച ജോഷി കുര്യൻ, ജോഷ് വിൻ രാജേഷ്, ശ്രീശാന്ത്, മുഹമ്മദ് സഫദ് എന്നിവരെ ആദരിച്ചു. തലശ്ശേരി അതിരൂപത ആംഗ്യഭാഷ ആത്മീയ ശുശ്രൂഷ ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ പ്രസംഗങ്ങളെ ആംഗ്യഭാഷയിൽ വിവർത്തനം ചെയ്തു. അതിരൂപത ജനറൽ സെക്രട്ടറി സുനിൽ കല്ലിടുക്കിൽ എല്ലാവർക്കും നന്ദി പറഞ്ഞു. ആംഗ്യഭാഷാദിനാചരണത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ ജ്യോതിഭവൻ ബധിരവിദ്യാലയ പ്രിൻസിപ്പൽ സി. റ്റിൻസി തോമസിനും, അധ്യാപകർക്കും, ശാഖാ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ആലക്കോട് റീജണൽ സംഗമം

ആലക്കോട്, ചെറുപുഴ, മേരിഗിരി, വായാട്ടുപറമ്പ് മേഖലകളിൽ നിന്നായി നൂറുകണക്കിന് അംഗങ്ങൾ പങ്കെടുത്ത ആലക്കോട് റീജണൽ സംഗമം 13-ാം തീയതി ശനിയാഴ്ച ചെറുപുഴയിൽ വച്ച് നടന്നു. ചെറുപുഴ മലങ്കരകത്തോലിക്ക ദൈവാലയാങ്കണത്തിൽ ഫാ. ജോൺ പനച്ചിപറമ്പിൽ വിശ്വാസപ്രഘോഷണ പ്രേഷിതറാലി ഫ്ളാഗ് ഓഫ് ചെയ്തു. റീജണൽ ഓർഗനൈസർ ഷിജോ പുതുപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ചെറുപുഴ ഫൊറോന വികാരി ഫാ. ജോർജ് വണ്ടർകു

ന്നേൽ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ, അതിരൂപതാ പ്രസിഡന്റ് ബേബി പ്ലാശ്ശേരി, മേഖലഡയറക്ടർ ഫാ. ജോസഫ് വടക്കേപറമ്പിൽ, റോയി പള്ളത്ത്, അരുണിമ പല്ലാട്ട് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ചെറുപുഴമേഖല ഡയറക്ടർ ഫാ. തോമസ് ചക്കിട്ടമുറിയിൽ സ്വാഗതവും രൂപത ഓർഗനൈസർ ബിജു മണ്ണനാൽ നന്ദിയും പറഞ്ഞു. റീജണൽ സംഗമത്തിന് നേതൃത്വം നൽകിയ ആലക്കോട്, ചെറുപുഴ, മേരിഗിരി, വായാട്ടുപറമ്പ് മേഖല ഡയറക്ടർമാർക്കും, വൈസ്ഡയറക്ടേഴ്സിനും, എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

## ക്ലാസ്സുകൾ-സെമിനാറുകൾ

- സെപ്റ്റംബർ 30 രാജമുടി ശാഖയിൽ ഡയറക്ടർ പുഞ്ചിരി ശാഖാ ശാക്തീകരണ സെമിനാർ നടത്തി.
- ഒക്ടോബർ 2 : കുന്നോത്ത് മേഖലയിൽ ദൈവവിളി സെമിനാർ നടത്തി.
- „ 7 : രണ്ടാംകടവ് ശാഖയിൽ ഡയറക്ടർ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.
- „ 13 : ചെറുപുഴ മേഖലയിൽ അതിരൂപതാ ഡയറക്ടർ ദൈവവിളി സെമിനാർ നടത്തി.
- „ 14 : മാട്ടറ ശാഖയിൽ വി. കുർബാനയർപ്പച്ച് സന്ദേശം നൽകി.
- „ 19 : എടത്തൊട്ടി നവജ്യോതിയിൽ വച്ച് നടന്ന ക്രിസ്റ്റീൻ ധ്യാനത്തിൽ ഡയറക്ടർ വി. കുർബാനയർപ്പിച്ച് ക്ലാസ്സ് എടുത്തു.

## ശാഖാ സന്ദർശനങ്ങൾ

**30.09.2018 ഞായർ :** പൈസക്കരി മേഖലയിലെ 10 ശാഖകളും ചെമ്പേരി ഫൊറോനയിലെ ഒരു ശാഖയും, നെല്ലിക്കാംപൊയിൽ മേഖലയിലെ 3 ശാഖയും അതിരൂപത ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. ആടാംപാറ-ജോബി പാണ്ട്യാംപറമ്പിൽ, ചന്ദനക്കാംപാറ-ബിജുമണ്ണനാൽ, ചുണ്ടപ്പറമ്പ്- സി. മരിയറ്റ് എം.എസ്.എം.ഐ. ഏറ്റുപാറ-ജോണി കൊന്നയിൽ, ജോസ് മൗണ്ട് - സി. റോഷ്നി എഫ്.സി.സി., പാടാൻകവല ബേബി പ്ലാശ്ശേരി, പൈസക്കരി- സജി കുളങ്ങരമുറിയിൽ, പയ്യാവൂർ- തോമസ് ഓലിക്കൽ, വെമ്പുവ- മാണി കണിയാരോലിക്കൽ, മുത്താറിക്കുളം- സി. പ്രിൻസി എഫ്.സി.സി., നെല്ലിക്കുറ്റി സജി കുന്നത്ത്, അറബി- ജോബി പനച്ചിക്കൽ കരോട്ട്, പുറവയൽ ജെയ്സൺ പുളിച്ചമാക്കൽ, വിളമന- ജോയൽ കൈച്ചിറമറ്റത്തിൽ.

**7.10.18 ഞായർ :** ചെമ്പേരി മേഖലയിലെ 10 ശാഖകളും നെല്ലിക്കാംപൊയിൽ മേഖലയിലെ ഒരു ശാഖയും സന്ദർശിച്ചു. അരീക്കമല- ജോയൽ കൈച്ചിറമറ്റത്തിൽ, ചെമ്പേരി- ബേബി പ്ലാശ്ശേരി, കനകക്കുന്ന്- സി.ഹെലൻ, കുടിയാന്മലജ സുനിൽ കല്ലിടുക്കിൽ, ലിസ്സിഗിരി -ബിജു മണ്ണനാൽ, പൊൻമല -ജോബി പാണ്ട്യാംപറമ്പിൽ, പൂപ്പറമ്പ-ജോബി പനച്ചിക്കൽകരോട്ട്, പൊട്ടൻപ്ലാവ്-സി. പ്രിൻസി എഫ്.സി.സി., പുലിക്കുരുമ്പ-ജോണി

കൊന്നയിൽ, രത്നഗിരി-ജെയ്സൺ പുളിച്ചമാക്കൽ, കാഞ്ഞിരക്കൊല്ലി-സജി കുളങ്ങരമുറിയിൽ.

**14.10.18 ഞായർ :** തളിപ്പറമ്പ് മേഖലയിലെ 7 ശാഖകൾ സന്ദർശിച്ചു. ബാലേശുഗിരി- മാണി കണിയാരോലിക്കൽ, കണ്ണൂർ -സി.മരിയറ്റ്, മേലെ ചൊവ്വ-സി. റോഷ്നി, പരിയാരം സി. പ്രിൻസി, പയ്യന്നൂർ-ജോണി കൊന്നയിൽ, തളിപ്പറമ്പ്- സജി കുന്നത്ത്, അമ്മംകുളം-ബേബി പ്ലാശ്ശേരി.

**21.10.18 ഞായർ :** വായാട്ടുപറമ്പ് മേഖലയിലെ 7 ശാഖകളും തളിപ്പറമ്പ് മേഖലയിലെ ഒരു ശാഖയും ആലക്കോട് മേഖലയിലെ ഒരു ശാഖയും ചെമ്പേരി മേഖലയിലെ ഒരു ശാഖയും സന്ദർശിച്ചു. തലശ്ശേരി ഫാ. ജോസഫ് വേങ്ങക്കുന്നേൽ, അൽഫോൻസഗിരി-ജോബി പാണ്ട്യാംപറമ്പിൽ, കരുണാപുരം-സി. മരിയറ്റ്എം.എസ്.എം.ഐ. കരുവഞ്ചാൽ-സി. ഹെലൻ എഫ്.സി.സി., മാവുഞ്ചാൽ-ജോയൽ കൈച്ചിറമറ്റത്തിൽ, പാത്തൻപാറ- ജോണി കൊന്നയിൽ, തടിക്കടവ്-സണ്ണി പടിഞ്ഞാറേചിറ്റേടത്ത്, വിജയപുരം - മാണി കണിയാരോലിക്കൽ, ദീപഗിരി-ജെയ്സൺ പുളിച്ചമാക്കൽ, ഒറ്റത്തൈ ബേബി പ്ലാശ്ശേരി.

## ക്രിസ്റ്റീൻ ധ്യാനം

ഒക്ടോബർ 17 മുതൽ 19 വരെ എടത്തൊട്ടി നവജ്യോതിയിൽ ക്രിസ്റ്റീൻ ടീമിന്റെയും ചെറുപുഷ്പ മിഷൻലീഗിന്റെയും ആഭിമുഖ്യത്തിൽ പത്തുവയസ്സിന് മുകളിലുള്ള കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി. 400 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. ബ്രദർ ടി. സന്തോഷ്, ബ്ര. തോമസ് കുമളി, ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ഫാ. ജിതിൻ വയലുങ്കൽ, ബ്ര. ജോയ്സ് കുരുവിത്താനം, സി. ആൻസി കാനക്കാട് എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി. അതോടൊപ്പം 19-ാം തീയതി 12 മുതൽ നാലുമണിവരെ മാതാപിതാക്കളുടെ സംഗമവും നടന്നു. കുട്ടികളെ ധ്യാനത്തിനായി പറഞ്ഞയച്ച എല്ലാ ഡയറക്ടർ അച്ചൻമാർക്കും വൈസ്ഡയറക്ടേഴ്സിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി...

**ക്രിസ്തുമസ് സന്ദേശം :** ക്രിസ്മസ് സന്ദേശം പറയുവാൻ പേര് നൽകിയിരിക്കുന്ന കുട്ടികളുടെ പേരും ഫോൺ നമ്പറും ഉടൻതന്നെ മേഖലാ ഡയറക്ടർ-വൈസഡയറക്ടേഴ്സ് വിളിച്ചറിയിക്കുമല്ലോ. 2.30 മിനുറ്റ്മുതൽ 3 മിനിറ്റ്വരെ നീളുന്ന വചനസന്ദേശമാണ് ഉദ്ദേശിക്കുന്നത്. കഥകളും സംഭവങ്ങളും ഉദ്ധരണികളൊക്കെ പ്രസംഗത്തിൽ ചേർക്കാം. തരുന്ന വചനഭാഗത്തെ ക്രിസ്മസുായി ബന്ധിപ്പിച്ച് വേണം പ്രസംഗം തയ്യാറാക്കാൻ. കുട്ടികൾ കുട്ടികളോട് സംസാരിക്കുന്ന രീതിയിലാണ് പ്രസംഗം തയ്യാറാക്കേണ്ടത്. ഷൂട്ട് ചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. വൈസ് ഡയറക്ടേഴ്സ് പ്രസംഗം തിരുത്തി നൽകിയതിനുശേഷമേ പഠിക്കാൻ അനുവദിക്കാവൂ എന്ന് ഓർമ്മിപ്പിക്കട്ടെ.

## സാഹിത്യമത്സര വിജയികൾ

അതിരൂപതാതല സാഹിത്യമത്സരത്തിൽ നെല്ലിക്കാംപൊയിൽ, വെള്ളരിക്കുണ്ട്, പനത്തടി മേഖലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാന

ങ്ങൾ കരസ്ഥമാക്കി. സാഹിത്യമത്സരത്തിൽ വിജയികളായവർക്കും, പങ്കെടുത്തവർക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ചെറുകഥ ജൂണിയർ ബോയ്സ്**

| | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| I | ജോസഫ് കാപ്പുങ്കൽ | എടപ്പുഴ | എടൂർ |
| II | ജോസഫ് വള്ളിക്കുന്നേൽ | കീഴ്പ്പള്ളി | എടൂർ |
| III | മാത്യു കല്ലൂർ | മണിക്കടവ് | നെല്ലിക്കാംപോയിൽ |

**ചെറുകഥ ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | തെരേസ പനന്താനം | ആനമഞ്ഞൾ | വെള്ളരിക്കുണ്ട് |
| II | ഹെലൻ കുഴിയംപ്ലാവിൽ | തടിക്കടവ് | വായാട്ടുപറമ്പ് |
| III | തെരേസ് ശൗര്യാംകുഴിയിൽ | എള്ളുക്കൊച്ചി | പനത്തടി |

**ചെറുകഥ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | അഗസ്റ്റ്യൻ നെടിയകാലായിൽ | ലിസിഗിരി | ചെമ്പേരി |
| II | സെബാസ്റ്റ്യൻ മാളിയേക്കൽ | കോട്ടൂർവയൽ | ചെമ്പന്തൊട്ടി |
| III | ജോർജ് കല്ലോലിക്കൽ | ആലക്കോട് | ആലക്കോട് |

**ചെറുകഥ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | ഏലിയാമ്മ പുളിക്കൽ | ആലക്കോട് | ആലക്കോട് |
| II | ത്രേസ്യാമ്മ നിലയ്ക്കപ്പള്ളി | വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| III | റോസ് തോട്ടത്തിൽ | പടുപ്പ് | പനത്തടി |

**ചെറുകഥ സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ഡെന്നീസ് കൂട്ടുങ്കൽ | ദീപഗിരി | ചെമ്പേരി |
| II | തോമസ് വടക്കൻ | രാജഗിരി | ചെറുപുഴ |
| III | സെബാസ്റ്റ്യൻ പാറടിയിൽ | കിളിയന്തറ | കുന്നോത്ത് |

**ചെറുകഥ സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | എലിസബത്ത് കുടക്കച്ചിറ | ചെടിക്കുളം | എടൂർ |
| II | ത്രേസ്യാ ചാലിൽ | ദീപഗിരി | ചെമ്പേരി |
| III | ത്രേസ്യാ ഇടക്കാലായിൽ | കുടിയാന്മല | ചെമ്പേരി |

**കവിത ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ലൂക്ക് നെല്ലിക്കാട്ടിൽ | കുളിനീർ | തോമാപുരം |
| II | ജോർജ് കണ്ണംകുളം | കരിക്കോട്ടക്കരി | എടൂർ |
| III | ഫിലിപ്പ് കല്ലുങ്കൽ | രാജമുടി | പേരാവൂർ |

**കവിത ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | അന്ന പുതുമന | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| II | റോസ്മരിയ കോളാശ്ശേരിൽ | തോമാപുരം | തോമാപുരം |
| III | അന്നമ്മ കുപ്പക്കുഴിയിൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |

**കവിത സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | തോമസ് പഴയിടത്ത് | പെരുമ്പടവ് | മേരിഗിരി |
| II | ആന്റണി പടിഞ്ഞാറെമുറി | മാമ്പോയിൽ | ആലക്കോട് |
| III | ജോസഫ് ചെന്നിത്തല | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് |

**കവിത സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | മേരി ചേന്നാട്ട് | പടുപ്പ് | പനത്തടി |
| II | ഷാരോൺ ട്രീസ കണ്ണംകുളത്ത് | ആടാംപാറ | പൈസക്കരി |
| III | തെരേസ് ചിറ്റക്കുഴിയിൽ | മണിക്കടവ് | നെല്ലിക്കാംപോയിൽ |

**കവിത സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | മാത്യു മണക്കാട്ട് | ഭീമനടി | വെള്ളരിക്കുണ്ട് |
| II | ആന്റണി നൂറൻമാക്കൽ | ഒറ്റത്തൈ | ആലക്കോട് |
| III | മർക്കോസ് കൂറ്റാരപ്പള്ളി | ഉളിക്കൽ | നെല്ലിക്കാംപോയിൽ |

**കവിത സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | ട്രീസ ഒറ്റപ്ലാക്കൽ | കല്ലുവയൽ | നെല്ലിക്കാംപോയിൽ |
| II | അനിത വടക്കേൽ | ശ്രീകണ്ഠാപുരം | ചെമ്പന്തൊട്ടി |
| III | അൽഫോൺസ കള്ളിക്കാട്ടിൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |

**ഉപന്യാസം ജൂനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | അലക്സ് പരപരാകത്ത് | കൊന്നക്കാട് | വെള്ളരിക്കുണ്ട് |
| II | ഇമ്മാനുവേൽ വട്ടംകണ്ടത്തിൽ | ഉദയപുരം | കാഞ്ഞങ്ങാട് |
| III | ജോസഫ് ഐപ്പൻപറമ്പിൽ | കനകക്കുന്ന് | ചെമ്പേരി |

**ഉപന്യാസം ജൂനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | തെരേസ് ജീരകശ്ശേരി | വെളിമാനം | എടൂർ |
| II | മരിയ പ്രാക്കുഴിയിൽ | പാത്തൻപാറ | വായാട്ടുപറമ്പ് |
| III | അലീന പതിപ്പള്ളിൽ | മണിപ്പാറ | നെല്ലിക്കാംപോയിൽ |

**ഉപന്യാസം സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | ജോസഫ് മാടത്താനിയിൽ | ആനമഞ്ഞൾ | വെള്ളരിക്കുണ്ട് |
| II | എബിൻ പാത്തിക്കൽ | ചീക്കാട് | ആലക്കോട് |
| III | ജയിംസ് പുതുമനഅറയ്ക്കൽ | കാവുന്തല | തോമാപുരം |

**ഉപന്യാസം സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | ത്രേസ്യാമ്മ കോയിക്കൽ | ആനറ | നെല്ലിക്കാംപോയിൽ |
| II | എബിറ്റ പുളിങ്കാലായിൽ | ചുള്ളി | വെള്ളരിക്കുണ്ട് |
| III | മേരി പോത്തനാമല | പാണത്തൂർ | പനത്തടി |

**ഉപന്യാസം സൂപ്പർസീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I | തോമസ് കുഴിഞ്ഞാലിൽ | മാനടുക്കം | പനത്തടി |
| II | സെബാസ്റ്റ്യൻ കുന്നിന് | ആനറ | നെല്ലിക്കാംപോയിൽ |
| III | ജോൺസൺ പാറേക്കുടിലിൽ | പാലാവയൽ | തോമാപുരം |

**ഉപന്യാസം സൂപ്പർസീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I | മേരി ഊഴിയാമന്തത്ത് | മണിക്കടവ് | നെല്ലിക്കാംപോയിൽ |
| II | ലിന്റ ഇടയാനിക്കാട്ട് | ചാവറഗിരി | തോമാപുരം |
| III | മോളി പന്തപ്പള്ളിൽ | മാലോം | വെള്ളരിക്കുണ്ട് |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈശോയുടെ രാജത്വത്തിരുനാൾ ആഘോഷിക്കുന്ന ഈ മാസം നമ്മുടെ ഹൃദയങ്ങളിൽ ഈശോയെ രാജാവായി സ്വീകരിക്കാം. ഈശോയുടെ രാജ്യം നമ്മുടെ കുടുംബങ്ങളിലും എല്ലാ മനുഷ്യഹൃദയങ്ങളിലും സംജാതമാകുവാൻ നമ്മുടെ നാട്ടിൽ ശാന്തിയും സമാധാനവും പുലരുവാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

## രാജത്വതിരുനാൾ

നവംബർ 25-ാം തീയതി ക്രിസ്തുരാജന്റെ തിരുനാൾ സാഘോഷംകൊണ്ടാടുമല്ലോ. റാലിയും പൊതുസമ്മേളനവും കലാപരിപാടികളും മറ്റും സംഘടിപ്പിച്ച് ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികളിൽ ജനിപ്പിക്കുവാൻതക്കവിധം ഈ ദിനം കൊണ്ടാടുവാൻ ബഹു. ആനിമേറ്റേഴ്സും മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ.

### നിറംകൊടുക്കാമോ സെപ്റ്റംബർ മാസത്തെ വിജയികൾ

I മരിയ പുരയിടത്തിൽ - വിമലശ്ശേരി

II സോനിറ്റ കണിയാംകുന്നേൽ - ആടാംപാറ

III അന്ന ചാത്തനാട്ട് - ബദിയടുക്ക

### നിങ്ങൾക്കറിയാമോ വിജയികൾ

I മാർട്ടിൻ ചാക്കോ കൊട്ടാരത്തിൽ - മണിക്കടവ്

II വർഗ്ഗീസ് കാനയ്ക്കാട്ട് - പാടിയോട്ടുചാൽ

III ക്രിസ്റ്റീന അറയ്ക്കൽ - വെള്ളാട്

## ഈശോയെപ്പോലെ ക്ഷമിക്കാം...

ഈ മാസം നമുക്ക് ഈശോയെപ്പോലെ ക്ഷമിക്കാം എന്ന അഞ്ചാം അധ്യായം പഠിക്കാം. കുഞ്ഞുകൂട്ടുകാരേ നമ്മൾ എത്ര തെറ്റു ചെയ്ത് ഈശോയെ വേദനിപ്പിച്ചാലും ഈശോ അതെല്ലാം ക്ഷമിച്ച് നമ്മെ സ്നേഹിക്കുന്നു. ഈശോയെ യൂദാസ് ഒറ്റിക്കൊടുത്തപ്പോഴും, പത്രോസ് തള്ളിപ്പറഞ്ഞപ്പോഴും, ഒക്കെ ഈശോ അവരോട് ക്ഷമിച്ച് അവരെ സ്നേഹിക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ നമുക്ക് കാണാം. കാരണം ഈശോ എല്ലാവരെയും സ്നേഹിക്കുന്നതുകൊണ്ട് എല്ലാവരോടും ക്ഷമിക്കാനും സാധിക്കുന്നു. നമുക്കും ഈശോയെപ്പോലെ നമ്മെ വേദനിപ്പിച്ചവരോട് ക്ഷമിക്കാം...

അങ്ങനെ ഈശോയുടെ ഹൃദയഗുണങ്ങൾ സ്വന്തമാക്കാൻ പരിശ്രമിക്കാം...

## തിരുബാലസഖ്യം കലോത്സവം:

## നിബന്ധനകൾ

1 തിരുബാലസഖ്യം അതിരൂപതാ കലോത്സവം 2018 ജനുവരി 12 ന് നടക്കുന്നതായിരിക്കും.

2 മേഖലാമത്സര വിജയികളുടെ ലിസ്റ്റ് ജനുവരി 1 ന് മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ.

3 മേഖലാമത്സരത്തിൽ വ്യക്തിഗത ഇനത്തിൽ ഒന്നാംസ്ഥാനം കിട്ടുന്ന ആൺകുട്ടികൾക്കും പെൺകുട്ടിക്കും ഗ്രൂപ്പ് ഇനത്തിൽ ഒന്നാംസ്ഥാനം കിട്ടുന്ന ടീമിനും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

4 ഒരു കുട്ടിക്ക് ഒരു വ്യക്തിഗത ഇനത്തിലും ഒരു ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.

5 മേഖലാ വിജയികളുടെ ലിസ്റ്റ് അതിരൂപതയിൽനിന്ന് നൽകുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് രണ്ട് കോപ്പി അതിരൂപതാ ഓഫീസിൽ നൽകുമല്ലോ.

6 വ്യക്തിഗത ഇനങ്ങൾ : പ്രസംഗം, കഥ, സംഗീതം, വചനം... വചനം... തിരുവചനം, എന്റെ സങ്കീർത്തനം, നിങ്ങൾക്കറിയാമോ? ചിത്രരചന-നിറംകൊടുക്കൽ എന്നിവയാണ്.

7 ഗ്രൂപ്പ് ഇനങ്ങൾ : ആംഗ്യപാട്ട്, ജറുസലേം ക്വിസ്സ്, സ്കിറ്റ് എന്നിവയാണ്.

8 മത്സരത്തിനുവേണ്ട നിർദ്ദേശങ്ങൾ തിരുബാലസഖ്യം മാർഗ്ഗരേഖ പേജ് 43, 44 ശ്രദ്ധിക്കുമല്ലോ.

9 സ്കിറ്റ് നിബന്ധനകൾ

a) ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്ന കാലികപ്രസക്തിയുള്ള ഒരു വിഷയം ആയിരിക്കണം.

b) പരമാവധി 10 പേർക്ക് പങ്കെടുക്കാം

c) പശ്ചാത്തല സംഗീതം, രംഗസജ്ജീകരണം എന്നിവ പാടില്ല

d) സ്റ്റേജിൽ പൊതുവായി ബെഞ്ച്, കസേര മുതലായവ ഉപയോഗിക്കാവുന്നതാണ്.

e) കഥാപാത്രത്തിന് ചേർന്ന അടിസ്ഥാന മേക്കപ്പ് ആവാം.

f) മികച്ച അഭിനയം കാഴ്ച വെയ്ക്കുന്ന ആൺകുട്ടിക്കും പൺകുട്ടിക്കും പ്രത്യേകം സമ്മാനം ഉണ്ടായിരിക്കും.

g) സമയം 15 മിനിറ്റ്

10 100 കുട്ടികളിൽ താഴെ അംഗങ്ങളുള്ള ഇടവകകൾക്ക് ഒരുകുട്ടി രണ്ട് വ്യക്തിഗത ഇനങ്ങളിൽ പങ്കെടുക്കാം എന്ന നിബന്ധന മിഷൻലീഗ് മത്സരങ്ങൾക്കുണ്ട്. എന്നാൽ തിരുബാലസഖ്യമത്സരത്തിന് 100 കുട്ടികളിൽ താഴെ അംഗങ്ങളുള്ള ഇടവകകൾക്കും ഒരു കുട്ടിക്ക് ഒരു വ്യക്തിഗത ഇനത്തിലും ഒരു ഗ്രൂപ്പ് ഇനത്തിലും മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ.

# യുവജനശുശ്രൂഷ

## യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം
## തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

**ലഹരിവിരുദ്ധ വീഡിയോ നിർമ്മാണ മത്സരം**

ലഹരി വിരുദ്ധമാസമായ നവംബറിൽ തലശ്ശേരി അതിരൂപതാ കെസിവൈഎം-എസ്എംവൈഎം ന്റെ നേതൃത്വത്തിൽ ലഹരിവിമുക്ത കാമ്പയിനും, വീഡിയോ നിർമ്മാണ മൽസരവും നടത്തപ്പെടുന്നു.

**നിബന്ധനകൾ**

1. വിഷയം: ലഹരിവിമുക്തം
2. കെ സി വൈ എം അംഗമായ ആർക്കും മത്സരത്തിൽ പങ്കെടുക്കാം.
3. ഒരാൾക്ക് ഒരു എൻട്രി മാത്രം
4. ദൈർഘ്യം: 30 സെക്കന്റ് മുതൽ ഒരു മിനിറ്റ് വരെ
5. നവംബർ 25 ന് 5 മണിക്ക് മുമ്പ് ഫൊറോന പ്രസിഡന്റ് മുഖേന തലശ്ശേരി കെ സി വൈ എം ഓഫീസിൽ എത്തിക്കേണ്ടതാണ്.

6: തെരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും യുവജന മഹാസംഗമത്തിൽ വച്ച് നൽകുന്നതായിരിക്കും.

ദിയാക്കോണിയയുടെ കർമ്മപദ്ധതി പ്രകാരം ഈ മാസം സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ബോധവത്ക്കരണ ക്യാമ്പ് നടത്താൻ എല്ലാ ഫൊറോനകളും യൂണിറ്റുകളും ശ്രദ്ധിക്കുമല്ലോ.

---

മേഖലാ തലത്തിൽ കലോത്സവം നടത്തുന്നതിനോടനുബന്ധിച്ച് മേഖലാതലത്തിൽ ജൂബിലി ഉദ്ഘാടനവും നടത്തുമല്ലോ. ജൂബിലി പ്രാർത്ഥനാ കാർഡുകൾ ലഭ്യമാണ്. ഉടൻതന്നെ അത് ശാഖകളിൽ എത്തിക്കുന്നതാണ്. ലഭിക്കാത്ത ശാഖകൾ കൗൺസിൽ വാർഷികദിനത്തിൽ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ജൂബിലി ഗാനം നവംബർ 20 നോടുകൂടി നൽകുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

തിരുബാലസഖ്യം വർക്ക് ബുക്കിന്റെ തുക ഇനിയും അടയ്ക്കാനുള്ളവർ എത്രയുംവേഗം അടയ്ക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

## പ്രകൃതി പഠന സഹവാസക്യാമ്പ്

മലബാറിന്റെ ഊട്ടി എന്നറിയപ്പെടുന്ന റാണിപുരത്ത് തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ പ്രകൃതി പഠന സഹവാസ ക്യാമ്പ് നവംബർ 16,17,18 തിയതികളിലായി പനത്തടി ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്നു. ഒരു ഫൊറോനയിൽ നിന്നും 5 പേർക്ക് പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 300 രൂപ, പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ 16-ന് 6 മണിക്ക് മാനടുക്കം ദൈവാലയത്തിൽ എത്തിച്ചേരേണ്ടതാണ്.

## യുവജന മഹാസംഗമം

യുവജന വർഷത്തിലെ യുവജന മഹാസംഗമം തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ കണ്ണൂർ ശ്രീപുരത്ത് വച്ച് നടത്തപ്പെടുന്നു. ഡിസംബർ 8 ശനിയാഴ്ച 9.30 ന് കണ്ണൂർ ആകാശവാണി നിലയത്തിന്റെ സമീപത്തുനിന്നും യുവജനവർഷ റാലി ആരംഭിക്കും. ഫൊറോനകൾ ആൽഫബറ്റിക് ഓർഡറിൽ റാലിയിൽ പങ്കെടുക്കണം. ഓരോ ഫൊറോനയുടെയും പേരുകൾ സജീകരിച്ചിരിക്കുന്ന സ്ഥലങ്ങളിലാണ് നിൽക്കേണ്ടത്. റാലി മനോഹരമാക്കാൻ ഓരോ ഫൊറോനയും ആത്മാർത്ഥമായി ശ്രമിക്കുമല്ലോ. (മുത്തുക്കുടകൾ, ഫ്ളാഗ്, കൊടി, ബാന്റ്, ഹൈഡ്രജൻ ബലൂൺ, മറ്റ് അലങ്കാരങ്ങൾ.....) റാലിയെത്തുടർന്ന് ശ്രീപുരം സ്കൂളിൽ വച്ച് പൊതുസമ്മേളനവും, ക്ലാസ്സും കൾച്ചറൽ പ്രോഗ്രാമുകളും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## നഗരസഭയ്ക്ക് കെ സി വൈ എം ന്റെ ആദരം

തലശ്ശേരി അതിരൂപതാ ക്ലീൻ സിറ്റിയുടെ ഭാഗമായി ഒക്ടോബർ 2 ന് ഗാന്ധിജയന്തിയോടനുബന്ധിച്ച് തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ മാതൃകാപരമായ ശുചീകരണ പ്രവർത്തനങ്ങളിലൂടെ നാടിനെ മാലിന്യവിമുക്തമായി സംരക്ഷിക്കുന്ന തളിപ്പറമ്പ് നഗരസഭയെ ആദരിച്ചു. തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയുടെ നേതൃത്വത്തിൽ വച്ച് നടന്ന ചടങ്ങ് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന വികാരി റവ. ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. പൊതുചടങ്ങിൽവച്ച് ഫാ. അബ്രാഹം പോണാട്ടിൽ നിന്നും നഗരസഭാ ചെയർമാൻ ശ്രീ. അമ്മംകുളം മുഹമ്മദ് ആദരം ഏറ്റുവാങ്ങി. തുടർന്ന് എല്ലാ ശുചീകരണ പ്രവർത്തകരെയും പൊന്നാട അണിയിച്ച് ആദരിച്ചു. ഹരിത കർമ്മസേന പ്രവർത്തകർക്ക് മെമെന്റോ നല്കി ആദരിച്ചു. കെ സി വൈ എം അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ ആമുഖ പ്രഭാഷണം നടത്തി. നഗരസഭ വൈസ് ചെയർപേഴ്സൺ ശ്രീമതി വത്സല പ്രഭാകരൻ, കെ സി വൈ എം അതിരൂപതാ ജനറൽ സെക്രട്ടറി കിരൺ അർത്തശ്ശേരിൽ, ശ്രീ. വിജയൻ, മെഡിക്കൽ ഓഫീസർ ഷൈജു, ഹരിതകർമ്മസേന കോർഡിനേറ്റർ ഫഹദ്, ഫാ. ജോബിൻ കൊട്ടാരത്തിൽ, ഫൊറോന പ്രസിഡന്റ് ശ്രീ. ആൽവിൻ, ദിപിൻ എന്നിവർ ആശംസകൾ അർപ്പിച്ചു. പൊതു

സമ്മേളനത്തിനുശേഷം യുവജനങ്ങൾ ആശുപത്രി പരിസരം വൃത്തിയാക്കി. ഏവരുടെയും ശ്രദ്ധ ആകർഷിച്ച വളരെ വ്യത്യസ്തമായ പ്രോഗ്രാം വളരെ മനോഹരമാക്കി തീർക്കാൻ ഏറെ പരിശ്രമിച്ച തളിപ്പറമ്പ് ഫൊറോന വികാരി അബ്രാഹം പോണാട്ടച്ചനും, അസി. വികാരി ജോബിൻ കൊട്ടാരത്തിൽ അച്ചനും, ഫൊറോന ഡയറക്ടർ സിറിൽ കുറ്റിക്കൽ അച്ചനും, ഫൊറോന പ്രസിഡന്റ് ആൽവിനും ടീം അംഗങ്ങൾക്കും, തളിപ്പറമ്പ് യൂണിറ്റ് ഭാരവാഹികൾക്കും പങ്കെടുത്ത എല്ലാ യുവജന നേതൃത്വങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ആർമി യൂത്ത് കൺവെൻഷൻ വായാട്ടുപറമ്പ

യുവജന ദിനത്തോടനുബന്ധിച്ച് നടത്തുന്ന ഫൊറോന യൂത്ത് കൺവെൻഷൻ ഒക്ടോബർ 7 ന് വായാട്ടുപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ കരുണാപുരം ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9 മണിക്ക് വി.കുർബാനയോടെ ആരംഭിച്ച കൺവെൻഷൻ മനോഹരമായ ക്ലാസ്സും, മ്യൂസിക് മിനിസ്ട്രിയും, ആരാധനയും കഴിഞ്ഞ് 4 മണിയോടെ സമാപിച്ചു. 400 യുവജനങ്ങൾ പങ്കെടുത്ത കൺവെൻഷൻ വായാട്ടുപറമ്പ് ഫൊറോന ഡയറക്ടർ റവ. ഫാ. സോജൻ ഇളംപുരയിടത്തിൽ ഉദ്ഘാടനം ചെയ്തു. യുവജന കൺവെൻഷനുവേണ്ടി പൂർണ്ണ പിന്തുണ നൽകി സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന കരുണാപുരം സെന്റ്. ജൂഡ് ദൈവാലയ വികാരി റവ. ഫാ. ജിയൊ പുളിക്കലച്ചനും, മുഴുവൻ സമയവും കൂടെ നിന്ന് പ്രവർത്തിച്ച ഫൊറോന ഡയറക്ടർ സോജനച്ചനും, യുവജനങ്ങളിൽ നേതൃത്വഗുണം എങ്ങനെ വളർത്തിയെടുക്കാമെന്ന് തന്റെ സ്വതസിദ്ധമായ കഴിവുകളിലൂടെ, ചിത്ര രചനയിലൂടെ ഉദാഹരണ സഹിതം വളരെ മനോഹരമായി ക്ലാസ്സ് നയിച്ച ബഹുമാനപ്പെട്ട മനോജ് ഒറ്റപ്ലാക്കലച്ചനും, കൺവെൻഷന് ആത്മീയ ഉണർവ്വുനൽകിയ മ്യൂസിക് മിനിസ്ട്രിക്ക് നേതൃത്വം നൽകിയ ഷോണറ്റിനും ടീം അംഗങ്ങൾക്കും, യുവജന സംഘടനയെക്കുറിച്ച് ക്ലാസ് നൽകിയ അതിരൂപതാ പ്രസിഡന്റ് ശ്രീ ജിതിൻ മുടപ്പാലയ്ക്കും, ഫൊറോന പ്രസിഡന്റ് ശ്രീ. ജിതിന്റെ നേതൃത്വത്തിലുള്ള സമിതിക്കും, ജെറാൾഡിനും, കരുണാപുരം യൂണിറ്റ് ഭാരവാഹികൾക്കും വിവിധ ഇടവകകളിൽ നിന്നും വന്ന ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും നന്ദി.

## അതിരൂപതാ അർദ്ധവാർഷിക സെനറ്റ്

കെ സി വൈ എം-എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെ 29-ാം അർദ്ധവാർഷിക സെനറ്റ് ഒക്ടോബർ 13-ാം തിയതി വായാട്ടുപറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ വായാട്ടുപറമ്പ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയുടെ അദ്ധ്യക്ഷതയിൽചേർന്ന സെനറ്റ് വായാട്ടുപറമ്പ് ഫൊറോന ഡയറക്ടർ ഫാ. സോജൻ ഇളംപുരയിടത്തിൽ ഉദ്ഘാടനം ചെയ്തു. 15 ഫൊറോനകളിൽ നിന്നുമായി 90 സെനറ്റ് അംഗങ്ങൾ പങ്കെടുത്തു. എല്ലാ ഫൊറോനകളും തങ്ങളുടെ 6 മാസത്തെ പ്രവർത്തനറിപ്പോർട്ടുകൾ സെനറ്റിനു മുമ്പിൽ അവതരിപ്പിച്ചു. തലശ്ശേരി അതിരൂപതയുടെ റിപ്പോർട്ടും ഏപ്രിൽ

മുതൽ സെപ്റ്റംബർവരെയുള്ള കണക്കും അവതരിപ്പിച്ച് പാസാക്കി. സെനറ്റിൽവച്ച് ട്രഷറർ സ്ഥാനത്തേക്ക് ഇലക്ഷൻ നടത്തി. പനത്തടി ഫൊറോന പ്രസിഡന്റ് കിരൺ തെരഞ്ഞെടുക്കപ്പെട്ടു. സെനറ്റ് ഭംഗിയായി നടത്താൻ അദ്ധ്വാനിച്ച ഫൊറോന ഡയറക്ടർ സോജനച്ചനും പ്രസിഡന്റ് ശ്രീ. ജിതിനും ടീം അംഗങ്ങൾക്കും, യൂണിറ്റ് ഭാരവാഹികൾക്കും, പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും വിവിധ ഫൊറോകളിൽനിന്നും വന്ന എല്ലാ സെനറ്റ് അംഗങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

## അഭിനന്ദനങ്ങൾ

തലശ്ശേരി അതിരൂപതാ കെ സി വൈ എം-എസ് എം വൈ എം ന്റെ 2018-19 വർഷത്തിലെ ട്രഷറായി തെരഞ്ഞെടുക്കപ്പെട്ട പനത്തടി ഫൊറോന പ്രസിഡന്റ് ശ്രീ കിരൺ വടക്കേലിന് തലശ്ശേരി അതിരൂപതാ കുടുംബത്തിലേക്ക് സ്വാഗതവും അഭിനന്ദനങ്ങളും നേരുന്നു.

## ആർമി യൂത്ത് കൺവെൻഷൻ തോമാപുരം

തലശ്ശേരി അതിരൂപതാ യുവജന വർഷത്തോടനുബന്ധിച്ച് കെ സി വൈ എം എസ് എം വൈ എം തോമാപുരം മേഖലയുടെ ആഭിമുഖ്യത്തിൽ ഏകദിന യുവജന കൺവെൻഷൻ ARMY 2018, ചട്ടമല മരിയൻ തീർത്ഥാടന ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി റവ.ഫാ. അഗസ്റ്റിൻ പാണ്ട്യാമ്മാക്കൽ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ശ്രീ. ഷോബി നടുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപതാ ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരിൽ, മേഖല ഡയറക്ടർ റവ. ഫാ. അലക്സ് നിരപ്പേൽ, ആനിമേറ്റർ ബെന്നി ഫ്രാൻസിസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ചട്ടമല സെന്റ് മേരീസ് ദൈവാലയ വികാരി റവ.ഫാ. ആന്റണി വെട്ടിയാനിക്കൽ ക്ലാസ്സുകൾ നയിച്ചു. തോമാപുരം മേഖലയിലെ 15 ഇടവകകളിൽ നിന്നുമായി 1000 ത്തോളം യുവജനങ്ങൾ പങ്കെടുത്തു. ഫൊറോന കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച ഫൊറോന വികാരി അഗസ്റ്റ്യൻ പാണ്ട്യാമ്മാക്കൽ അച്ചനും ഫൊറോന ഡയറക്ടർ അലക്സ് നിരപ്പേൽ അച്ചനും ആനിമേറ്റർ ബെന്നി സാറിനും ആന്റണി വെട്ടിയാനിക്കൽ അച്ചനും ഫൊറോന പ്രസിഡന്റ്, ഷോബിയ്ക്കും ടീം അംഗങ്ങൾക്കും ചട്ടമല യൂണിറ്റ് ഭാരവാഹികൾക്കും മനോഹരമായി ഗാനങ്ങൾക്ക് നേതൃത്വം നൽകിയ ഷോണിറ്റിനും ടീമിനും പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## വിവാഹാശംസകൾ

കെ സി വൈ എം-എസ് എം വൈ എം വെള്ളരിക്കുണ്ട് ഫൊറോന പ്രസിഡന്റ് ശ്രീ. ടോണിയ്ക്കും അഞ്ചുവിനും വിവാഹാശംസകൾ.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ജീവിതത്തിന്റെ കൊടുങ്കാറ്റുകളാണ് നമ്മുടെ നങ്കൂരത്തിന്റെ ശക്തി തെളിയിക്കുന്നത്. ചിലപ്പോൾ ജീവിതം വലിയ വെല്ലുവിളികൾ അവതരിപ്പിക്കുന്നു. മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്ത യേശുവിന്റെ മുഖം ധ്യാനിച്ച് അനുഭവിക്കൽ, ഈ ജീവിതത്തിന്റെ ബുദ്ധിമുട്ടുകളാൽ തകർക്കപ്പെട്ടതാണെങ്കിലും നമ്മുടെ മനുഷ്യത്വത്തെ പുനരുദ്ധരിക്കുന്നു. ക്രിസ്തുവിന്റെ മുഖത്തിന്റെ ശക്തിയെ നമ്മൾ നിസ്സാരവത്ക്കരിക്കരുത്. എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ നമുക്കോർക്കാം. സർവ്വശക്തനായ ദൈവത്തിന്റെ പരമമായ ശക്തിയിൽ ആശ്രയമർപ്പിച്ച് ഈ നവംബർ മാസത്തിൽ പ്രവർത്തന നിരതരാകാനുള്ള കൃപ ഏവർക്കും ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

## I. 1) ദിയാക്കോണിയ പ്രോഗ്രാം - ലഹരി വിമുക്തം

നവംബർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കു വേണ്ടി മാറ്റി വച്ചിരിക്കുന്ന മാസമാണല്ലോ. മദ്യവും മയക്കുമരുന്നും മറ്റു ലഹരി വസ്തുക്കളും മൂലം കുടുംബങ്ങളിൽ ഉണ്ടാകുന്ന അസമാധാനവും തകർച്ചകളും നാം കണ്ടുകൊണ്ടാണിരിക്കുന്നത്. മദ്യത്തിനെതിരായുള്ള പ്രവർത്തനങ്ങളിൽ സജീവമായി പങ്കുകൊണ്ട് കൊണ്ട് കൂട്ടായ്മയോടെ നമുക്ക് പ്രവർത്തനനിരതരാകാം. മുക്തിശ്രീയിൽ അംഗങ്ങളായിച്ചേരുകയും അംഗങ്ങളാകുന്നവരുടെ എണ്ണം ഇടവകകളിൽ നിന്നും ശേഖരിച്ച് അതിരൂപതയിൽ എത്തിക്കുകയും ചെയ്യുക.

## 2) ദമ്പതീ ക്വിസ്

- ഭാര്യയും ഭർത്താവും ഒരുമിച്ച് പങ്കെടുക്കുന്ന മത്സരമായിരിക്കും ഇത്.( മാതൃവേദി അംഗങ്ങളാകണമെന്ന നിർബന്ധമില്ല)
- ചോദ്യങ്ങൾ ചോദിച്ച് അപ്പോൾ തന്നെ ഉത്തരം എഴുതുന്ന രീതിയിലായിരിക്കും ആദ്യ റൗണ്ട് മത്സരം. ഉത്തരങ്ങൾ ദമ്പതികൾക്ക് ആലോചിച്ച് ഒരാൾ മാത്രം നിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിൽ എഴുതണം.
- ശരിയുത്തരം നൽകിയവർക്ക് അപ്പോൾത്തന്നെ മാർക്ക് നൽകി അടുത്ത ചോദ്യം നൽകുന്നതാണ്.
- ആദ്യത്തെ റൗണ്ടിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 8 ജോഡികളെ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കുകയും തുടർന്ന് ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയുന്ന രീതിയിലായിരിക്കും മത്സരം.
- നിശ്ചയിച്ച സമയത്തിനുള്ളിൽ പരസ്പരം ആലോചിച്ച് ഒരാൾക്ക് ഉത്തരം പറയാവുന്നതാണ്.

- ഒരു ജോഡിക്ക് കൃത്യമായി പറയാൻ കഴിയാതിരുന്നാൽ ആ ചോദ്യം അടുത്ത ദമ്പതികൾക്ക് പാസ് ചെയ്യാവുന്നതാണ്.
- ചോദ്യങ്ങൾ ഒറ്റവാക്കിലുള്ളതും ഒന്നോ രണ്ടോ വാചകത്തിലുള്ളതുമായിരിക്കും.
- ആദ്യ റൗണ്ടിലെ ആകെ മാർക്കിനോടൊപ്പമായിരിക്കും ഫൈനൽ റൗണ്ടിലെ മാർക്കുകൾ കൂട്ടുന്നത്.
- ഫൈനൽ റൗണ്ടിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 5 പേർക്കാണ് ക്യാഷ് അവാർഡുകൾ നൽകുന്നത്. (5001, 3001, 2001, 1500, 1000)
- ക്വിസ്സ് മത്സരം നടക്കുന്നത് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ഓഡിറ്റോറിയത്തിൽ വച്ചാണ്.
  സമയം 10 മണി മുതൽ 1 മണി വരെ.
- രജിസ്ട്രേഷൻ ഫീസ് 100 രൂപ (1 ജോഡിക്ക്)
- ഒരു ഫൊറോനയിൽ നിന്ന് ആകെ 20 ജോഡിക്ക് രജിസ്ട്രേഷൻ നടത്താവുന്നതാണ്.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം ആവശ്യമെങ്കിൽ മുൻകൂട്ടി ഓർഡർ നൽകി പണം നൽകിയാൽ ക്രമീകരിച്ചു നൽകുന്നതാണ്.
- മത്സരത്തിൽ പങ്കെടുക്കുന്നവർ ഇടവകാംഗങ്ങളായ ദമ്പതികളാണെന്ന വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് യൂണിഫോം നിർബന്ധമല്ല.

**പഠനഭാഗം : വിശുദ്ധ ദമ്പതികൾ**
**സ്നേഹത്തിന്റെ ആനന്ദം : 4, 7 അദ്ധ്യായങ്ങൾ.**
**മത്സര ദിവസം : നവംബർ 10 ശനി**

## 3) സഖറിയാസ് കൺവെൻഷൻ

60 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതികൾക്കു വേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം. പേരാവൂർ ഫൊറോനയ്ക്കു വേണ്ടി സഖറിയാസ് കൺവെൻഷൻ നവംബർ 19, 20, 21 തിയ്യതികളിൽ കല്ലുമുതിരക്കുന്ന് ദേവാലയത്തിൽ വച്ച് നടത്തുന്നതാണ്. ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

## പൈസക്കരി, മടമ്പം

സെപ്റ്റംബർ 26, 27, 28 തിയ്യതികളിൽ പൈസക്കരി, മടമ്പം ഫൊറോനകൾക്കുവേണ്ടി സഖറിയാസ് കൺവെൻഷൻ നടത്തപ്പെട്ടു. 60 വയസ്സിനു മുകളിൽ പ്രായമുള്ള 700 ഓളം പേർ പങ്കെടുത്തു. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, മാർ ജോർജ്ജ് വലിയമറ്റം, മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. പൈസക്കരി മേഖലയിലെ മാതൃവേദി അംഗങ്ങൾ കൺവെൻഷനു ഒരുക്കമായി ഹോം മിഷൻ നടത്തുകയും ധ്യാന ദിവസങ്ങളിൽ സഹായിക്കുകയും ചെയ്തു. പൈസക്കരി മേഖലയിലെ മാതൃവേദി അംഗങ്ങൾ, മേഖലാ ഡയ

റക്ടർ ഫാ.ജോബി നിരപ്പേൽ, കൺവെൻഷനു  നേതൃത്വം നൽകിയ മല ബാർ ക്രിസ്റ്റീൻ ടീം അംഗങ്ങൾ എന്നിവരെ നന്ദിയോടെ അനുസ്മരിക്കു കയും അഭിനന്ദിക്കുകയും ചെയ്യുന്നു.

## 4) ഫാമിലി അപ്പൊസ്റ്റൊലേറ്റ് കലണ്ടർ - 2019

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ 2019 വർഷത്തെ കലണ്ടർ പ്രസിദ്ധീക രിച്ച് മാതൃവേദിയുടെ മേഖലാ കേന്ദ്രങ്ങളിൽ ഏല്പിച്ചിട്ടുണ്ട്. വികാരിയച്ച ന്മാർ ചാരിറ്റി കളക്ഷനായി മാതൃവേദി യൂണിറ്റുകൾക്ക് ഇത് ഉപയോഗിക്കു ന്നതിനെക്കുറിച്ച് പള്ളിയിലറിയിക്കുമല്ലോ. 1 കലണ്ടറിന് 15 രൂപ വീതം മേഖ ലാതലത്തിൽ ശേഖരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കണെ.

## 5) തൂവാനീസ

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപി താക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ച യായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാ ചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

829, 830 എന്നീ എം.പി.സി കോഴ്സുകൾ സെപ്റ്റംബർ 11-13, ഒക്ടോബർ 9-11 എന്നീ തീയ്യതികളിൽ പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, തലശ്ശേരി സന്ദേശഭവൻ,  എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 98 ആൺകുട്ടികളും 111 പെൺകുട്ടികളും ഉൾപ്പെടെ ആകെ 209 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## 1) എം.പി.സി പേരന്റ്സ് മീറ്റ്

പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, തലശ്ശേരി സന്ദേശഭ വനിൽ എന്നീ സ്ഥലങ്ങളിൽ വച്ച് വച്ച് സെപ്റ്റംബർ 13, ഒക്ടോബർ 11 എന്നീ തീയ്യതികളിൽ എം പി സി 829, 830 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവ രുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊ ലേറ്റ് ഡയറക്ടർ ക്ലാസ്സ് നയിച്ചു.

## 2) പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 829, 830 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനു സരിച്ച് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. **മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.**

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.
- എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. ഇനി മുതൽ Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചു തരിക. അതോടൊപ്പം രജിസ്ട്രേഷൻ നടത്തിയ നമ്പർ അയക്കുക. വാട്ട്സ് ആപ്പ് നമ്പർ : 9400206974
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

Family Apostolate, Contact Number: 0490 2343414, Mob: 9400206974

## Account Details :

Name : Director Family Apostolate
A/c No : 0078053000073775
IFSC Code: SIBL0000078

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 8 - 10 | 22 – 24 | 15 - 17 |
| FEBRUARY | 5 - 7 | 26 – 28 | Nil |
| MARCH | 5 – 7 | 12 – 14 | 26 - 28 |
| APRIL | 2 – 4, 23 - 25 | Nil | 9 - 11 |
| MAY | 21 - 23 | 7 - 9 | Nil |
| JUNE | 25 - 27 | 11 - 13 | Nil |

| | | | |
|---|---|---|---|
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 3 – 5 | 17 – 19 | 10 – 12 |

## III. അനുഗ്രഹ മാര്യേജ് ബ്യൂറോ (www.anugrahamarry.com)

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ഇന്നിത് സീറോ മലബാർ മാര്യേജ് ബ്യൂറോ എന്നതിലേക്ക് എത്തിക്കഴിഞ്ഞു. എല്ലാ രൂപതകളുമായി ലിങ്ക് ചെയ്ത് വളരെ വിപുലമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## IV. മാതൃവേദി

### 1)ലഹരിവിമുക്തം

- മദ്യത്തിനെതിരെ സംഘടിതമായി പ്രവർത്തിക്കുക.
- ബോധവത്ക്കരണം നടത്തുക (സെമിനാറുകൾ, ബാനറുകൾ, നോട്ടീസ്).
- മദ്യപാനികൾ മൂലം വേദനകൾ അനുഭവിക്കുന്നവരെ സന്ദർശിക്കാനും അവർക്കുവേണ്ടി പ്രവർത്തിക്കാനും ശ്രദ്ധിക്കുക.
- Addict ആയവരെ ചികിത്സയ്ക്കായി പറഞ്ഞയക്കുക.
- പ്രതിഷേധ ധർണ്ണകൾ, സമരപരിപാടികൾ ആസൂത്രണം ചെയ്യുക.

### 2) ഹരിതം 2018

പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ, പൂച്ചെടികൾ, ഫലവൃക്ഷത്തൈകൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ ജൈവ കൃഷികളാണ് വിലയിരുത്തുന്നത്. (അടുക്കളത്തോട്ടം) മേഖലാ തലത്തിൽ രണ്ട് പേരെ തെരഞ്ഞെടുത്ത് ഡിസംബർ 8 ന് മുമ്പായി ഓഫീസിൽ പേര് വിവരം നൽകണം. ഡിസംബർ 22 ന് മുമ്പായി രൂപതാതലത്തിലുള്ള വിലയിരുത്തൽ നടത്തുന്നതാണ്.

### 3) അറിയിപ്പുകൾ

1) ഡിസംബർ മാസത്തിൽ ദിയാക്കോണിയ പ്രവർത്തനഭാഗമായി വചനപ്രചരണത്തിനു വേണ്ടിയുള്ള സ്റ്റിക്കറുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ഭവനത്തിലും സ്ഥാപിക്കാൻ മനോഹരമായ വചനങ്ങൾ അടങ്ങിയ വചന സ്റ്റിക്കറുകളാണ്. ഓരോ യൂണിറ്റിനും എത്ര വേണമെന്ന് ഓർഡർ ശേഖരിച്ച് മേഖലാ ഭാരവാഹികൾ ഓഫീസിൽ അറിയിക്കുക. (സ്റ്റിക്കർ ഒന്നിന് 3 രൂപ. മോഡൽ വാട്ടസ് ആപ്പ് ഗ്രൂപ്പിൽ കൊടുത്തിട്ടുണ്ട്)

2) എല്ലാ മാതൃവേദി അംഗങ്ങളും ഒരു അംഗത്വ കാർഡ് എടുക്കുവാൻ ശ്രദ്ധിക്കുക. അംഗത്വ കാർഡിൽ ഒട്ടിക്കുന്ന ഫോട്ടോ സ്റ്റാമ്പ് സൈസ് ആയിരിക്കുന്നതാണ് നല്ലത്. (അംഗത്വ കാർഡ് കവറോടു കൂടി വില ഒന്നിന് 10 രൂപ)

## 4) ജ്വാല - പനത്തടി

2018 ഒക്ടോബർ 6 ന്  ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ പനത്തടി മേഖലയുടെ ജ്വാല പ്രോഗ്രാം പനത്തടി ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. പനത്തടി മേഖല മാതൃവേദി ആനിമേറ്റർ സി.പൗളിൻ എസ്.എ.ബി.എസ് സ്വാഗതം ആശംസിച്ചു. പനത്തടി മേഖലാ പ്രസിഡണ്ട് ശ്രീമതി മേരി തയ്യിൽ ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. പനത്തടി ഫൊറോനാ വികാരി റവ.ഫാ.തോമസ് പട്ടാംകുളം ചടങ്ങ് ഉദ്ഘാടനം ചെയ്തു.  തലശ്ശേരി ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ  ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. പനത്തടി മേഖലാ ഡയറക്ടർ റവ.ഫാ.മാത്യു വളവനാൽ, സി.ലിയ റോസ് സി.എച്ച്.എഫ്, ബ്രദർ സച്ചിൻ കരക്കൊഴുപ്പിൽ എന്നിവർ  ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ശ്രീ.ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. പനത്തടി മേഖലാ സെക്രട്ടറി ശ്രീമതി ബീന ജോസുകുട്ടി റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി മിനി തോട്ടത്തിൽ കണക്കും അവതരിപ്പിച്ചു. പനത്തടി മേഖല വൈസ് പ്രസിഡണ്ട് ശ്രീമതി മേരി ധരണിയിൽ ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. ജ്വാല പ്രോഗ്രാം നന്നായി നടത്തുവാൻ സഹകരിച്ച പനത്തടി മേഖലയ്ക്കും ഭാരവാഹികൾക്കും അനുമോദനങ്ങൾ.

## 5) മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ്

തലശ്ശേരി സന്ദേശഭവനിൽ വച്ച് സീറോ മലബാർ മാതൃവേദിയുടെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് രാവിലെ 10 മണി മുതൽ ഉച്ചയാക്ക് 2 മണി വരെ നടത്തപ്പെട്ടു. സി.ലിയ റോസ് സ്വാഗതം ആശംസിച്ചു. ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അജണ്ഡ അവതരിപ്പിക്കുകയും തുടർന്ന് നടക്കാനിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.  അതിരൂപതാ ഭാരവാഹികളും സെനറ്റ് അംഗങ്ങളും മീറ്റിംഗിൽ സംബന്ധിച്ചു.

## മാതൃവേദി പ്രോഗ്രാംസ് - നവംബർ

| | | |
|---|---|---|
| നവംബർ 3 | - | ജ്വാല - പേരാവൂർ |
| നവംബർ 17 | - | ജ്വാല - വെള്ളരിക്കുണ്ട് |
| നവംബർ 20 | - | മേഖല വിസിറ്റ് - ചെമ്പേരി |
| നവംബർ 24 | - | ജ്വാല - തോമാപുരം |

ജ്വാല പ്രോഗ്രാമുകൾക്ക് പങ്കെടുക്കുമ്പോൾ യൂണിറ്റുകളുടെ റിക്കാർഡുകളും പരിശോധനയ്ക്ക് കൊണ്ടുവരേണ്ടതാണ്.

## 6) ഡയറക്ടറച്ചന്റെ യൂണിറ്റ് സന്ദർശനങ്ങൾ

സെപ്റ്റംബർ 30 ഞായറാഴ്ച കച്ചേരിക്കടവ്, ഒക്ടോബർ 7 ന് പേരട്ട, ഒക്ടോബർ 14 ന് ഇരിട്ടി, ഒക്ടോബർ 21 മുടയരഞ്ഞി എന്നീ ഇടവകകളിൽ സന്ദർശനം നടത്തി ദിയാക്കോണിയ പ്രവർത്തനങ്ങൾ വിലയിരുത്തി.

## 7) സമ്പൂർണ്ണ മാതൃവേദി - പെരിങ്ങാല

ഒക്ടോബർ 10-ാം തിയ്യതി പെരിങ്ങാല ഇടവകയിൽ ബഹു.ഡയറക്ടറച്ചൻ വി.കുർബ്ബാന അർപ്പിക്കുകയും തുടർന്ന് സമ്പൂർണ്ണ മാതൃവേദി ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു. എല്ലാ അമ്മമാരെയും പങ്കെടുപ്പിച്ചുകൊണ്ട് മാതൃവേദി പ്രവർത്തനങ്ങൾ സജീവമാക്കുന്ന പെരിങ്ങാല ഇടവകയ്ക്കും ഡയറക്ടർ തോമസ് വാളിപ്ലാക്കൽ അച്ചനും അഭിനന്ദനങ്ങൾ നേരുന്നു.

## 8) മേഖലാതല പ്രവർത്തനങ്ങൾ

### കാരുണ്യ സംഗമം - കുന്നോത്ത്

കുന്നോത്ത് മേഖലാ മാതൃവേദി സെപ്റ്റംബർ 15-ാം തിയ്യതി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ കാരുണ്യ പ്രവർത്തകരെ ആദരിക്കുന്നതിനായി കാരുണ്യ സംഗമം കുന്നോത്ത് പള്ളിയിൽ വച്ച് നടത്തി. കുന്നോത്ത് ഫൊറോന വികാരി ഫാ.ജോസഫ് ചാത്തനാട്ട് ഉദ്ഘാടനം ചെയ്ത ചടങ്ങിന് അതിരൂപതാ മാതൃവേദി വൈസ് പ്രസിഡണ്ട് ശ്രീമതി ജെസ്സി പുറ്റാമറ്റം അദ്ധ്യക്ഷത വഹിച്ചു. സംഗമത്തിൽ സംബന്ധിച്ച 10 കാരുണ്യ പ്രവർത്തകരെ 1000 രൂപ വീതം നൽകി അനുമോദിച്ചു.

## V. മരിയൻ സിംഗിൾസ് മീറ്റ് - സന്ദേശഭവൻ

മരിയൻ സിംഗിൾസ് അംഗങ്ങളുടെ സംഗമം ഒക്ടോബർ 19, 20 തിയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, സാൻജോസ് അക്കാഡമി ഡയറക്ടർ ഫാ.പയസ് പടിഞ്ഞാറേമുറിയിൽ, സി.പൗളിൻ സി.എച്ച്.എഫ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. തുടർന്ന് നടക്കാനിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയതു. ശേഷം അഭിഷേക പ്രാർത്ഥനയോടെ സംഗമം സമാപിച്ചു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റോലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സമരത്തിലേക്ക്

വിദ്യാലയങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സംതൃപ്തരായ അധ്യാപക സമൂഹം ഉണ്ടാകണം. 2014-15, 2015-16 അധ്യയനവർഷങ്ങളിൽ അനുവദിച്ച പുതിയ ഹയർസെക്കന്ററി സ്കൂളുകളാണ് സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂൾ പാലാവയൽ, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ മണിക്കടവ്, സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ കുന്നോത്ത്. 4 വർഷം കഴിഞ്ഞിട്ടും ഈ വിദ്യാലയങ്ങളിൽ തസ്തിക നിർണയം നടത്തിയിട്ടില്ല. സ്ഥിരം അധ്യാപകരില്ലാത്തത് വിദ്യാഭ്യാസ മേഖലയെ പ്രതിസന്ധിയിലാക്കുന്നു.

വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് പുതിയ അനുപാതപ്രകാരം അധ്യാപകരെ ലഭിക്കാൻ വിദ്യാർത്ഥികൾക്ക് അവകാശമുണ്ട്. 1979-ന് ശേഷം സ്ഥാപിതമായ വിദ്യാലയങ്ങളിലെ ഒഴിവുകളിലും 2016-2017 അധ്യയന വർഷം മുതൽ  അധിക തസ്തികകളിലെ ഒഴിവുകളിലും നിയമിതരായ നൂറുകണക്കിന് അധ്യാപകരുടെ നിയമനാംഗീകാരം നാളിതുവരെയായിട്ടും ലഭിച്ചിട്ടില്ല. വലിയ സാമ്പത്തിക പ്രതിസന്ധിയിലും ഭാവിയെ കുറിച്ചുള്ള അനിശ്ചിതത്വത്തിലുമാണ് അധ്യാപക സമൂഹം. പുതുതായി നിയമിക്കപ്പെട്ട അധ്യാപകർ സർക്കാരിന്റെ മുന്നിലും കോടതിയിലും പരിഹാരമാർഗങ്ങൾ അന്വേഷിച്ചെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ല. ഹയർ സെക്കന്ററിയിലെയും മറ്റു സ്കൂളുകളിലെയും അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാത്ത ഈ പ്രതിസന്ധിക്ക് പരിഹാരം വേണമെന്ന് ആവശ്യപ്പെട്ട് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സമരപരിപാടികൾ ആരംഭിച്ചിരിക്കുകയാണ്.
സമരങ്ങളുടെ പ്രാരംഭമായി കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപക അനധ്യാപകരുടെ റീജണൽ സമ്മേളനങ്ങൾ  വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്നു. ഓരോ പ്രദേശത്തുമുള്ള നിയമനാംഗികാരം ലഭിക്കാത്ത അധ്യാപകർ സമ്മേളനത്തിന് ഒരുമിച്ച് കൂടണമെന്ന് അഭ്യർത്ഥിക്കുന്നു. തീയ്യതി പിന്നീട് അറീക്കുന്നതാണ്. റീജണൽ സമ്മേളന സ്ഥലങ്ങൾ : പേരാവൂർ, ഇരിട്ടി സെന്റ് ജോസഫ് ചർച്ച് , ചെമ്പേരി എച്ച്. എസ്. എസ്, തോമാപുരം എച്ച്.എസ്.എസ്, കരുവഞ്ചാൽതലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ മാത്രമല്ല സമിപത്തുള്ള മറ്റു വിദ്യാലയങ്ങളിലെയും നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരെയും ഈ സമ്മേളനങ്ങളിലേക്ക്  സ്വാഗതം  ചെയ്യാവുന്നതാണ്.

## ശുചിത്വം

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ക്യൂ.ഐ.പി 1/53103/2018 സർക്കുലർ പ്രകാരം മഹാത്മാഗാന്ധിയുടെ 150 ാം ജൻമ്മദിനം 2018 ഒക്ടോബർ 2 മുതൽ 1 വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ ശുചിത്വത്തിന് പ്രാധാന്യം നൽകി ആചരിക്കുകയാണല്ലോ. നമ്മുടെ പരിസരം ശുചിയായി സൂക്ഷിക്കേണ്ടത് നമ്മുടെ തന്നെ കടമയാണെന്ന ബോധം കുട്ടികളിലുറപ്പിക്കുന്നതിന് ഈ പ്രവർത്തനങ്ങളിലൂടെ സാധിക്കണം. അഭിവന്ദ്യ മാർ. ജോർജ് ഞറളക്കാട്ടുപിതാവ് ഗ്രീൻ-ക്ലീൻ ക്യാംപസ് എന്ന ആശയം പലപ്രാവശ്യം അധ്യാപക സമ്മേളനങ്ങളിൽ ഓർമ്മിപ്പിച്ചു. അതോടൊപ്പം തലശ്ശേരി അതിരൂപത ഒക്ടോബർ മാസം ശുചിത്വമാസമായി ആചരിക്കുകയുമാണ്.

വ്യക്തി ശുചിത്വം പാലിക്കുന്നതിൽ കേരളീയർ ചെലുത്തുന്ന ശ്രദ്ധ സമൂഹശുചിത്വം പാലിക്കുന്നതിൽ കാണിക്കുന്നില്ല എന്നത് പരിതാപകരമായ വസ്തുതയാണ്. "ചൊട്ടയിലെ ശീലം ചുടലവരെ" എന്നാണല്ലോ ചൊല്ല്. കോർപ്പറേറ്റ് വിദ്യാലയങ്ങളിലെ കുട്ടികൾ ചെറുപ്പം മുതൽ തന്നെ ശുചീകരണത്തിന്റെ മാതൃക പഠിച്ചു വളരണം . ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) പ്ലാസ്റ്റിക് ജൈവമാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കണം. സൂക്ഷിച്ച മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് ഏർപ്പെടുത്തി യിട്ടുള്ള സംവിധാനങ്ങൾ ഉപയോഗിക്കണം.
2) ആഹാരാവശിഷ്ടങ്ങൾ വലിച്ചെറിയുന്നത് ഒഴിവാക്കുക. ഉച്ചഭക്ഷണ വിതരണത്തിന് അനുബന്ധമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
3) ആഹാരാവശിഷ്ടങ്ങൾ നിർമാർജ്ജനം ചെയ്യുന്നതുവഴി വിദ്യാലയ പരിസരത്തുനിന്നും എലികളെയും മറ്റു ജീവികളെയും അകറ്റുന്നതിന് സാധിക്കും.
4) എല്ലാ വിദ്യാലയങ്ങളുടെയും ക്യാംപസുകൾ ഹരിതാഭമാക്കുകയും ജൈവോദ്യാനങ്ങൾ നവീകരിക്കുകയും ചെയ്യുക.
5) കുട്ടികളുടെ യൂറിനൽ, ടോയ്ലെറ്റുകൾ എന്നിവയിൽ സോപ്പും, വെള്ളവും ലഭ്യമാക്കുകയും യഥാസമയം വൃത്തിയാക്കുകയും ചെയ്യണം.
6) ഏറ്റവും ശുചിയായി സംരക്ഷിക്കുന്ന ക്ലാസുകൾക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.
7) എല്ലാ മാസത്തിന്റെയും അവസാനദിനം ശുചിത്വദിനമായി ആചരിക്കുകയും വിദ്യാല പരിസരത്ത് വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളോ, വസ്തുക്കളോ ഉണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യണം.
8) രോഗപ്രതിരോധ ശുചിത്വ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
9) തുലാവർഷക്കാലത്ത് ഉണ്ടാകാനിടയുള്ള ജലജന്യ രോഗങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നടത്തണം.

ആരോഗ്യകരമായ ജീവിതത്തിന് ആരോഗ്യകരമായ പരിസരം അനിവാര്യമാണ്. നമ്മുടെ വിദ്യാർത്ഥികളിൽ ശുചിത്വ സംസ്ക്കാരം രൂപപ്പെടുത്താനും അങ്ങനെ ആരോഗ്യ പൂർണ്ണമായ ഒരു അന്തരീക്ഷം സ്കൂളിലും പൊതുസമൂഹത്തിലും രൂപപ്പെടുത്താനും ജാഗ്രത പുലർത്തണം.

## വിദ്യാലയങ്ങളിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

**കോഴിച്ചാൽ എൽ.പി**

| | | |
|---|---|---|
| ചികിത്സാ സഹായം | - | 40000 |
| വിദ്യാഭ്യാസ സഹായം | - | 28050 |
| രോഗിസന്ദർശനം | - | 1200 |
| വീട് വെയ്ക്കാൻ | - | 4500 |
| ആകെ | | **73750** |

**തോമാപുരം എച്ച്. എസ്**

| | | |
|---|---|---|
| പ്രളയദുരിതാശ്വാസം | - | 87151 |
| പഠനോപകരണങ്ങൾ | - | 33560 |
| നിത്യോപയോഗസാധനങ്ങൾ | - | 31570 |
| സാമൂഹ്യ സേവനം | - | 41745 |
| ആകെ | | **194026** |

**തോമാപുരം എൽ.പി.എസ്**

| | | |
|---|---|---|
| ചികിത്സാസഹായം | - | 8700 |
| സ്കൂൾ ദത്തെടുക്കൽ സഹായം | - | 1000 |
| യാത്രക്കൂലി | - | 3500 |
| മുഖ്യമന്ത്രിയുടെ ദുതിതാശ്വാസ നിധിയിലേക്ക് സംഭാവന | - | 11000 |
| പഠനോപകരണങ്ങൾ വാങ്ങാൻ സഹായം | - | 1000 |
| ആകെ | | **25200** |

**മണ്ടപം യൂ.പി**

| | | |
|---|---|---|
| പഠനോപകരണം | - | 27068 |
| വാഹനക്കൂലി | - | 12400 |
| ചികിത്സാ സഹായം, ദുരിതാശ്വാസം | - | 7000 |
| അഗതി മന്ദിര സന്ദർശനം | - | 2500 |
| ആകെ | - | **50168** |

**വെള്ളരിക്കുണ്ട് എൽ.പി എസ്**

| | | |
|---|---|---|
| സംഭാവന (സ്നേഹ ഓൽഡേജ് ഹോം) | - | 500 |
| പഠനോപകരണങ്ങൾ | - | 5000 |
| നിർധനവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | - | 5000 |
| **ദുരിതാശ്വാസനിധി** | | |
| 1. കുട്ടികളുടെ സംഭാവന | - | 7500 |
| 2. ആലപ്പുഴ ജില്ലയിലെ കരുമാടി ജി.എച്ച്.എസ്.എസ്.ന് | - | 1000 |
| 3. വിദ്യാർത്ഥികളുടെ സംഭാവന | - | 2000 |
| ആകെ | | **21000** |

**ഭീമനടി എൽ.പി.എസ്**

| | | |
|---|---|---|
| പഠനോപകരണം | - | 20000 |
| വാഹനക്കൂലി | - | 31120 |
| ചികിത്സാ സഹായം, ദുരിതാശ്വാസം | - | 34000 |
| അഗതി മന്ദിര സന്ദർശനം | - | 10000 |
| വിവാഹ സഹായം | - | 23000 |
| ആകെ | - | **126120** |

**മണിക്കടവ് എച്ച്.എസ്**

| | | |
|---|---|---|
| പഠനസഹായം | - | 5000 |
| ഓണക്കിറ്റ് വിതരണം | - | 1000 |
| സാമ്പത്തിക സഹായം | - | 7000 |
| ചികിത്സാ സഹായം | - | 15000 |
| അഗതികൾക്ക് | - | 2835 |
| ദുരിതാശ്വാസനിധി | - | 80545 |
| ആകെ | - | **114380** |

| **വയത്തൂർ യൂ.പി** | | |
|---|---|---|
| ദുരിതാശ്വാസനിധി | - | 40660 |
| സ്കൗട്ട് ആന്റ് ഗൈഡ് കുട്ടികൾ | - | 2000 |
| ആകെ | | 42660 |

| **എടൂർ എൽ.പി.എസ്** | | |
|---|---|---|
| ദുരിതാശ്വാസനിധി | - | 15000 |
| ചികിത്സാ സഹായം | - | 2000 |
| നോട്ടുപുസ്തകം | - | 5000 |
| ആകെ | | **22000** |

| **പെരുമ്പടവ് എച്ച്. എസ്** | | |
|---|---|---|
| ചികിത്സാ സഹായം | - | 21120 |
| അഗതിഭവനം | - | 9000 |
| ദുരിതാശ്വാസനിധി | - | 7406 |
| ആകെ | | **37526** |

| **കുന്നോത്ത് യു.പി.എസ്** | | |
|---|---|---|
| ചികിത്സാ സഹായം | - | 23000 |
| ദുരിതാശ്വാസം | - | 14810 |
| ആകെ | | **37810** |
| ചികിത്സാ സഹായം | - | 10250 |
| ദുരിതാശ്വാസനിധി | - | 5080 |
| ആകെ | | **16580** |

**ആദരാഞ്ജലികൾ**

കിളിയന്തറ സെന്റ് തോമസ് ഹൈസ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയായ ഫാസിൽ.കെ.പി 26. 09.2018 ന് നിര്യാതനായി. ഫാസിലിന്റെ വേർപാടിൽ അനുശോചനമറിയിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
അസി. കോർപ്പറേറ്റ് മാനേജർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777 , 8281730777**

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയുടെ വിവിധ പരീക്ഷാപരിശീലനങ്ങൾ വളരെ കാര്യക്ഷമതയോടെ വിവിധ കേന്ദ്രങ്ങളിൽ ദൈവകൃപയാൽ നടന്നുകൊണ്ടിരിക്കുന്നു. ക്രൈസ്തവ വിരുദ്ധത മാധ്യമങ്ങളിലൂടെ അരങ്ങുതകർക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കൂട്ടായ്മയെ സംഘടിപ്പിച്ചും പണിതുയർത്തിയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ച് പ്രതിരോധമുയർത്തേണ്ടത് ഒരു അനിവാര്യതയായി മാറിയിരിക്കുന്നു. മറ്റെന്തിലൊക്കെയോ നമ്മുടെ ശ്രദ്ധ പിടിച്ചുനിർത്തുവാനുള്ള ചുറ്റുവട്ടത്തിന്റെ പരിശ്രമങ്ങളെ നമുക്ക് അതിജീവിക്കാം. അക്കാഡമിയുടെ വിവിധ സംവിധാനങ്ങൾ നമ്മുടെ മക്കൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് നമുക്ക് ഉറപ്പുവരുത്താം.

## I. U.G.C. NET Crash Coaching

സർവ്വകലാശാലകളിലും കോളേജുകളിലും ശാസ്ത്ര-മാനവിക വിഷയങ്ങളിൽ അദ്ധ്യാപകരാകുവാനും ജൂണിയർ റിസേർച്ച് ഫെലോഷിപ്പോടെ ഗവേഷണത്തിനുമുള്ള യോഗ്യതാപരീക്ഷയായ U.G.C., NET പരീക്ഷ ഡിസംബർ 9-ാം തിയതി മുതൽ പുതിയ പരീക്ഷാസംവിധാനങ്ങളോടെ നടത്തപ്പെടുകയാണ്.

NET പരീക്ഷയ്ക്ക് ഒരുക്കമായി സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7 ഞായറാഴ്ച മുതൽ ആർട്സ് വിഷയങ്ങളിൽ രണ്ടു മാസം നീണ്ടുനിൽക്കുന്ന Crash Coaching ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ വച്ച് ആരംഭിച്ചു. 10 am-4 pm വരെയാണ് ക്ലാസുകൾ നടത്തപ്പെടുന്നത്. 10 ഞായറാഴ്ചകളിലായുള്ള കോഴ്സാണിത്. വിവിധ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും പ്രഗല്ഭ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചുകൊണ്ടിരിക്കുന്നു.

## II. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET രണ്ടാം ബാച്ചിന്റെ പരിശീലനം 14.10.2018 ഞായറാഴ്ച ഇരിട്ടിയിൽ സമാപിച്ചു. മൂന്നാംബാച്ചിന്റെ പരിശീലനം നവംബർ മാസം 18-ാം തിയ്യതി മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ചർച്ച് ഓഡിറ്റോറിയം, തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## III. Entrance Crash Coaching

ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി ഒരുമാസക്കാലം നീണ്ടുനിൽക്കുന്ന Entrance Crash Coaching 2019 മാർച്ച് 28 മുതൽ അതിരൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ആരംഭിക്കപ്പെടുന്നതാണ്. പേരാവൂർ, കുന്നോത്ത്, ആലക്കോട്, വെള്ളരിക്കുണ്ട് എന്നീ കേന്ദ്രങ്ങളിലായിരിക്കും Crash Coaching നൽകപ്പെടുക. വിദ്യാർത്ഥികൾക്ക് ഭവനങ്ങളിൽ നിന്ന് ദിനംപ്രതി കോച്ചിംങ് സെന്ററുകളിൽ എത്തിച്ചേരാവുന്ന വിധത്തിലാണ് ക്ലാസുകൾ ക്രമപ്പെടുത്തുന്നത്. ഓരോ സെന്ററുകളിലും പരമാവധി 50 കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ തന്നെ സീറ്റുകൾ പരിമിതമായിരിക്കും. ബഹു.അച്ചൻമാർ നമ്മുടെ ഇടവകകളിലെ മിടുക്കരായ കുഞ്ഞുങ്ങളെ സെന്ററുകളിലേക്ക് പറഞ്ഞയയ്ക്കുമല്ലോ. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സെന്ററുകളോട് അനുബന്ധിച്ചിട്ടുള്ള സ്ഥലങ്ങളിൽ താമസസൗകര്യം ക്രമീകരിക്കാൻ സഹായിക്കുന്നതാണ്.

## IV. Bridge +

2020 ലെ എൻട്രൻസ് പരീക്ഷ ലക്ഷ്യമാക്കി ഈ വർഷം +1 ലേക്ക് പ്രവേശിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് നല്കികൊണ്ടിരിക്കുന്ന ഒന്നാം വർഷ എൻട്രൻസ് പരിശീലനം വിജയകരമായി ഇരിട്ടി പുഷ്പാരാം ഐ.ടി.ഐ യിൽ വച്ചും തോമാപുരം എച്ച്. എസ്. എസ് ൽ വച്ചും നടന്നുകൊണ്ടിരിക്കുന്നു. ഒന്നാം വർഷ പരിശീലനം അവസാനഘട്ടത്തിലാണുള്ളത്. +1 ക്ലാസ്സിലെ മുഴുവൻ വിഷയങ്ങളും കുട്ടികൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു. മാത്രവുമല്ല വിവിധ ഗവൺമെന്റ് സ്കോളർഷിപ്പ് പരീക്ഷകൾ എഴുതുവാൻ കുട്ടികൾ സജ്ജരായി കഴിഞ്ഞിരിക്കുന്നു. 2019 വർഷത്തിലേക്കുള്ള +1, +2 എൻട്രൻസ് അഡ്മിഷൻ നവംബർ മാസം മുതൽ ആരംഭിക്കുന്നതാണ്.

കുന്നോത്ത്, തോമാപുരം എന്നിവയ്ക്ക് പുറമെ വെള്ളരിക്കുണ്ട്, ആലക്കോട് എന്നിവിടങ്ങളിലും പുതിയ എൻട്രൻസ് കോച്ചിംങ്& ട്യൂഷൻ സെന്ററുകൾ അടുത്ത അധ്യയന വർഷത്തിൽ സാൻജോസ് അക്കാഡമി ആരംഭിക്കുന്നതാണ്.

## V. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C. , U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാതലമാണിത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പൈസക്കരി ദേവമാതാ കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി 200 ഓളം വിദ്യാർത്ഥികൾ പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

## VI. അദ്ധ്യാപക ഒഴിവ്

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയ

ങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്ന താണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗ ൽഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. ഈ വിവരം ബഹു. വികാരിയച്ചന്മാർ നമ്മുടെ ഇടവകകളിൽ അറിയിക്കുമല്ലോ. യോഗ്യ രായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ സാൻജോസ് അക്കാഡമിയുമായി ബന്ധ പ്പെടാൻ പ്രോത്സാഹിപ്പിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിം ങ്ങിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ യോഗ്യ രായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അദ്ധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പടുത്താവുന്നതാണ്.

## സെമിനാറുകൾ - ക്ലാസ്സുകൾ

മാതാപിതാക്കൾ, പി.ടി.എ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കുവേണ്ടി യുള്ള പ്രത്യേക ക്ലാസ്സുകളും സെമിനാറുകളും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ഇടവകകളിലും, സ്ഥാപനങ്ങളിലും നടത്തിക്കൊടുക്കുകയും ആവശ്യമായ റിസോഴ്സ് പേഴ്സൺസിനെ ക്രമീകരിച്ച് നല്കുന്നതുമാണ്. ആവശ്യമെങ്കിൽ സാൻജോസ് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

1. 21.10.2018 ഞായറാഴ്ച ഭീമനടി ഇടവകയിൽ ബഹു.പയസ് പടിഞ്ഞാറെമു റിയിലച്ചൻ വി. കുർബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഇതിനവസരം നൽകിയ ബഹു. ആൻഡ്രൂസ് തെക്കേലച്ചനെ ഏറെ നന്ദിയോടെ സ്മരിക്കുന്നു. ഉച്ച കഴിഞ്ഞ് തോമാപുരം ഫൊറനയുടെ ആഭിമുഖ്യത്തിൽ ചട്ടമലയിൽ വച്ച് നടത്തപ്പെട്ട യൂത്ത് കൺവെൻഷൻ-ആർമിയെ അഭിസബോധന ചെയ്ത് ബഹു. ഡയറക്ടറച്ചൻ സാൻജോസ് അക്കാഡമിയെക്കുറിച്ച് സംസാരിച്ചു.
2. 22.10.2018 തിങ്കളാഴ്ച തലശ്ശേരി സന്ദേശഭവനിൽ വച്ചു നടന്ന ഏക സ്ഥർക്കുവേണ്ടിയുള്ള കൂട്ടായ്മയിൽ ഫാമിലി അപ്പസ്റ്റോലേറ്റുമായി സഹ കരിച്ച് സാൻജോസ് അക്കാഡമി ക്ലാസ്സുകൾ ക്രമപ്പെടുത്തി.
3. 27.10.2018 ശനിയാഴ്ച കുന്നോത്ത് ഫൊറോന മാതൃവേദിയുടെ നേതൃത്വ പരിശീലന ശില്പശാലയിൽ സാൻജോസ് അക്കാഡമിക്ക് വേണ്ടി ബഹു. ഡയറക്ടറച്ചൻ ക്ലാസ്സുകൾ നയിച്ചു.
4. 28.10.2018 ഞായറാഴ്ച ദിയാക്കോണിയയുടെ ആഭിമുഖ്യത്തിൽ ബഹു. ഡയറക്ടറച്ചൻ പടിയൂർ ഇടവക സന്ദർശിക്കുകയും വി.കുർബാന അർപ്പി ക്കുകയും അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

### ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹാ യസഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്.

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

എ.പി.ജെ അബ്ദുൾകലാം കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ഇന്റർ കോളേജിയേറ്റ് ടൂർണ്ണമെന്റുകൾക്ക് ചെമ്പേരി വിമൽ ജ്യോതി വേദിയായി. ചെസ്സ് ടൂർണ്ണമെന്റ്, ബാഡ്മിന്റൺ ടൂർണമെന്റ്, സോഫ്റ്റ്ബോൾ ടൂർണ്ണമെന്റ് എന്നിവയിൽ വിമൽ ജ്യോതി ടീമുകൾ മികച്ച പ്രകടനം കാഴ്ച്ച വച്ചു. വിമൽ ജ്യോതിയുടെ പുരുഷ ബാസ്ക്കറ്റ്ബോൾ ടീം രണ്ടാം സ്ഥാനവും വനിത ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റിൽ സി.ഇ.റ്റി തിരുവനന്തപുരം ഒന്നാം സ്ഥാനവും, രാജഗിരി കോളേജ് രണ്ടാം സ്ഥാനവും, വിമൽ ജ്യോതി ചെമ്പേരി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് മേധാവി പ്രൊഫ.ഷാജി എം.എക്കും, കോച്ച് ജാൻസി മിസ്സിനും പ്രത്യേക അഭിനന്ദനങ്ങൾ.

## പ്ലേസ്മെന്റ് വാർത്തകൾ

1. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര ഐ.റ്റി കമ്പനിയായ ഐ.ബി.എസ് ടെക്നോളജീസ് വിമൽ ജ്യോതിയിൽ നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത നമ്മുടെ കുട്ടികളിൽ 6 പേർ തിരഞ്ഞെടുക്കപ്പെട്ടു.
2. പ്രമുഖ ട്രെയിനിംഗ് കമ്പനിയായ കോൺഫിഡന്റ് കൊച്ചി, വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 5,6 തീയതികളിൽ പ്രത്യേക പരിശീലന പരിപാടി നടത്തി.
3. TATA Consultancy Services (TCS) നടത്തിയ നാഷണൽ ക്വാളിഫയർ ടെസ്റ്റിൽ വിമൽ ജ്യോതിയിൽ നിന്നും രണ്ടുപേർ വിജയികളായി.
4. ഒക്ടോബർ 4-ാം തീയതി ഇന്ത്യൻ നേവി വിമൽ ജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി.

## North Malabar Spelling Bee Competition 2018

ലോകഭാഷയായ ഇംഗ്ലീഷിനോട് പുതിയ തലമുറക്ക് ആഭിമുഖ്യം വളർത്തേണ്ടത് ഇന്നത്തെ ഇന്റർനെറ്റ് യുഗത്തിൽ വളരെ അത്യാവശ്യമാണ്. ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനുള്ള നൈപുണ്യം നേടിയാൽ കുട്ടികൾക്ക് പഠനമേഖലയിലും, തുടർന്ന് തൊഴിൽമേഖലയിലും അത് കൂടുതൽ കരുത്ത് പകരുമെന്ന കാര്യത്തിൽ സംശയം ഇല്ല. ഇംഗ്ലീഷ് ഭാഷയിലുള്ള മികവു പ്രകടിപ്പിക്കുന്നതിനുള്ള Spelling Bee Competition അന്തർദേശീയ തലത്തിൽ നടത്തപ്പെടുന്ന ഒരു മത്സര ഇനമാണ്.

ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നവംബർ 22-ാം തീയതി 10.30ന് നടത്തുന്ന മത്സരത്തിൽ ഉത്തരമലബാറിലെ താല്പ

ര്യമുള്ള പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. ഒരു സ്കൂളിൽ നിന്നും 5 കുട്ടികൾക്കാണ് അവസരം ലഭിക്കുക. Govt., Aided, Unaided, CBSE, ICSC തുടങ്ങിയ സ്കൂളുകളിലെ കുട്ടികൾക്ക് പങ്കെടുക്കാം. ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടുന്ന കുട്ടികൾക്ക് യഥാക്രമം Rs.10000/-, Rs.7000/-,Rs.5000/ വീതം സമ്മാനങ്ങൾ നൽകുന്നു. കൂടാതെ അവസാന റൗണ്ടിൽ എത്തുന്ന പത്ത് പേർക്ക് 1000/- രൂപാ വീതം പ്രോത്സാഹന സമ്മാനവും നൽകുന്നു.

## ജീസസ് യൂത്ത് ഔട്ട് റീച്ച് - കരുണാപുരം കാരുണ്യ ഭവനിൽ

ജീസസ് യൂത്ത് കണ്ണൂർ സോണിന്റെ കീഴിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന വിമൽജ്യോതിയിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങൾ ഒത്തിരിയേറെ മാതൃകാപരമായി മുന്നോട്ടുനീങ്ങുന്നു. കോളേജിലെ പ്രാർത്ഥനയും അനുബന്ധ സാമൂഹ്യ പ്രവർത്തനങ്ങളോടൊപ്പം ഇതരമതസ്ഥർക്കൊപ്പം മറ്റ് പ്രവർത്തനങ്ങളും സംഘടിപ്പിക്കാറുണ്ട്. ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച്ച കരുണാപുരത്തുള്ള കാരുണ്യ ഭവനിൽ ഏകദിന ശുശ്രൂഷ നടത്തി. ചെയർമാൻ ഫാ.തോമസ് മേൽവെട്ടത്ത്, ചാപ്ലിൻ ജിനു അച്ചൻ, അദ്ധ്യാപകർ, അൻപതിലേറെ പ്രവർത്തകർ എന്നിവരാണ് ജീസസ് യൂത്ത് ഔട്ട് റീച്ച് എന്ന പേരിലുള്ള ഈ പരിപാടിയിൽ സംബന്ധിച്ചത്. കരുണാപുരം വികാരി വെരി. റവ. ഫാ. ജിയോ പുളിക്കൽ ക്യാമ്പ് സന്ദർശിച്ച് കുട്ടികളെ പ്രോത്സാഹിപ്പിച്ചു.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ച്

വിമൽജ്യോതി എം.ബി.എ കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ റൂറൽ ക്യാമ്പ് മാനന്തവാടി വാളാടിനടുത്തുള്ള കുന്നോത്തുവച്ച് ഒക്ടോബർ 17 മുതൽ 21 വരെ നടത്തി. ഭാവി മാനേജർമാരെ വാർത്തെടുക്കാൻ ഉതകുന്ന തരത്തിലുള്ള രൂപീകരണ പ്രവർത്തനങ്ങളാണ് ഈ ക്യാമ്പിൽ ഉൾക്കൊള്ളിച്ചിരുന്നത്. രാവിലെ മുതൽ ഉച്ചവരെ പ്രളയകെടുതിയിൽ വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തിന്റെ ഭവന നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തിയത്. ഉച്ചയ്ക്കുശേഷം ഡിജിറ്റൽ എഫിഷ്യൻസി സർവ്വേ സമീപ കോളനികളിൽ നടത്തി. വൈകുന്നേരങ്ങളിൽ വ്യത്യസ്ഥമായ മാനേജ്മെന്റ് ഗെയിമുകളും പ്രകൃതി സഹവാസ യാത്രകളും കലാപരിപാടികളും നടത്തി.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# കരിസ്മാറ്റിക് നവീകരണരംഗം

ജറീക്കോ പ്രാർത്ഥന :- 2018 ഒക്ടോബർ 4-ാം തീയതി വ്യാഴാഴ്ച 9.30 മുതൽ 4 മണി വരെ തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച്  ജറീക്കോ പ്രാർത്ഥന സമ്മേളനം നടത്തി. ഭാരത സുവിശേഷവൽക്കരണം, രാജ്യത്തിന്റെ ക്ഷേമം എന്നിവ ലക്ഷ്യം വച്ച് ഭാരത്തിലെ 174 കത്തീഡ്രൽ ദൈവാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ  ജറീക്കോ പ്രാർത്ഥന തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. വചനസന്ദേശത്തിൽ പ്രാർത്ഥനകൊണ്ട്  പരിഹരിക്കപ്പെടാത്തതായി ഒന്നുമില്ല എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. മുൻസോണൽ കോ-ഓർഡിനേറ്ററും കെ.എ.സി. അംഗവുമായ ശ്രീ മത്തായികുഞ്ഞ് മുഖ്യഭാഷണം നടത്തി. ജറീക്കോ പ്രാർത്ഥനയുടെ ലക്ഷ്യവും പ്രസക്തിയും വ്യക്തമാക്കി. രൂപതാ കരിസ്മാറ്റിക് ഡയറക്ടർ ഫാ. ജോസഫ് മഞ്ചപ്പള്ളി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നടത്തി. തുടർന്ന് കത്തീഡ്രൽ ദൈവാലയംചുറ്റി 7 പ്രാവശ്യം ജറീക്കോ പ്രാർത്ഥന നടത്തി. എൻ.എസ്.ടി. മെമ്പർ ശ്രീ സന്തോഷ് തലച്ചിറ ആരാധനയ്ക്ക് നേതൃത്വം നൽകി. സെമിനാരി റെക്ടർ ഫാ. ജോർജ് കരോട്ട്, വൊക്കേഷൻ പ്രമോട്ടർ ഫാ. ജോസഫ് വയലുങ്കൽ, ഫാ. ജെയ്സൺ കോലക്കുന്നേൽ,  ഫാ. മാത്യു ഇളംതുരുത്തിപടവിൽ, ഫാ.മാത്യു ശാസ്താംപടവിൽ എന്നിവരും സോണൽ കോ-ഓർഡിനേറ്റർ അപ്പച്ചൻ ചക്കിട്ടമുറിയിൽ, സെക്രട്ടറി ഷാജി ചെട്ട്യാംശ്ശേരി ട്രഷറർ സെബാസ്റ്റ്യൻ കളപ്പുര എന്നിവരും കൂത്തുപറമ്പ് സബ്സോൺ കോ-ഓർഡിനേറ്റർ ശ്രീ തോമസ് ഇരുപ്പക്കാട്ട്, ശ്രീ ജോസഫ് സാർ എന്നിവരും നേതൃത്വം നൽകി. സോൺ സർവ്വീസ് ടീം അംഗമായ ഡോ. റോസി ടീച്ചർ നന്ദി പറഞ്ഞു 300ഓളം പേർ പരിപാടിയിൽ  പങ്കെടുത്തു.

**PUSH (Pray Until Something Happens)**

2018 നവംബർ 18 മുതൽ 21 വരെ ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വെച്ചുനടക്കുന്ന ദേശീയ മധ്യസ്ഥപ്രാർത്ഥനാ കോൺഫ്രൻസിന്റെ മൊസിലൈസേഷൻ നടന്നുകൊണ്ടിരിക്കുന്നു 100 പേർ രജിസ്റ്റർ ചെയ്തു പങ്കെടുക്കുവാനൊരുങ്ങുന്നു.

**നാഷണൽ കൺവെൻഷൻ** : മേഘാലയിലെ ഷില്ലോങ്ങിൽവച്ച് ഒക്ടോബർ 19മുതൽ 21 വരെ നടക്കുന്ന 17-ാമതു നാഷണൽ കൺവെൻഷനിൽ സോണിൽ നിന്ന് 6 പേർ പങ്കെടുക്കുന്നു.

**മിഷൻയാത്ര** : ഒക്ടോബർ 14 മുതൽ 27 വരെ നോർത്ത് ഈസ്റ്റ് നേപ്പാൾ ഭാഗത്തേയ്ക്ക് മിഷൻ യാത്ര നടത്തുന്നു. സോണിന്റെ രണ്ടാം മിഷൻ യാത്രയ്ക്ക് എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

# ഇൻഫാം വാർത്തകൾ

കേരളത്തിലുണ്ടായ മഹാപ്രളയത്തിൽ 1600 കോടിയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കാലാവസ്ഥ വ്യതിയാനത്തിൽ നിലവിലുണ്ടായിട്ടുള്ള ഉല്പാദക നഷ്ടം ആരും കണക്കാക്കുന്നില്ല. പ്രധാന നാണ്യവിളയായ റബ്ബറിന് 50% ഉല്പാദനക്കുറവാണ് കണക്കാക്കുന്നത്. നാളികേരവും കുരുമുളകും നാശത്തിന്റെ പാതയിലാണ് ചില പ്രദേശങ്ങളിൽ മരങ്ങൾ കൂട്ടത്തോടെ ഉണങ്ങുകയാണ്. ഇത്തരത്തിൽ കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ വിലയിരുത്തുവാനോ സഹായകമായ പദ്ധതികൾ നടപ്പിലാക്കുവാനോ ഭരണാധികാരികൾ തയ്യാറല്ല. കർഷകർക്കുവേണ്ടി രാഷ്ട്രീയക്കാർ നടത്തുന്ന മുതലക്കണ്ണീർ കർഷകർ തിരിച്ചറിയണം. കാർഷിക സബ്സീഡിയുടെ പേരിൽ നടക്കുന്ന അഴിമതിക്കും ധൂർത്തിനുമെതിരെ പോരാടാൻ കർഷകർ തയ്യാറാകണം. ഇനിയുള്ളകാലം കർഷകനെ കാത്തിരിക്കുന്നത് വറുതിയുടെ നാളുകളാണ്. ഈ സാഹചര്യത്തെ കർഷകർ ഒറ്റക്കെട്ടായി നേരിടേണ്ടതുണ്ട്. കേരളത്തിൽ ഒരു കാർഷീക പുനഃസൃഷ്ടിക്കായുള്ള പരിശ്രമത്തിൽ പങ്കാളികളാകാം.

## ഇൻഫാം കണ്ണൂർജില്ലാ ജനറൽബോഡി

06.10.18ന് ശനിയാഴ്ച രാവിലെ 11 മണിക്ക് ശ്രീകണ്ഠാപുരം പാരീഷ് ഹാളിൽ ഇൻഫാം ജില്ലാ ജനറൽബോഡി യോഗം ചേർന്നു. ജില്ലാ പ്രസിഡണ്ട് സ്കറിയ നെല്ലംകുഴിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം നിർവ്വഹിച്ചു.

---

**തിരുവചനകളരി** : ഓൾകേരള ക്രിസ്റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ലീഡേഴ്സിനായി തിരുവചനകളരി ട്രയിനിംഗ് പ്രോഗ്രാം നടത്തി. ഓൾ കേരളാ കോ-ഓർഡിനേറ്റർ ബെന്നി സാർ പരിപാടികൾക്ക് നേതൃത്വം നൽകി.

**കരിസ്മാറ്റിക് സന്ധ്യ** : നെടുപുറംചാൽ ദൈവാലയത്തിൽ 13-ാം തീയതി കരിസ്മാറ്റിക് സന്ധ്യ നടത്തി. 11-ാം തീയതി ഹോംമിഷൻ നടത്തി. സി. മേരി മാത്യു വചനസന്ദേശം നൽകി.

**ജാഗരണ പ്രാർത്ഥന** : എല്ലാ മാസവും 3-ാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടക്കുന്നു. ഓൾ കേരള മധ്യസ്ഥപ്രാർത്ഥനാ കോ-ഓർഡിനേറ്റർ ശ്രീ വർഗ്ഗീസ് പോൾ 19-ാം തീയതി ക്ലാസ്സെടുക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

ജില്ലാ ജനറൽ സെക്രട്ടറി ശ്രീ സണ്ണി തുണ്ടത്തിൽ സ്വാഗതവും ജില്ലാ സെക്രട്ടറി ജോസ് തോണിക്കൽ നന്ദിയും പറഞ്ഞു. ശ്രീ സണ്ണി പുല്ലുവേലിൽ, ശ്രീ ഷാജി തെക്കേക്കര, ലാലിച്ചൻ കുഴിയാത്ത് എന്നിവർ പ്രസംഗിച്ചു. ഫൊറോന പ്രസിഡന്റുമാർ റിപ്പോർട്ട് അവതരിപ്പിച്ചു.

## തീരുമാനങ്ങൾ

ഇൻഫാം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാകമ്മിറ്റികൾ വിളിച്ചു ചേർക്കുവാനും ഇൻഫാം ജില്ലാ ഭാരവാഹികൾ പങ്കെടുക്കുവാനും തീരുമാനിച്ചു.

## കർഷക രജിസ്ട്രേഷൻ

ഇൻഫാമിന്റെ നവംബർമാസ പ്രവർത്തനമായി ഇടവകകൾ കേന്ദ്രീകരിച്ച് കർഷക കാമ്പയനിലൂടെ കർഷക രജിസ്ട്രേഷൻ ചെയ്യാൻ കർഷകരെ സഹായിക്കാൻ തീരുമാനിച്ചു. സർക്കാർ പുതുതായി കർഷക ബോർഡ് സ്ഥാപിക്കാനുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു ഭാവിയിൽ കർഷകർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കർഷക രജിസ്ട്രേഷന്റെ അടിസ്ഥാനത്തിലായിരിക്കും ലഭ്യമാക്കുക. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഓരോ ഇടവകയിലെയും എല്ലാ മതസ്ഥരായിട്ടുള്ള കർഷകരെ ഉൾപ്പെടുത്തി കാമ്പയിൻ വജയിപ്പിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## കടാശ്വാസ കമ്മീഷനുള്ള ഫോം വിതരണം

കേരള സർക്കാർ കേരളാ കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടുകയും ഒക്ടോബർ 30 വരെ അപേക്ഷകൾ സ്വീകരിക്കാനുള്ള കാലാവധി നിശ്ചയിക്കുകയും ചെയ്തു. സംഘടനയുടെ നേതൃത്വത്തിൽ കടാശ്വാസ കമ്മീഷന് അപേക്ഷ നല്കാനുള്ള ഫോറാം ആലക്കോട്, ചെമ്പേരി, ഉളിക്കൽ, ഇരിട്ടി, പേരാവൂർ മേഖലകളിൽ വിതരണം നടത്തുകയും ലഭിച്ച അപേക്ഷകൾ തിരുവനന്തപുരത്ത് കടാശ്വാസകമ്മീഷന് എത്തിച്ച് നല്കുകയും ചെയ്തു.

## വിത്ത് വിതരണം

വായാട്ടുപറമ്പ്, എടൂർ മേഖലകളിൽ ഇൻഫാം മേഖലാ കമ്മറ്റികളുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുകയുണ്ടായി ഈ പദ്ധതിക്ക് നേതൃത്വം നല്കിയ ഇൻഫാം മേഖലാ ഡയറക്ടർമാർക്കും മേഖലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

## വന്യമൃഗ ശല്യം

മലയോര മേഖലയുടെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗശല്യം അതിരൂക്ഷമായി തുടരുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ കൃഷി നാശമാണ് കണക്കാക്കിയിട്ടുള്ളത്. വന്യമൃഗപ്രതിരോധ സംവിധാനത്തിലൂടെ കർഷകരെ സഹായിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റി സർക്കാരിനോടാവശ്യപ്പെട്ടു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

വിശ്വാസജീവിതവും സഭാമനോഭാവവും കൊടുങ്കാറ്റിൽപ്പെട്ടത്പോലെ ഉലയുമ്പോൾ നമ്മുടെ ജനത്തെ വിശ്വാസത്തിൽ ചേർത്ത് നിറുത്താനുള്ള ശക്തമായ ഇടപെടലാണ് കുടുംബകൂട്ടായ്മ രൂപീകരണത്തിലൂടെ സാധിക്കുന്നത്.

"മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണ് കള്ളൻ വരുന്നത് (യോഹ 10:10) എന്ന താക്കീത് നാം ഗൗരവത്തിൽ എടുക്കണം. കർത്താവിന്റെ ജനത്തെ നശിപ്പിക്കുവാൻ വരുന്ന സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്ത് നിൽക്കുവാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കണം നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയണ്ടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ് പടവെട്ടുന്നത് (എഫേ 6:11-12) അതിനാൽ കാര്യങ്ങൾ പറഞ്ഞ് ജനത്തെ ബോധവൽക്കരിച്ച് കൂട്ടായ്മകൾ രൂപീകരിക്കണം. ചില സംശയങ്ങളും അസ്വസ്ഥതകളും എതിർപ്പുകളും ഉണ്ടാകാം. അത് സ്വഭാവികമാണ്. സ്കൂളിൽ പോകാൻ കുട്ടി മടികാണിച്ചാലും പഠിക്കില്ലെന്ന് പറഞ്ഞാലും കുട്ടിയുടെ നല്ല ഭാവിയെ ആഗ്രഹിക്കുന്നവർ സ്നേഹപൂർവ്വമായും ഇത്തിരി നിർബന്ധിച്ചും സ്കൂളിൽ വിടുമല്ലോ. ജനത്തെ പ്രശാന്തമായ മേച്ചിൽപ്പുറങ്ങളിലേക്ക് നയിക്കേണ്ട ഇടയന്മാരായ നാം ഈ അജപാലന ശുശ്രൂഷ ഗൗരവത്തോടും തീക്ഷണതയോടുംകൂടി നിറവേറ്റണമെന്ന് ഓർമ്മിപ്പിക്കുന്നു.

മിക്കവാറും എല്ലാ ഇടവകകളിലും യൂണിറ്റുകളുടെ രൂപീകരണം നടന്നു കഴിഞ്ഞു. ചിലരൊക്കെ ഭാരവാഹികളുടെ ലിസ്റ്റ് എത്തിച്ചിട്ടുണ്ട്. മറ്റുള്ളവർ നവംബർ 10ന് മുൻപായി ലിസ്റ്റ് ഫ്രൂട്ട്സിന്റെ ഓഫീസിൽ എത്തിക്കണം.

### യൂണിറ്റ് ഭാരവാഹികളുടെ ഫൊറോന സമ്മേളനം

നവംബർ മൂന്ന് നാല് ആഴ്ചകളിലായി ഫൊറോന തലത്തിൽ യൂണിറ്റ് ഭാരവാഹികളുടെ സമ്മേളനം വിളിച്ച് ചേർക്കുന്നതാണ്. ഓരോ യൂണിറ്റിൽ നിന്നുള്ള അഞ്ച് ഭാരവാഹികളാണ് ( പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കൺവീനർ) ഈ പഠനപരിപാടിയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാർ സമ്മേളനത്തിൽ പങ്കെടുക്കും. കുടുംബക്കൂട്ടായ്മ നന്നായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും പ്രാർത്ഥന നടത്തുന്ന രീതികളും യോഗത്തിൽ അവതരിപ്പിക്കുന്നതാണ്. ഭാരവാഹികൾക്കുള്ള പരിശീലനപരിപാടി ആയതിനാൽ നിർബന്ധമായും അവരെ പങ്കെടുപ്പിക്കുവാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. അഭിവന്ദ്യപിതാക്കന്മാരുടെ സൗകര്യമനുസരിച്ച് ഫൊറോനതലയോഗങ്ങളുടെ തീയതി നിശ്ചയിക്കുകയാണ്. മറ്റ് തീയതികൾ പ്രായോഗികമായി ഇല്ല. അതിനാൽ ഫൊറോന വികാരിയച്ചനും ഫൊറോന ഡയറക്ടക്ടർമാരും ആലോചിച്ച് യോഗം നടത്തുവാനുള്ള സംവി

ധാനങ്ങൾ ഒരുക്കണം. രാവിലത്തെ യോഗങ്ങൾ 10 മണിക്കും ഉച്ചകഴിഞ്ഞു ള്ളവ 2.00 നും കൃത്യം ആരംഭിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ഉച്ച ഭക്ഷണം സ്വയം കരുതേണ്ടതാണ്. അഭിവന്ദ്യപിതാവ് മുഖ്യസന്ദേശം നൽകി കൂട്ടായ്മ സംഘടിപ്പിക്കുവാൻ നേതാക്കന്മാരെ ഉദ്ബോധിപ്പിക്കും.

## ഫൊറോന സംഗമങ്ങളുടെ പുതിയ തീയതികൾ

| ന. | തീയതി | സമയം | ഫൊറോന | ചീഫ് ഗസ്റ്റ് |
|---|---|---|---|---|
| 1. | 16.11.2018 വെള്ളി | 02.00 pm | പനത്തടി | മാർ ജോസ്ഫ് പാംപ്ലാനി |
| 2. | 17.11.2018 ശനി | 10.00 am | മേരിഗിരി | മാർ ജോസ്ഫ് പാംപ്ലാനി |
| 3. | 18.11.2018 ശനി | 02.00 pm | വായാട്ടുപറമ്പ | മാർ ജോസ്ഫ് പാംപ്ലാനി |
| 4. | 19.11.2018 തിങ്കൾ | 10.00 am | ആലക്കോട് | മാർ ജോസ്ഫ് പാംപ്ലാനി |
| 5 | | 02.00 pm | തോമാപുരം | മാർ ജോസ്ഫ് പാംപ്ലാനി |
| 6 | 20.11.2018 ചൊവ്വ | 02.00 pm | ചെറുപുഴ | മാർ ജോസ്ഫ് പാംപ്ലാനി |
| 7 | 21.11.2018 ബുധൻ | 10.00 am | പൈസക്കരി | മാർ ജോസ്ഫ് പാംപ്ലാനി |
| 8 | 22.11.2018 ബുധൻ | 02.00 pm | നെല്ലിക്കാംപൊയിൽ | മാർ ജോസ്ഫ് പാംപ്ലാനി |
| 9 | 23.11.2018 വെള്ളി | 10.00 am | പേരാവൂർ | മാർ ജോർജ് ഞറളക്കാട്ട് |
| 10 | | 02.00 pm | എടൂർ | മാർ ജോസഫ് പാംപ്ലാനി |
| 11 | 26.11.2018 തിങ്കൾ | 02.00 pm | ചെമ്പന്തൊട്ടി | മാർ ജോസ്ഫ് പാംപ്ലാനി |
| 12 | 28.11.2018 ബുധൻ | 02.00 pm | കുന്നോത്ത് | മാർ ജോർജ് ഞറളക്കാട്ട് |
| 13 | 29.11.2018 വ്യാഴം | 10.00 am | കാഞ്ഞങ്ങാട് | മാർ ജോസ്ഫ് പാംപ്ലാനി |
| 14 | | 02.00 pm | തളിപ്പറമ്പ | മാർ ജോർജ് ഞറളക്കാട്ട് |
| 15 | 30.11.2018 വെള്ളി | 10.00 am | വെള്ളരിക്കുണ്ട് | മാർ ജോസ്ഫ് പാംപ്ലാനി |
| 16 | | 02.00 pm | ചെമ്പേരി | മാർ ജോസ്ഫ് പാംപ്ലാനി |

## പ്രാർത്ഥനാപുസ്തകങ്ങൾ

ഡിസംബർ ആദ്യആഴ്ച മുതൽ പുതിയ രീതിയിൽ കൂട്ടായ്മ നടത്തുവാൻ സഹായിക്കുന്ന പ്രാർത്ഥനാപുസ്തകവും, റിപ്പോർട്ട്-ഹാജർബുക്കും നിയമാവലിയും തയ്യാറായിട്ടുണ്ട്. ഫൊറോന സമ്മേളനങ്ങളിൽ അത് വിതരണം ചെയ്യുന്നതാണ്. പ്രാർത്ഥനാപുസ്തകത്തിന് 25 രൂപയും റിപ്പോർട്ട്-ഹാജർ ബുക്കിന് 40 രൂപയും നിയമാവലി ഗ്രന്ഥത്തിന് 20 രൂപയുമാണ് വില. ഒരു വീടിന് രണ്ട് പ്രാർത്ഥനാപുസ്തകമെങ്കിലും വേണം. അതിനുപുറമേ ഓരോ യൂണിറ്റിനും പൊതുവായ കുറച്ച് പുസ്തകങ്ങളും കരുതണം. ഒരു യൂണിറ്റിന് ഒരു റിപ്പോർട്ട്-ഹാജർ ബുക്കും ഒരു നിയമാവലി ഗ്രന്ഥവും ആവശ്യമാണ്.

സമ്മേളനങ്ങൾക്ക് വരുമ്പോൾ ബഹു. അച്ചന്മാർ തങ്ങളുടെ ഇടവകയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ വില തന്ന് വാങ്ങിക്കണം. പിന്നിട് യൂണിറ്റുകളിൽനിന്നും വ്യക്തികളിൽനിന്നും അത് ശേഖരിക്കുവാൻ സാധിക്കുമല്ലോ. താല്പര്യപൂർവ്വം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സംഘടന പ്രതിനിധികളുടെ സമ്മേളനം

ഓരോ യൂണിറ്റിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന സംഘടനപ്രതിനിധികളെ സംഘടനയുടെ ഇടവക, ഫൊറോന തലങ്ങളിൽ വിളിച്ച് ചേർക്കേണ്ടതാണ്. ഓരോ സംഘടനയും അപ്രകാരം ശക്തിപ്പെടുത്തുവാൻ സാധിക്കും. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രതിനിധികളെ വിളിച്ച് ചേർത്ത് ഫൊറോന കൺവെൻഷൻ ആദ്യമേ നടത്തുവാൻ ആസൂത്രണം ചെയ്തു കഴിഞ്ഞു. യൂണിറ്റ് പ്രതിനിധികളെ ഫൊറോന തല സമ്മേളനത്തിലേയ്ക്ക് പറഞ്ഞയക്കണമെന്ന് വികാരിയച്ചന്മാരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇടവകയിൽ പ്രവർത്തിക്കുന്ന ഓരോ സംഘടനയും ശക്തിപ്പെടുമ്പോൾ 'ദിയാക്കോണിയ' സംവിധാനവും അതിന്റെ പ്രവർത്തനപദ്ധതികളും വൻവിജയമാക്കുവാൻ സാധിക്കും.

## ഫൊറോന ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

എല്ലാ ഇടവകകളിലും യൂണിറ്റ് രൂപീകരണം നടന്ന് കഴിഞ്ഞോ എന്ന് ശ്രദ്ധിക്കുകയും ഭാരവാഹികളുടെ ലിസ്റ്റ് ശേഖരിക്കുകയും ചെയ്യുമല്ലോ. എവിടെയെങ്കിലും തടസ്സം നേരിടുന്നുവെങ്കിൽ നേരിട്ട് ഇടപെട്ട് പരിഹരിക്കണമെന്ന് അപേക്ഷിക്കുന്നു. എല്ലാ യൂണിറ്റുകളും രൂപീകരിച്ചാൽ മാത്രമേ ഫൊറോനതല സമ്മേളനത്തിൽ പരിശീലനം കൊടുക്കുവാൻ സാധിക്കൂ.

ഈ മാസത്തെ ഫൊറോന മാസധ്യാനത്തിൽ ഫൊറോനതല-പരിശീലന സമ്മേളനത്തെക്കുറിച്ച് അച്ചന്മാരെ ഓർമ്മിപ്പിക്കണം. ഓഫീസ് എല്ലാദിവസവും പ്രവർത്തിക്കുന്നുണ്ട്.

ഫ്രൂട്ട്സിന്റെ ഓഫീസ് നമ്പർ: 9074314742, 9400825971

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**

ഡയറക്ടർ

# എ.കെ.സി.സി.

സഭയോടൊത്തു നിൽക്കുന്ന, സഭയ്ക്കുവേണ്ടി നിൽക്കുന്ന ഒരു സമൂഹത്തെ വളർത്തിയെടുക്കുകയാണ് കത്തോലിക്കാകോൺഗ്രസിന്റെ പ്രധാന ലക്ഷ്യം. നമ്മുടെ സഭയുടെ സാമുദായിക ശക്തിയായി ഈ പ്രസ്ഥാനത്തെ വളർത്തേണ്ടത് നമ്മുടെ നിലനിൽപ്പിന്റെ ആവശ്യമാണ്. അമ്പത് ലക്ഷത്തോളം സഭാമക്കളിൽ പത്തുശതമാനം പേരെങ്കിലും ഒന്നിച്ച് അണിനിരന്നാൽ ആർക്കും അവഗണിക്കാനാവാത്ത സംഘടിത ശക്തിയായി നാം മാറും. അതിനാൽ ഓരോ ഇടവകയിലും അത്മായജനത്തെ ഒന്നിച്ചുചേർത്ത് കത്തോലിക്കാ കോൺഗ്രസ് സജീവവും സംഘടിതവുമാക്കുവാൻ എല്ലാ വൈദികരും പരിശ്രമിക്കണം. മറ്റ് ഏതു സംഘടനയെക്കാളും ഈ കാലഘട്ടത്തിൽ ഈ പ്രസ്ഥാനത്തെ നാം വളർത്തണം, എന്ന കാര്യം മറന്ന് പോകരുത്. ഈ ലക്ഷ്യം വച്ചാണ് ഫൊറോനതല കൺവെൻഷനുകൾ നാം സംഘടിപ്പിക്കുന്നത്.

## ഫൊറോന സമ്മേളനങ്ങൾ

സെപ്റ്റംബർ 1ന് ശനിയാഴ്ച തളിപ്പറമ്പിൽ കൂടിയ കത്തോലിക്കാ കോൺഗ്രസ്സ് നേതൃസംഗമത്തിൽ തലശ്ശേരി അതിരൂപത സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ് രൂപതയായി മാറണമെന്ന് മാർ ജോസഫ് പാംപ്ലാനി പിതാവ് ആഹ്വാനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ഒരു ഭക്ത സംഘടനയല്ലെന്നും അതു സമുദായത്തെ ശക്തിപ്പെടുത്താനുള്ള ചാലക ശക്തിയായി മാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതിനാൽ കുടുംബ കൂട്ടായ്മയുടെ ഓരോ യൂണിറ്റിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെയും നിലവിലുള്ള ഭാരവാഹികളെയും വിളിച്ചു ചേർത്ത് ഫൊറോന കൺവെൻഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. 6 ഫൊറോനകളിൽ ഫൊറോന കൺവെൻഷൻ സംഘടിപ്പിച്ചു കഴിഞ്ഞു. (ഒക്ടോ. 24-ചെമ്പന്തൊട്ടി, ചെമ്പേരി, 25- വായാട്ടുപറമ്പ, 26- മേരിഗിരി, 27- പോരാവൂർ, 28-ചെറുപുഴ). കൺവെൻഷന്റെ വിജയത്തിനായി പ്രയത്നിച്ച ഫൊറോന എ.കെ.സി.സി. ഡയറക്ടറച്ചന്മാരെയും മറ്റെല്ലാ വികാരിയച്ചന്മാരെയും രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളെയും അഭിനന്ദിക്കുന്നു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ സഭയോടൊത്തു നിൽക്കുന്ന അല്മായ സമൂഹത്തെ വളർത്തിയെടുക്കാനുള്ള ഈ ഉദ്യമത്തിൽ മുഴുവൻ വൈദികരും സഹകരിക്കുമല്ലോ.നവംബറിൽ നടക്കുന്ന ഫൊറോനാ യോഗത്തിലും വൈദികർ പങ്കെടുക്കുകയും യൂണിറ്റിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെയും ഭാരവാഹികളെയും നിലവിലുള്ള സജീവ അംഗങ്ങളെയും പങ്കെടുപ്പിച്ച് ഫൊറോന

കൺവെൻഷൻ വിജയിപ്പിക്കുവാൻ പരിശ്രമിക്കണം. റബ്ബർവെട്ട് മുടങ്ങാതിരിക്കുവാൻ ഉച്ചകഴിഞ്ഞാണ് യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികൾ വൈദികരോട് സമീപിക്കുമ്പോൾ താൽപര്യപൂർവ്വം സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

## ഫൊറോന സംഗമങ്ങളുടെ പുതിയ തീയതികൾ

| ന. | തീയതി | സമയം | ഫൊറോന |
|---|---|---|---|
| 1. | നവം.01 വ്യാഴം | 1.30 pm-4.00 pm<br>3.30 pm-6.00 pm | നെല്ലിക്കാംപൊയിൽ<br>കുന്നോത്ത് |
| 2. | ,, 03 ശനി | 2.00 pm-4.00pm | തളിപ്പറമ്പ് |
| 3. | ,, 16 വെള്ളി | 2.00 pm-4.30 pm | പൈസക്കരി |
| 4. | ,, 17 ശനി<br>,, ,, | 1.30 pm-3.30 pm<br>3.30 pm-6.00 pm | തോമാപുരം<br>വെള്ളരിക്കുണ്ട് |

## രൂപതാപ്രസിഡണ്ടുമാരുടെ യോഗം

ഒക്ടോബർ 2ന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ ഗ്ലോബൽ ഭാരവാഹികൾ, രൂപതാപ്രസിഡന്റുമാർ, മീഡിയാ കമ്മറ്റി ഭാരവാഹികൾ എന്നിവരുടെ സംയുക്തസമ്മേളനം കോട്ടയം സെൻട്രൽ കമ്മറ്റി ഓഫീസിൽ ചേർന്നു. കത്തോലിക്കാ സഭയിലുളവായ കേസുകളും മറ്റും ചർച്ച ചെയ്തു. സഭയെ ആക്ഷേപിക്കത്തക്കവിധത്തിലുള്ള മാധ്യമചർച്ചകൾ അവസാനിപ്പിക്കണമെന്നും വിശ്വാസികൾ ഇത് മനസ്സിലാക്കണമെന്നും യോഗം അഭ്യർത്ഥിച്ചു. സഭയുടെ കെട്ടുറപ്പിൽനിന്നു വ്യതിചലിച്ച് സഭയെ കുറ്റപ്പെടുത്തുന്നവർ സഭയിൽനിന്നു പുറത്തുപോകുന്നതായിരിക്കും ഗുണകരമെന്ന് യോഗം അഭിപ്രായപ്പെട്ടു. അതിരൂപതയിൽനിന്ന് പ്രസിഡന്റ് ദേവസ്യ കൊങ്ങോല, മീഡിയ കമ്മിറ്റിയംഗങ്ങളായ ബെന്നിപുതിയാംപുറം, ചാക്കോച്ചൻ കാരാമയിൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## അതിരൂപത മാധ്യമസെമിനാർ

സീറോമലബാർ സഭ മീഡിയവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതകമ്മിറ്റി സംഘടിപ്പിച്ച മാധ്യമപരിശീലന സെമിനാർ ഒക്ടോബർ 6ന് ശനിയാഴ്ച 2 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഓഡിറ്റോറിയത്തിൽ നടന്നു. സെമിനാർ തളിപ്പറമ്പ് ഫൊറോന വികാരി റവ.ഫാ. അബ്രാഹം പോണാട്ട് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷംവഹിച്ചു. അതിരൂപതാഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. ഗ്ലോബൽ സമിതി ഡയറക്ടർ ഫാ. ജിയോ കടവിൽ വിഷയാവതരണം നടത്തി. ടോണി ജോസഫ് പുഞ്ചകുന്നേൽ, ബെന്നി പുതിയാപുറം, ചാക്കോച്ചൻ കാരാമയൽ, സിസിലി പുഷ്പക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

# പ്രതീക്ഷ: ലഹരിവിമോചന ചികിത്സാകേന്ദ്രം

## ലഹരി വിമുക്തരുടെ സംഗമം

സെപ്തംബർ രണ്ടിന് ചികിത്സാകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട ലഹരി വിമുക്തരുടെ കുടുംബസംഗമത്തിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി അംഗം തങ്കച്ചൻ കൊല്ലക്കൊമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു. തലശ്ശേരി എക്സൈസ് ഉദ്യോഗസ്ഥൻ ഷമീർ ക്ലാസ്സെടുത്തു. റ്റി.സി. തോമസ്, സി. തെരേസ ജോൺ, മനു മാത്യു എന്നിവർ പ്രസംഗിച്ചു. സംഗമത്തിൽ പങ്കെടുത്ത ദമ്പതികളെയും ഏതാനും വ്യക്തികളെയും പ്രത്യേകം ആദരിച്ചു.

## ക്യാൻസർ നിർണയ ക്യാമ്പ്

മൊകേരി PHC കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഹാൾ, തലശ്ശേരി മലബാർ ക്യാൻസർ സെന്റർ എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തപ്പെട്ട ക്യാൻസർ നിർണയ ക്യാമ്പിൽ ഫാ. ജോൺസൺ അന്ത്യാംകുളം പരിശോധനാ ടീമിനോടൊപ്പം സഹായിച്ചു.

## ബോധവൽക്കരണ സെമിനാർ

പ്രതീക്ഷയിലെ ചികിത്സാർത്ഥികൾക്കായി വെവ്വേറെ ദിവസങ്ങളിൽ റിട്ട. എക്സൈസ് ഉദ്യോഗസ്ഥൻ മോഹൻദാസ്, ഗോപിനാഥൻ മാസ്റ്റർ, റ്റി.ഡി. പത്രോസ് എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സെടുത്തു.

## മാനേജിംഗ് കമ്മിറ്റി

സെപ്തംബർ 28-ാം തീയതി ചികിത്സാ സെന്ററിൽ വച്ച് മാനേജിംഗ് കമ്മിറ്റി ചേർന്നു. ജയ്സൺ മർക്കോസിന്റെ നിര്യാണത്തിൽ അനുസ്മരണാ പ്രാർത്ഥന നടത്തി. ജൂൺ, ജൂലൈ മാസത്തിലെ കണക്കുകൾ വായിച്ച് പാസാക്കി. പ്രതീക്ഷയുടെ 35-ാം വാർഷികാഘോഷം നവംബർ 18 ന് ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചു. പ്രളയബാധിതരെ സഹായിക്കുവാനും

➔

## അനുശോചനം

എ.കെ.സി.സി. എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ജോർജ് വടകരയുടെ മാതാവ് അന്നക്കുട്ടിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. ആത്മാവിന്റെ നിത്യശാന്തിക്ക്വേണ്ടി പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**
ഡയറക്ടർ

തീരുമാനിച്ചു. മാനേജിംഗ് കമ്മിറ്റിയിൽ തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ആന്റണി അത്താഴപ്പാടം, കെ.ഡി. ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ, ജോൺ മുള്ളൻ കുഴിയിൽ, മാത്യു എം. കണ്ടത്തിൽ, സെബാസ്റ്റ്യൻ പെരുമ്പുഴ, സണ്ണി ജോസഫ് പുത്തേട്ട്, സണ്ണി പായ്ക്കാട്ട്, അബ്രാഹം പാരിയ്ക്കാപ്പള്ളിൽ എന്നി വർ പ്രസംഗിച്ചു.

## ലോകഹൃദയ ദിനാചരണം നടത്തി

എൻ.ജി.ഒ. യുടെ നിർദ്ദേശപ്രകാരം ഹൃദയ ദിനാചരണ ഭാഗമായി സെപ്തംബർ 30-ന് ഹൃദയത്തിലുണ്ടാകുന്ന വിവിധ രോഗങ്ങളെക്കുറിച്ചും രോഗപ്രതിരോധ സാധ്യതകളെക്കുറിച്ചും ഡയറക്ടർ ക്ലാസ്സെടുത്തു. ഇതോ ടനുബന്ധിച്ച് സ്റ്റാഫിനും ചികിത്സാർഥികൾക്കും പ്രത്യേകം ക്വിസ് മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകി.

## സേവനദിനം

ഗാന്ധിജയന്തി ആചരണഭാഗമായി ഒക്ടോബർ രണ്ടിന് പ്രതീക്ഷാ പരിസരം ശുചീകരണം നടത്തി ചെടികൾ വച്ച് പിടിപ്പിച്ചു. സേവനദിനമായി ആചരിച്ചു.

## ലഹരിക്കെതിരെ പ്രതിഷേധ ധർണ

ചിറ്റാരിക്കാലിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ലഹരി വിരുദ്ധകൂട്ടായ്മയിൽ ഡയറക്ടർ ഫാ. ജോൺസൺ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന വികാരി ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ അധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപറമ്പിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജേക്കബ് ആനിമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## എ.എ. സംഗമവും ലഹരിവിരുദ്ധ ക്യാമ്പിയനും

പ്രതീക്ഷ സെന്ററിൽവച്ച് നടത്തപ്പെട്ട ഏകദിന ലഹരിവിരുദ്ധ ക്യാമ്പി യനിൽ തങ്കച്ചൻ കൊല്ലക്കൊമ്പിൽ അധ്യക്ഷത വഹിച്ചു. സണ്ണി പായ്ക്കാട്ട് ഉദ്ഘാടനം ചെയ്തു. മലബാർ ക്യാൻസർ സെന്ററിലെ ട്യൂട്ടർ ഡോ. ഫിൻസ് എം. ഫിലിപ്പ് ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. മാത്യു എം. കണ്ടത്തിൽ, ഇ.വി. നാരായണൻ (പെരുമ്പടവ്), സത്യൻ (മാഹി), വർഗീസ് (വയനാട്), സെബാസ്റ്റ്യൻ (വയനാട്), ചാക്കോ (രാജഗിരി), ബാല കൃഷ്ണൻ (തലശ്ശേരി), റ്റി.സി. തോമസ്, സി.എത്സീന, സി. തെരേസ് ജോൺ ബ്രദർ ടോണി, അപ്പച്ചൻ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ, ഫാ. ജോൺസൺ അന്ത്യാംകുളം എന്നിവർ പ്രസംഗിച്ചു.

## പഠനശിബിരം സംഘടിപ്പിച്ചു

തലശ്ശേരി മീത്തലേപീടികയിലുള്ള ഹോളിഫാമിലി വിമൻസ് കോളെ ജിൽ വച്ച് ബേസിക് കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിൽ

ഫാ. ജോൺസൺ അന്ത്യാംകുളം ലഹരി സൃഷ്ടിക്കുന്ന മാനസിക പ്രശ്ന ങ്ങളെയും പ്രതിവിധികളെയുംകുറിച്ച് ക്ലാസ്സെടുത്തു.

## ഔദ്യോഗിക സന്ദർശനം

സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഉന്നതസംഘം പ്രതീക്ഷ, ചികിത്സാകേന്ദ്രത്തിൽ സന്ദർശനം നടത്തി രേഖകളും ചികിത്സാ സംവിധാ നങ്ങളും പരിശോധിച്ചു.

## പ്രളയബാധിത ദുരിതാശ്വാസനിധി

പ്രതീക്ഷാ സ്റ്റാഫ് അംഗങ്ങളും പ്രതിക്ഷാ സൊസൈറ്റിയും ചേർന്ന് അമ്പതിനായിരം രൂപാ അതിരൂപതാ പ്രളയബാധിത ദുരിതാശ്വാസനിധിയി ലേക്ക് സംഭാവന ചെയ്തു.

## ആദരാഞ്ജലികൾ

പ്രതീക്ഷയിൽ അനേകവർഷങ്ങളായി രോഗികളുടെ രക്തപരിശോധന നടത്തിവന്നിരുന്ന പുറവയൽ ഇടവകാംഗം തങ്കച്ചൻ ഇഞ്ചിപ്പറമ്പിലിന്റെ അകാ ലനിര്യാണത്തിൽ സ്റ്റാഫ് അംഗങ്ങളും ചികിത്സാർത്ഥികളും അനുശോചി ച്ചു. പരേതന്റെ ഭവനത്തിലും തുടർന്നുള്ള ശവസംസ്കാര ശുശ്രൂഷയിലും സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്ത് റീത്ത് സമർപ്പിച്ച്, പ്രാർത്ഥിച്ചു.

## അറിയിപ്പ്
### വാർഷികാഘോഷം നവംബർ 18 ന്

പ്രതീക്ഷയുടെ 35-ാമത് വാർഷികം ചികിത്സ സെന്ററിൽവച്ച് നവം.18 ന് രാവിലെ 9.30 നുള്ള വി. കുർബാനയോടുകൂടി ആരംഭിക്കുന്നതും ഉച്ചക ഴിഞ്ഞ് 2.30ന് അവസാനിക്കുന്നതുമാണ്. അതിരൂപത മെത്രപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട്, തലശ്ശേരി എ.എസ്.പി. ചൈത്ര തെരേസ ജോൺ, ഫാ. തോമസ് തൈത്തോട്ടം എന്നിവർ മുഖ്യാതിഥികൾ ആയിരിക്കും. സമ്മേളന ത്തിൽ വച്ച് തലശ്ശേരി മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ ഡോ. സതീ ശൻ ബാലസുബ്രമണ്യത്തെയും പ്രതീക്ഷാകേന്ദ്രത്തിന്റെ ആദ്യകാല അംഗ ങ്ങളെയും ആദരിക്കുന്നതാണ്. നമ്മുടെ ഇടവകകളിൽനിന്നും പ്രതീക്ഷയിൽ ചികിത്സ നടത്തിയിരിക്കുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും പറ ഞ്ഞുവിടാൻ ബഹുമാന്യ വായനക്കാർ ശ്രദ്ധിക്കുമല്ലോ. അതൊരു വലിയ കാര്യമായിരിക്കും. മുൻകൂട്ടി നന്ദി പറയട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

### വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ

വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ എല്ലാ യൂണിറ്റുകളിലും ഭംഗിയായി ആചരിക്കുകയുണ്ടായി. ചെറുപുഴ റീജിയൺ അംഗങ്ങൾ ബ്ര. ജോയി മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ വിപുലമായ ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ബഹു. ഫൊറോന വികാരി റവ.ഫാ. ജോർജ് വണ്ടർകുന്നേൽ വി. ഫ്രാൻസിസിന്റെ സ്വർഗ്ഗപ്രവേശനാനുസ്മരണ പ്രാർത്ഥനകൾക്ക് കാർമികത്വം വഹിക്കുകയും, നല്ലൊരു സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നടന്ന ദിവ്യബലിയിലും ലദീഞ്ഞിലും അംഗങ്ങൾ സംബന്ധിക്കുകയുണ്ടായി. എല്ലാവർക്കുമായി സ്നേഹവിരുന്നും നടത്തപ്പെട്ടു.

നെല്ലിക്കാംപൊയിൽ ഫൊറോനപള്ളിയിൽ അസി. വികാരി ഫാ. ജോർജ് ചാലിൽ അംഗങ്ങളുടെ കാഴ്ച സമർപ്പണം സ്വീകരിച്ചു. തുടർന്ന് ബഹു. അച്ചന്റെ കാർമികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലിയിലും ലദീഞ്ഞിലും സംബന്ധിച്ചു പ്രാർത്ഥിച്ചു. ബഹു. ഫൊറോന വികാരി ഫാ. ജോസഫ് ആനിത്താനം കേക്ക് മുറിച്ച് തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

ബഹു. വികാരിയച്ചൻ വി. ഫ്രാൻസിസിനെക്കുറിച്ചും ഫ്രാൻസിസ്കൻ ജീവിത ശൈലിയെക്കുറിച്ചും മനോഹരമായ ഒരു പ്രഭാഷണം നടത്തി. തുടർന്ന് നടന്ന സ്നേഹവിരുന്നിലും എല്ലാവരും പങ്കെടുത്തു. രോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകി തിരുനാൾ മംഗളങ്ങൾ നേരുകയും ചെയ്തു.

തിരുനാൾ ആഘോഷങ്ങൾ എല്ലായിടത്തും നന്നായി നടത്തുവാൻ വേണ്ട സഹായ സഹകരണങ്ങൾ നൽകിയ ബഹു. വൈദികർക്കും ബഹു. സിസ്റ്റേഴ്സിനും വളരെയധികം നന്ദി.

### ധ്യാനം

തലശ്ശേരി അതിരൂപതയിലെ എസ്.എഫ്.ഒ. അംഗങ്ങളുടെ വാർഷിക ധ്യാനം പാട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. തൃശൂർ കാൽവരി ആശ്രമം സുപ്പീരിയർ റവ.ഫാ. ജോസ് എടാട്ടുകാരൻ ഒ.എഫ്.എം. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഫ്രാൻസിസ്കൻ അധ്യാത്മികതയിൽ ഊന്നിയുള്ള പ്രഭാഷണങ്ങൾ അംഗങ്ങൾക്ക് ഒരു പുതിയ ഉണർവ്വും ഊർജ്ജവും നൽകി. പട്ടാരം വിമലഗിരി ആശ്രമത്തിലെ ഫാ. വിൻസെന്റ് കുരിശുംമൂട്ടിൽ, ബ്ര. മാർട്ടീനിയൻ എന്നിവരും ക്ലാസ്സുകൾ എടുത്തു സംസാരിച്ചു. ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ ആരാധനാശുശ്രൂഷകൾ നടത്തി. സൗഖ്യാരാധന, തൈലാഭിഷേകപ്രാർത്ഥന, കുമ്പസാരം, കൗൺസി

# ശാന്തിതീരം കൗൺസിലിംഗ് സെന്റർ

## പുതിയ പുസ്തകം

ശാന്തിതീരം പബ്ലിക്കേഷന്റെ 5-ാമത് പ്രസിദ്ധീകരണം "കൗമാര ക്കാർക്ക് സ്വയം വളരാൻ പ്രായോഗിക മനഃശാസ്ത്രം" ഒക്ടോബർ 31ന് പ്രസിദ്ധീകരിക്കുന്നു. ഡോ. സെബാൻ ചെരിപുറത്ത് രചിച്ച ഈ പുസ്തകം ഉപദേശങ്ങൾ വെറുക്കുന്ന ന്യൂജൻ കൗമാരക്കാർക്ക് സ്വയം മനസ്സിലാക്കാൻ സഹായിക്കുന്ന സെൽഫ് ഹെൽപ്പ് വർക്ക് ബുക്കാണ്. നിങ്ങളുടെ കൗമാര കാർക്ക് നൽകാവുന്ന നല്ല ഒരു സമ്മാനമാണ്. 11 മുതൽ 19 വയസ്സുവരെയു ള്ളവർക്ക് മാത്രമാണ് ഈ പുസ്തകം ഉദ്ദേശിക്കുന്നത്. ഫുൾ മൾട്ടികളർ ഡെമ്മി സൈസ് പുസ്തകത്തിന്റെ യഥാർത്ഥ വില 240 രൂപയാണ്. ഉടൻ ബുക്ക് ചെയ്യുന്നവർക്ക് പ്രീ പബ്ലിക്കേഷൻ വില 200 രൂപ മാത്രം. കോപ്പി കൾക്ക് പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ബുക്ക് സ്റ്റാളിനെ സമീപിക്കുക. ഫോൺ : 8281191773, 9496112390, 8281444094.

പുസ്തകപ്രകാശനം 2018 നവംബർ 25 ഞായർ രാവിലെ 8.45 ന് പേരാ വൂർ ഫൊറോനപള്ളിയിൽ വച്ച് റവ. ഡോ. തോമസ് കൊച്ചുകരോട്ട് ശ്രീമതി ആലീസ് ടീച്ചർക്ക് (പരേതനായ ജെയസൺ മാർക്കോസ് സാറിന്റെ ഭാര്യ) നല്കികൊണ്ട് നിർവ്വഹിക്കുന്നു. ആദ്യ വിൽപന സ്വീകരിക്കുന്നത് ശ്രീമതി ഏലിയാമ്മ ചെരിപുറത്ത്.

---

ലിംഗ് എന്നീ ശുശ്രൂഷകൾ പങ്കെടുത്ത അംഗങ്ങളുടെയെല്ലാം ആത്മീയ ഉൽക്കർഷത്തിന് കൂടുതൽ കരുത്ത് പകർന്നു. ഈ ധ്യാനത്തിന്റെ വിജയ ത്തിനായി എല്ലാ സഹായവും നിർലോഭം ചെയ്തു തന്ന ബഹു. ഡയറ ക്ടർ ഫാ. ജോൺസൺ പുൽപറമ്പിനും എല്ലാ ബഹു. വൈദികർക്കും ശുശ്രൂഷകളിൽ സഹായിച്ച ബഹു. സിസ്റ്റേഴ്സിനും അൽമായ സഹോദര ങ്ങൾക്കും നന്ദി പറയുന്നു.

## മീറ്റിംഗ്

20.10.2018ന് പട്ടാരം വിമലഗിരിയിൽ വച്ച് ഫാ. ജോൺ ബോസ്കോ ഒ. എഫ്.മിന്റെ അധ്യക്ഷതയിൽ രൂപതാ കമ്മിറ്റിയോഗം ചേർന്നു. വരാൻ പോകുന്ന സെൻട്രൽ കമ്മിറ്റി യോഗത്തിന്റെ പ്രധാനചർച്ചാവിഷയങ്ങൾ എന്തെല്ലാമായിരിക്കണമെന്ന് വിശദമായി ചർച്ച ചെയ്തു തീരുമാനിച്ചു. നട ത്താനിരിക്കുന്ന കമ്മിറ്റിയോഗത്തിൽ എല്ലാ ലീഡേഴ്സും നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. Love & Care പദ്ധതിയുടെ പ്രവർത്തനവും പുരോഗതിയും അവലോകനം ചെയ്തു.

സാഹോദര്യപൂർവ്വം,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി



# സെന്റ് വിൻസെന്റ് ഡി പോൾസൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ

*'' നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവു നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠ ജനതയാണുള്ളത്"*

*(നിയമാവർത്തനം 4:7)*

### വിൻസെന്റ് ഡി പോൾ ദിനാചരണവും വിൻസെൻഷ്യൻ കൂട്ടായ്മയും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തോമാപുരം എ.സിയുടെ നേതൃത്വത്തിൽ വിൻസെന്റ് ഡി പോൾ ദിനാചരണവും വിൻസെൻഷ്യൻ കൂട്ടായ്മയും 2018 സെപ്റ്റംബർ 27-ാം തീയതി നല്ലോംപുഴ വിൻസെൻഷ്യൻ ഭവനിൽ വച്ചു നടത്തി. ജപമാലയ്ക്കും വി. കുർബാനയ്ക്കുംശേഷം നടന്ന കൂട്ടായ്മ തലശ്ശേരി സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്തു. തോമാപുരം സെന്റ് തോമസ് ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് റാത്തപ്പള്ളി ക്ലാസ്സ് നയിച്ചു. ഫൊറോന വികാരി റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാംമാക്കൽ, സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. ജോസഫ് കാരികുന്നേൽ, വൈസ് പ്രസിഡന്റ് ബ്ര. ജോമി തയ്യിൽ സി.സി. സെക്രട്ടറി ബ്ര. ദേവസ്യ കളരിക്കൽ, ബ്ര. ജോർജ് അടിച്ചിലാമാക്കൽ, ബ്ര. ടോമി ഇടക്കരമൈലയ്ക്കൽ എന്നിവർ പ്രസംഗിച്ചു. അതിരൂപതയിലെ 16 ഫൊറോനകളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്ത കൂട്ടായ്മയ്ക്ക് തോമാപുരം എ.സി. പ്രസിഡന്റ് ബ്ര. ജോർജ് ഇടക്കരമൈലയ്ക്കൽ നേതൃത്വം നൽകി.

### വിൻസെൻഷ്യൻ ദിനം ആചരിച്ചു.

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി ചെമ്പേരി ലൂർദ്ദ്മാതാ വനിതാ കോൺഫറൻസിന്റെ നേതൃത്വത്തിൽ 2018 സെപ്റ്റംബർ 27ന് വിൻസെൻഷ്യൻ ദിനം ആചരിച്ചു. ചെമ്പേരി ലൂർദ്ദ്മാതാ ഫൊറോന ദൈവാലയത്തിൽ രാവിലെ നടന്ന വി. കുർബാനയ്ക്കും പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾക്കും റവ. ഫാ. ജോർജ് കൊല്ലക്കൊമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. സൊസൈറ്റി അംഗങ്ങൾ വിവിധ വസ്തുക്കൾ കാഴ്ചയർപ്പിച്ചു. തുടർന്ന് ചെമ്പേരിയിലെ വയോജനസംരക്ഷണ കേന്ദ്രമായ കരുണാലയത്തിൽ നടന്ന ദിനാചരണ ചടങ്ങ് തലശ്ശേരി സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. അതിരൂപതാ

ജനറൽ സെക്രട്ടറി ബ്ര. ദേവസ്യ കളരിക്കൽ, തലശ്ശേരി സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.ടി. ജോസഫ് കാരികുന്നേൽ, സി.സി. ട്രഷറർ ബ്ര. ജോസ് ഇലഞ്ഞിമണ്ണിൽ, കരുണാലയം ഡയറക്ടർ ഫാ. ബെന്നി പുത്തൻനടയിൽ, ഫാ. തോമസ് തടത്തിൽ, കെ.ടി. മേരി കണ്ടത്തിൽ, ബ്ര. ജോസ് ചിറ്റേട്ട്, സെബാസ്റ്റ്യൻ കാരക്കുന്നേൽ, ബ്ര. ജോസഫ് പനയ്ക്കൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് സൊസൈറ്റി അംഗങ്ങൾ കരുണാലയം അന്തേവാസികൾക്കൊപ്പം സ്നേഹവിരുന്നിൽ പങ്കുചേർന്നു. ചെമ്പേരി ലൂർദ്ദ്മാതാ വനിതാ കോൺഫറൻസ് പ്രസിഡന്റും സംസ്ഥാന വനിതാ കോ-ഓർഡിനേറ്ററുമായ സി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## പനത്തടി എ.സി.യുടെ റൂബി ജൂബിലി ഭവന വെഞ്ചരിപ്പ്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സി.സി. റൂബി ജൂബിലിയോടനുബന്ധിച്ച് പനത്തടി എ.സി. നിർമ്മിക്കുന്ന മൂന്നാമത്തെ ഭവനം പാണത്തൂർ സെന്റ് മേരീസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി. ഭവനത്തിന്റെ ആശീർവാദകർമ്മം 29.09.2018ന് പാണത്തൂർ സെന്റ് മേരീസ് ഇടവക വികാരി റവ. ഫാ. ജോർജ് വള്ളിമല നിർവ്വഹിച്ചു. എ.സി. പ്രസിഡന്റ് ബ്ര. ജോമി തയ്യിൽ, എ.സി. വൈസ് പ്രസിഡന്റ് ബ്ര. ജോസഫ് പാലാക്കുടി, ബ്ര. സണ്ണി നമ്പ്യാപറമ്പിൽ വിവിധ കോൺഫറൻസ് ഭാരവാഹികളും അംഗങ്ങളും സന്നിഹിതരായിരുന്നു. 700 ചതുരശ്ര അടിയിൽ മൂന്നുലക്ഷത്തിഅമ്പതിനായിരം രൂപ ചെലവിൽ നിർമ്മിച്ച ഭവനം ബിനു കളരിക്കലിന് കൈമാറി. തുടർന്ന് സ്നേഹവിരുന്നും നടത്തി.

## പേരാവൂർ എ.സി.യുടെ 39-ാംമത് വാർഷികാഘോഷം

പേരാവൂർ എസിയുടെ 39-ാംമത് വാർഷികാഘോഷവും സെമിനാറും29.09.18 ശനിയാഴ്ച തൊണ്ടിയിൽ സെന്റ് ജോസഫ് യു.പി. സ്കൂൾ ഹാളിൽ വച്ച് നടത്തുകയുണ്ടായി. രാവിലെ 9 മണിക്ക് റവ. ഫാ. ദീപു കാരക്കാട്ടിന്റെ ദിവ്യബലിയോടുകൂടി പരിപാടികൾ ആരംഭിച്ചു. തലശ്ശേരി സി.സി. സ്പിരിച്ച്വൽ ഫോർമേഷൻ ടീം അംഗം ബ്ര. സിബിച്ചൻ അബ്രാഹം ക്ലാസ്സ് നയിച്ചു. പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബ്ര. ജോർജ് തെക്കേലിന് സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരം സത്യവാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് മറ്റ് ഭാരവാഹികളും സത്യപ്രതിജ്ഞ ചെയ്തു. പേരാവൂർ കോൺഫറൻസ് അംഗം ബ്ര. മാത്യു തോമസ് എടത്താഴത്ത് സദസ്സിന് സ്വാഗതം ആശംസിച്ചു. എ.സി. സെക്രട്ടറി ബ്ര. ജോർജ് റാത്തപ്പള്ളി റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി.യുടെ റൂബി ജൂബിലി സ്മാരകമായി എ.സി.യിൽ നാലു വീടുകൾ നിർമ്മിച്ച് അർഹരായവർക്ക് കൈമാറിയ വിവരം യോഗത്തെ അറിയിച്ചു.

എ.സി. ആധ്യാത്മിക ഉപദേഷ്ടാവ് റവ.ഡോ. തോമസ് കൊച്ചുകരോട്ട് ആധ്യാത്മികപ്രഭാഷണം നടത്തി. സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ്

കൊട്ടാരം വാർഷികം ഉദ്ഘാടനം ചെയ്തു. ബ്ര. ജോർജ് തെക്കേൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ആശംസകൾ നേർന്നുകൊണ്ട് സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.ടി. ജോസഫ് കാരികുന്നേൽ, ബ്ര. ബേബി കളരിക്കൽ, ബ്ര. പി.എസ്. മാത്യു, ഒ.ടി. അഗസ്റ്റിൻ മുൻ എ.സി. പ്രസിഡന്റുമാർ എന്നിവർ സംസാരിച്ചു. സി. മേരിക്കുട്ടി ജോസഫ് നന്ദി പ്രകടിപ്പിച്ചു. സമാപനപ്രാർത്ഥനയോടും സ്നേഹവിരുന്നോടുംകൂടി യോഗം അവസാനിച്ചു.

**പേരാവൂർ എ.സിയുടെ പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ബ്ര. ജോർജ് റ്റി.വി. തെക്കേൽ- തൊണ്ടിയിൽ |
| സെക്രട്ടറി | : | ബ്ര. ആർ.എം. ജോർജ് റാത്തപ്പിള്ളിൽ |
| ട്രഷറർ | : | ബ്ര. എമ്മാനുവൽ തോട്ടുങ്കൽ |

## കുട്ടനാട്-കാരുണ്യസ്പർശം

ചങ്ങനാശ്ശേരി സെൻട്രൽ കൗൺസിലിന്റെ പരിധിയിലുള്ള രാമങ്കരി, പുളിങ്കുന്ന്, ചമ്പക്കുളം, എടത്വാ, ആലപ്പുഴ എന്നീ എ.സികൾ പൂർണ്ണമായും പ്രളയദുരിതത്തിൽപ്പെട്ട സ്ഥലങ്ങളായിരുന്നു. അവരെ സാമ്പത്തികമായി സഹായിക്കുക എന്ന ദൗത്യം തലശ്ശേരി സി.സി. ഏറ്റെടുത്തിരുന്നു. അതിന് തലശ്ശേരി സി.സിയിലെ മെമ്പർമാർ സ്വരൂപിച്ചത് 5 ലക്ഷം രൂപയായിരുന്നു. 2018 ഒക്ടോബർ 2-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതയിലെ പള്ളിക്കൂട്ടുമ്മ ഫാത്തിമമാതാ പാരീഷ് ഹാളിൽ നടന്ന മേൽപ്പറഞ്ഞ 5 എസികളുടെ സംയുക്ത വിൻസെൻഷ്യൻ സംഗമവും തിരുനാളാഘോഷവും നടക്കുകയുണ്ടായി. പ്രസ്തുതസംഗമത്തിലേക്ക് തലശ്ശേരി സി.സി. ബോർഡ് അംഗങ്ങളും 16 എ.സി. പ്രസിഡന്റുമാരും പ്രത്യേക ക്ഷണിതാക്കളായി പങ്കെടുക്കുകയുണ്ടായി. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്ത പ്രസ്തുത സംഗമത്തിൽ നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ഡോ. ജോൺസൺ വർഗ്ഗീസും കെ.ആർ. സി.സി. നേതാക്കളും പങ്കെടുത്തു. പ്രസ്തുത സംഗമത്തിൽ വച്ച് തലശ്ശേരി സി.സിയുടെ സംഭാവനയായ 5 ലക്ഷം രൂപ കൈമാറുകയും തലശ്ശേരി സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിലിനെ പൊന്നാടയണിയിച്ച് ആദരിക്കുകയും മറ്റ് അംഗങ്ങളെ വേദിയിൽ ആദരിക്കുകയും ചെയ്തു. സദസിന് അഭിസംബോധന ചെയ്ത് ബ്ര. ബാബു ജോസഫ് സംസാരിച്ചു.

സ്നേഹപൂർവ്വം

**ഫാ.ജോസഫ് കാക്കരമറ്റത്തിൽ** ആത്മീയ ഉപദേഷ്ടാവ്

**ബ്ര.ബാബു ജോസഫ് കൊട്ടാരത്തിൽ** സിസി പ്രസിഡന്റ്

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## കെ.സിബി.സി മദ്യവിരുദ്ധ സമിതി

ബിഷപ്പ് വള്ളോപ്പിള്ളി ജയന്തി അനുസ്മരണം ബിഷപ്പ് വള്ളോപ്പിള്ളി സംസ്ഥാന അവാർഡ് സമർപ്പണം, ലഹരി വിരുദ്ധ പൊതുസമ്മേളനം

2018 സെപ്റ്റംബർ 24 ന് തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ആലക്കോട് വള്ളോപ്പിള്ളി നഗറിൽ നടത്തിയ ലഹരിവിരുദ്ധ പൊതുസമ്മേളനത്തിൽവച്ച് തലശ്ശേരി അതിരൂപതാ മദ്യവർജന പ്രസ്ഥാനത്തിന്റെ ഭീക്ഷ്മാചാര്യനായിരുന്ന അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ജയന്തി അനുസ്മരണവും അദ്ദേഹത്തിന്റെ പുണ്യസ്മരണ ശാശ്വതീകരിക്കാൻവേണ്ടി കെ.സിബി.സി മദ്യവിരുദ്ധ സമിതി ഏർപ്പെടുത്തിയ സംസ്ഥാന അവാർഡ് വിതരണവും നിർവഹിക്കുകയുണ്ടായി. ഫാ.തോമസ് തൈത്തോട്ടം ആമുഖഭാഷണവും സ്വാഗതസംഘം ചെയർമാൻ ഫാ.ആന്റെണി ആനക്കല്ലിൽ സ്വാഗതവും ആശംസിച്ച പൊതുസമ്മേളനത്തിൽ മുൻഗ്രാമവികസന മന്ത്രി ശ്രീ.കെ.സി.ജോസഫ് എം.എൽ എ അദ്ധ്യക്ഷത വഹിച്ചു. മദ്യവിരുദ്ധ സമിതി പ്രസിഡന്റും നിർമലഗിരി കോളേജ് മുൻ പ്രിൻസിപ്പാളുമായിരുന്ന ഡോ. ജോസ് ലറ്റ് മാത്യു ബിഷപ്പ് വള്ളോപ്പിള്ളി അനുസ്മരണ പ്രസംഗവും എ.ഡി.എസ്.യു ചീഫ് ഓർഗനൈസർ അഡ്വ.മനോജ് എം.കണ്ടത്തിൽ ബിഷപ്പ് വള്ളോപ്പിള്ളി സംസ്ഥാന പുരസ്കാര ജേതാവായ ഡോ.സതീശൻ ബാലസുബ്രഹ്മണ്യനെ സദസ്സിന് പരിചയപ്പെടുത്തുകയും ചെയ്തു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർജോർജ് ഞറളക്കാട്ട് പൊതുസമ്മേളനം ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുകയും അവാർഡ് ജോതാവിനെ പൊന്നാടയണിയിച്ച് പുരസ്കാരം സമർപ്പിക്കുകയും പ്രശസ്തി പത്രവും 20001 രൂപ ക്യാഷ് അവാർഡ് സമ്മാനിക്കുകയും ചെയ്തു. അവാർഡ് ജേതാവായ മലബാർ ക്യാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ പ്രതിസ്പന്ദം നടത്തി. ക്യാൻസർ രോഗബാധയ്ക്ക് പ്രധാന കാരണമായ മദ്യത്തിനും പുകവലിക്കും മയക്കുമരുന്നിനും എതിരായി കഴിഞ്ഞ നാലു പതിറ്റാണ്ടിലേറെയായി തലശ്ശേരി അതിരൂപത ചെയ്യുന്ന സേവനം നിസ്തുലമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആലക്കോട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മോളി മാനുവൽ, മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു ചാമക്കാലായിൽ, മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ജന.സെക്രട്ടറി ശ്രീ.സണ്ണി പായിക്കാട്ട് എന്നിവർ പ്രസംഗിച്ചു. മദ്യവിരുദ്ധ സമിതി അതിരൂപത ജന.സെക്രട്ടറി ശ്രീ.ആന്റെണി മേൽവെട്ടം എല്ലാവർക്കും വളരെ ഹൃദ്യമായി നന്ദി പ്രകാശിപ്പിച്ചു.

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പുഷ്പാലംകൃതമായ ഛായാ ചിത്രത്തിൽ പുഷ്പാർച്ചന നടത്തിയാണ് സമ്മേളനം ആരംഭിച്ചത്. ആലക്കോട് റീജിയണിലെ വായാട്ടുപറമ്പ്, ചെറുപുഴ, മേരിഗിരി എന്നീ ഫൊറോനാകളിലെ ഇടവകകളിൽ നിന്നും അതിരൂപതയിലെ മറ്റ് ഇടവകകളിൽനിന്നും നൂറുകണക്കിന് ആളുകൾ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.എല്ലാവർക്കും മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ.

## മദ്യവിരുദ്ധ സമിതി - മുക്തിശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി

2018 സെപ്റ്റംബർ 29 ന് ഇരിട്ടി സെന്റ് ജോസപ് ഓഡിറ്റോറിയത്തിൽ വച്ച് പേരാവൂർ, നെല്ലിക്കാമ്പോയിൽ, കുന്നോത്ത്, എടൂർ എന്നീ മേഖലകളിലെ മേഖലാ ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും യോഗം ചേർന്നു. മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. ജന.സെക്രട്ടറി ശ്രീ. ആന്റെണി മേൽവെട്ടം സ്വാഗതം ആശംസിച്ചു. ഫാ.തോമസ് തൈത്തോട്ടം മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ശക്തിപ്പെടുത്തലിനെപ്പറ്റി സംസാരിക്കുകയും തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയുംചെയ്തു. ഫാ. ജോമി തൊട്ടിയിൽ, ഫാ.ജേക്കബ് ചാരംതൊട്ടിയിൽ, സെലീന എൻ.ജെ എന്നിവർ പ്രസംഗിച്ചു.

**തീരുമാനങ്ങൾ**

- വാർഡ്, യൂണിറ്റ് തല യോഗങ്ങൾ, ചേരുകയും മേഖലാ ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്യുക.
- ഫണ്ട് ശേഖരണത്തിന് പ്രതിമാസ രഹസ്യപിരിവ്, ചിട്ടി, കൂപ്പൺ, രസീത് പിരിവ് എന്നിവ നടത്തുക.
- മേഖലാ കൺവെൻഷനുകൾ എല്ലാ മേഖലകളിലും നടത്തുക. കൺവെൻഷനുകളിൽ ഓരോ മേഖലകളിലെയും യൂണിറ്റ് ഭാരവാഹികൾ
- മേഖല ഭാരവാഹികൾ ഒന്നിച്ച് മേഖല ഡയറക്ടർ, ആനിമേറ്റർ, വികാരിമാർ എന്നിവരെ സന്ദർശിക്കണം.
- യൂണിറ്റ് ഭാരവാഹികളുടെ ഫോൺ നമ്പറും ഫ്ൾ അഡ്രസും മേഖല ഭാരവാഹികൾ സംഘടിപ്പിക്കണം.
- മേഖലകളുടെയും യൂണിറ്റുകളുടെയും മിനിറ്റ്സ് ബുക്ക്, അക്കൗണ്ട് ബുക്ക് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.
- ഓരോ മേഖലയെയും അതിരൂപതാ ഭാരവാഹികളെ ചാർജ് ഏല്പിക്കണം. (സൂപ്പർ വൈസേഴ്സ്)

1. പേരാവൂർ മേഖല - തോമസ് വരകുകാലായിൽ, തങ്കം മൂക്കനോലിക്കൽ, ലൈസ കളപ്പുര.
2. നെല്ലിക്കാംപോയിൽ - ജിജു കോലക്കുന്നേൽ, റോസിലി കാരിക്കാക്കുന്നേൽ
3. കുന്നോത്ത് മേഖല - ഡോ. ജോസ് ലറ്റ് മാത്യു, സി.ജോസ് മരിയ സി.എം.സി, സോളി രാമച്ചനാട്ട്
4. എടൂർ മേഖല - ആന്റെണി മേൽവെട്ടം, മേരി ആലക്കാമറ്റം

**റിസോഴ്സ് ടീം** : പേരാവൂർ മേഖല - ഫാ.മാർട്ടിൻ പറപ്പള്ളിയാത്ത്, സി. എൽസി ജെയിംസ് എസ്.എച്ച്, ഡോ.എൻ.ജെ സെലീന, അൽബിൻ മണ്ടുംപാല + സൂപ്പർ വൈസേഴ്സ്

2. നെല്ലിക്കാംപോയിൽ - ഫാ.ജോമി തൊട്ടിയിൽ, സി.പ്രിൻസി മരിയ സി. എം.സി, ജോർജ് താഴപ്പള്ളി + സൂപ്പർ വൈസേഴ്സ്
3. കുന്നോത്ത് മേഖല - ഫാ.ജോസഫ് ചാത്തനാട്ട്, സി. ജിൽസ എസ്. കെ.ഡി + സൂപ്പർ വൈസേഴ്സ്
4. എടൂർ മേഖല - ഫാ.മാത്യു പൊട്ടൻപ്ലാക്കൽ, സി.മേരി മാത്യു സി.എം. സി, മാത്യു എം.കണ്ടത്തിൽ + സൂപ്പർ വൈസേഴ്സ്

**പ്രത്യേക ശ്രദ്ധയ്ക്ക്**

നവംബർ മാസത്തിൽ ദിയാക്കോണിയ പദ്ധതി പ്രകാരം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും പ്രചരണങ്ങൾക്കും വേണ്ടിയാണ് നിയോഗിച്ചിട്ടുള്ളത്. യൂണിറ്റ് മേഖല തലങ്ങളിൽ പദയാത്രകൾ, ജപമാല റാലി, ഉപവാസ പ്രാർഥന, തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാം.

നവംബർ 19 - ലോക മാതൃദിനം സ്ത്രീ പീഡനത്തിനെതിരെ അമ്മമാരെ സംഘടിപ്പിക്കുക.
ഡിസംബർ - ലഹരി മുക്ത ക്രിസ്മസ്, കുട്ടികൾക്ക് പുൽക്കൂട് മത്സരം, 25 നോമ്പിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കില്ല എന്ന വ്രതം
മദ്യവിരുദ്ധ സമിതി - മുക്തിശ്രീ മേഖലാ കൺവെൻഷനുകൾ
ചെമ്പേരി മേഖല - നവംബർ 1
പേരാവൂർ മേഖല - നവംബർ 5 തൊണ്ടിയിൽ
കുന്നോത്ത് മേഖല - നവംബർ 29

**റീജിയണൽ മീറ്റിംഗ്**
ചെമ്പേരി റീജിയൻ ഒക്ടോബർ 24 ചെമ്പേരി
ആലക്കോട് റീജിയൻ ഒക്ടോബർ 26 ആലക്കോട്

## സിസ്റ്റേഴ്സ് കൺവെൻഷൻ ദിശാബോധനം 2018 നവംബർ 2 ന്

"ദിശാബോധം 2018" എന്ന ബാനറിൽ ബഹു. സിസ്റ്റേഴ്സിന് 2018 നവംബർ 2 ന് വെള്ളിയാഴ്ച രാവിലെ 9.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.00 മണി വരെ ഏകദിനകൺവൻഷൻ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. 9.00 മണിക്ക് വി. കുർബാനയോടുകൂടിയാണ് കൺവൻഷൻ ആരംഭിക്കുന്നത്. മാർ ജോസഫ് പാംപ്ലാനി, ഫാ. മാത്യു ആശാരിപറമ്പിൽ, ശ്രീ പി.വി. മോഹൻദാസ്, ഡോ. ജോസ്ലറ്റ് മാത്യു, ഫാ. തോമസ് തൈത്തോട്ടം എന്നിവർ നേതൃത്വം കൊടുക്കുന്നു. അതിരൂപതയിലെ ഓരോ കോൺവെന്റിൽനിന്നും ഓരോ സിസ്റ്ററിനെ അയയ്ക്കണമെന്ന് ബഹു. സിസ്റ്റർ സുപ്പീരിയേഴ്സിനോട് അഭ്യർത്ഥിക്കുന്നു. 60 രൂപ രജി. ഫീസ് നല്കി സഹായിക്കുമല്ലോ.

## ADSU കലോത്സവം നവംബർ 6 ന്

2016 ഒക്ടോബർ 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന കലോത്സവം ഹർത്താലിനെതുടർന്ന് നവംബർ 6 ലേക്ക് മാറ്റി വച്ചതായി അറിയിക്കുന്നു.

## ADSU എക്സിക്യൂട്ടീവ്

2018 സെപ്റ്റംബർ 29 ന് ADSU എക്സിക്യൂട്ടീവ് കമ്മിറ്റി സന്ദേശഭവനിൽ ചേർന്നു. ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ.തോമസ് തൈത്തോട്ടം ആമുഖ പ്രസംഗവും ജന.സെക്രട്ടറി അഭിനവ് ജോർജ് സ്വാഗതവും ആശംസിച്ചു.

### തീരുമാനങ്ങൾ

കലോത്സവത്തിൽ പങ്കെടുക്കുന്ന സ്കൂളുകൾ അടക്കേണ്ട സ്കൂളുകൾ അടക്കേണ്ട രജി. ഫീസ് വർദ്ധിപ്പിക്കുക. LPS 100, UPS, HS, HSS 250

- കലോത്സവ മത്സര വേദികളുടെ നിയന്ത്രണത്തിന് അദ്ധ്യാപകരുടെ സാന്നിധ്യവും വേണം.
- പ്രസംഗമത്സരത്തിന് നല്കുന്ന വിഷയങ്ങളിൽ മാറ്റം ഉണ്ടാകണം
- കലോത്സവ ജഡ്ജസിന്റെ TA പരിഷ്കരിക്കണം.
  ADSU രജത ജൂബിലി പ്രമാണിച്ച് എല്ലാ സ്കൂളുകളിലും Special Programmes സംഘടിപ്പിക്കണം.
- ലീഡേഴ്സ് ആനിമേറ്റേഴ്സ് മീറ്റിന് സ്കൂൾ രജി. ഫീസ് കൂട്ടണം.
  ADSU നവദർശൻ ക്യാമ്പ് ഡിസംബർ 26 – 29 വരെ പേരാവൂർ ഹൈസ്കൂളിൽ വച്ച് നടത്തുക. അനന്തു കൃഷ്ണന്റെ നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

## ADSU സാഹിത്യ രചനാ മത്സരം

2018 ഒക്ടോബർ 6 ന് തോമാപുരം, തളിപ്പറമ്പ്, ഇരിട്ടി എന്നീ കേന്ദ്രങ്ങളിൽ വച്ച് ADSU കലോത്സവത്തിന്റെ ഭാഗമായി സാഹിത്യ രചനാമത്സരങ്ങൾ നടത്തി. മുൻ വർഷങ്ങളെക്കാൾ കൂടുതൽ കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു എന്നതിലുള്ള സന്തോഷം സ്കൂൾ ആനിമേറ്റർമാരെയും പ്രധാനാധ്യാപകരെയും അറിയിക്കുന്നു.

## കൈയ്യെഴുത്തു മാസിക

ADSU കലോത്സവത്തോടനുബന്ധിച്ചു നടത്തിയ കൈയ്യെഴുത്തു മാസിക മത്സരത്തിൽ ഒന്നാംസ്ഥാനം വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ കരസ്ഥമാക്കി. രണ്ടാംസ്ഥാനം കുന്നോത്ത് സെന്റ് ജോസഫ് ഹൈസ്കൂൾ നേടി. മൂന്നാംസ്ഥാനം നിർമല ഹൈസ്കൂൾ ചെമ്പേരിയും സെന്റ് ജോസഫ് ഹൈസ്കൂൾ പുലിക്കുരുമ്പയും പങ്കുവച്ചു. കൈയ്യെഴുത്തു മാസികയുടെ ഇതളുകളിൽ പ്രതിഭ തെളിയിച്ച എല്ലാ വിദ്യാർഥി പ്രതിഭകൾക്കും നേതൃത്വംകൊടുത്ത അധ്യാപകർക്കും അഭിനന്ദനങ്ങൾ.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി

## (ടി.എസ്.എസ്.എസ്.)

### അഗതിമന്ദിര സന്ദർശനം

15/10/2018 നു തോമാപുരം ഗ്രാമിക അംഗങ്ങൾ ചിറ്റാരിക്കൽ Ys Nivas സന്ദർശിച്ച് സ്വാഭിമാൻ ഉൽപ്പന്നങ്ങളും ഭക്ഷണ സാധനങ്ങളും എത്തിച്ചുകൊടുത്തു. ഗ്രാമിക പ്രസിഡന്റ് പി ജെ സെബാസ്റ്റ്യൻ പുതുശ്ശേരിയും സെക്രട്ടറി ലിസി ജോയ് ഇലഞ്ഞിമറ്റവും നേതൃത്വം നൽകി.

### കാർഷിക സെമിനാറും പച്ചക്കറി വിത്ത് വിതരണവും

13/10/2018 നു മണ്ഡപം സെന്റ് ജോസഫ് എൽ പി സ്കൂളിൽ വച്ച് യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയുടെ അധ്യക്ഷതയിൽ ഇടവക മുഴുവൻ വിഷരഹിത പച്ചക്കറി എന്ന ലക്ഷ്യത്തോടുകൂടി മണ്ഡപം ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ഭീമനടി കൃഷിഭവനുമായി സഹകരിച്ച് കാർഷിക സെമിനാറും പച്ചക്കറി വിത്ത് വിതരണവും നടത്തി. ഈ യോഗത്തിൽ കൃഷിഭവൻ ഫീൽഡ് ഓഫീസർ ശ്രീ. അനിൽ ക്ലാസ്സ് എടുത്തു. ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും പച്ചക്കറി വിതരണം നടത്തി. തുടർന്ന് വയോജന ദിനാചരണ ഭാഗമായി ക്രെഡിറ്റ് യൂണിയനിലെ ഏറ്റവും മുതിർന്ന അംഗത്തെ പൊന്നാട അണിയിച്ച് ആദരിച്ചു. പ്രോഗ്രാം മാനേജർ ശ്രീമതി. വൽസമ്മ ടോമിയും RCC പ്രസിഡന്റ് ശ്രീ. ജോസ് മാളിയേക്കലും ആശംസകളർപ്പിച്ചു സംസാരിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസ് പേക്കാനത്ത്, ശ്രീമതി സജിനി എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

### ആദരിച്ചു

26/09/2018 നു വായാട്ടുപറമ്പ് നവജീവൻ ഗ്രാമികയുടെ ആഭിമുഖ്യത്തിൽ മികച്ച പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുന്ന ശ്രീമതി. വിചിത്രാ വിനോദിനെ ആദരിച്ചു. വായാട്ടുപറമ്പ് ഫൊറോന വികാരി ഫാ. കുര്യാ ക്കോസ് കളരിക്കൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഗ്രാമിക പ്രസിഡന്റ് ജോർജ് അർത്ത നാകുന്നേൽ അധ്യക്ഷത വഹിച്ചു. മുൻ ചപ്പാരപ്പടവു പഞ്ചായത്തു പ്രസിഡന്റുമാരായ ശ്രീ. പി. ജെ. മാത്യു, ശ്രീ. സജി ഓതറ എന്നിവർ ചേർന്ന് ശ്രീമതി. വിചിത്രാ വിനോദിനെ ആദരിച്ചു. ഐആർപിസി പ്രവർത്തകനായ ജോർജ് മേലുകുന്നേലിനു വാക്കിംഗ് സ്റ്റിക്കും കൈമാറി. ശ്രീ. ഡി. പി. ജോസ്, ഷാജി ജോസഫ് തെക്കേമുറിയിൽ, സുരേഷ് പുത്തേട്ട്, സണ്ണി മാനാടിയിൽ, മാത്യു പെരുകിൽ, ലിസി ബിജോ എന്നിവർ പ്രസംഗിച്ചു.

## ഓർഗാനിക് ക്ലാസ്സ്

14/10/2018 നു കാപ്പിമല സെന്റ് ജോസഫ്സ് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ കാപ്പിമല പള്ളിയിൽ വച്ച് ഫാ. ജോസഫ് മാളക്കരാന്റെ അധ്യക്ഷതയിൽ ജീവിതശൈലിരോഗങ്ങളും ആയുർവേദ പ്രതിവിധിയും എന്ന വിഷയത്തെക്കുറിച്ച് ശ്രീ. ജോസഫ് കുന്നേൽ, ശ്രീ. ജോർജ് തേമ്പം കണ്ടം എന്നിവർ ക്ലാസ്സ് എടുത്തു. 45 പേർ ഈ ക്ലാസ്സിൽ പങ്കെടുത്തു. കാപ്പിമല ക്രെഡിറ്റ് യൂണിയൻ പ്രസിഡന്റ് ശ്രീ. ജോസ് ഈറപ്ലാക്കൽ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

## ഏകദിന പരിശീലനം

പശ്ചിമഘട്ടവികസന പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കോക്കടവ്, ചിറ്റാരിക്കാൽ നീർത്തട വികസന പദ്ധതിയിൽ കർഷകർക്കായി 20/10/2018 നു ഏകദിന പരിശീലനം നടത്തി. കുടിവെള്ള ഗുണനിലവാര പരിശോധന, കിണർ റീചാർജിംഗ്, ജലസംരക്ഷണം, എന്നീ വിഷയങ്ങളെ ആസ്പദമാക്കി കേരള വാട്ടർ അതോറിറ്റിയിലെ അസി. എക്സിക്യൂട്ടീവ് എൻജിനിയർ ശ്രീ. ഗോവിന്ദൻ നമ്പൂതിരി ക്ലാസ്സെടുത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജെസ്സി ടോം ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിംഗ് ചെയർപേഴ്സൺ ശ്രീമതി. ഡെറ്റി ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. ശ്രീ. രാജേഷ് കെ., ശ്രീമതി. ലിൻസിക്കുട്ടി, TSSS പ്രോഗ്രാം മാനേജർ ശ്രീ. സാന്റി ഓലിക്കൽ എന്നിവർ പ്രസംഗിച്ചു.

## ക്ഷീര കർഷക പാഠശാല

വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി എൻഎസ്എസ് യൂണിറ്റും വായാട്ടുപറമ്പ് നവജീവൻ ഗ്രാമികയും ചേർന്ന് ക്ഷീര കർഷക സദസ് സംഘടിപ്പിച്ചു. കർഷകർക്ക് പുത്തൻ ആശയങ്ങൾ പകർന്നു നല്കുന്നതോടൊപ്പം, ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഉൽപ്പാദനക്ഷമത വർധിപ്പിക്കാനുമായാണ് പരിപാടി സംഘടിപ്പിച്ചത്. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള കർഷകർ പങ്കെടുത്തു. വിദേശ ഫാമുകളിലെ പ്രധിനിധികളുടെ സാന്നിധ്യവും ശ്രദ്ധേയമായി. സൂപ്പർ നേപ്പിയർ പുല്ലിനം, സൈലേജ് നിർമാണം തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടന്നു. ഫൊറോന വികാരി ഫാ. കുര്യാക്കോസ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് തടത്തിൽ അധ്യക്ഷത വഹിച്ചു. അനൂപ് തങ്കൻ, സോണി, സാജു സൈമൺ, ഷമീം, സുനിൽ കീഴാരം, സജി ജോർജ്, സിജു പടിമരുത്, സജി മാത്യു, ജുബിൻ ജോസ്, തോമസ് തോണക്കര എന്നിവർ പ്രസംഗിച്ചു.

**ഫാ. സ്കറിയ നിരപ്പേൽ**
എക്സി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2018 നവംബർ & ഡിസംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**നവംബർ** 02-04 : തപസ്സ് ധ്യാനം (10 am ആരംഭം)
04-09 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
10 : ഏകദിനകൺവെൻഷൻ
18 - 23 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം

**ഡിസംബർ** 02 -07 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
08 : ഏകദിനകൺവെൻഷൻ
16-20 (2 pm) : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
21-23 : സൗഖ്യാനുഭവ ധ്യാനം (വെള്ളി 6 pm-ഞായർ8 pm)
22-23 : എഫ്ഫാത്ത (ശനി10 am - ഞായർ 3 pm)
26-30 (2 pm) : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**
**ഫോൺ: 0490-2493491, 9745017131, 0490 2491941**

**നവംബർ** 09 : ജാഗരണ പ്രാർത്ഥന
10 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
11-15 : ആന്തരിക സൗഖ്യ ധ്യാനം
25-29 : ആന്തരിക സൗഖ്യ ധ്യാനം

**ഡിസംബർ** 07 : ജാഗരണ പ്രാർത്ഥന
08 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
09-13 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
16-20 : പരിശുദ്ധാത്മാഭിഷേക ധ്യാനം

നവംബർ 30 മുതൽ ജനുവരി 3 വരെ ആന്തരീക സൗഖ്യ ധ്യാനം

3. **മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**നവംബർ** 09- 11 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു.4മണി മുതൽ ഞായർരാത്രി 9വരെ)
23- 25 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4മണി മുതൽ ഞായർ രാത്രി 9വരെ)

**4. ദർശന ധ്യാന കേന്ദ്രം : പുഷ്പഗിരി, തളിപ്പറമ്പ്**
**ഫോൺ :0460 2202613, 0460 2204556, 9447424076**

**നവംബർ** 8-11 : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം
12-14 : നാല്പത് മണി ആരാധന

16- 18 : കുടുംബ ദർശന ധ്യാനം
22- 25 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്

**ഡിസംബർ** 2-7 : റിട്രീറ്റ് ഫോർ സിസ്റ്റേഴ്സ്
13-15 : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം
21- 23 : കുടുംബ ദർശന ധ്യാനം
27- 30 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്

**5. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**

**ഫോൺ: 9526609050, 9447481643, 9496253756**

**നവംബർ** 4-9 : ആന്തരിക സൗഖ്യ ധ്യാനം
18- 23 : ആന്തരിക സൗഖ്യ ധ്യാനം
6, 13, 20, 27 : ഏകദിന കൺവെൻഷൻ

**ഡിസംബർ** 02-07 : ആന്തരിക സൗഖ്യ ധ്യാനം
16- 21 : ആന്തരിക സൗഖ്യ ധ്യാനം
4, 11, 18, 25 : ഏകദിന കൺവെൻഷൻ

**6. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

**നവംബർ** 03 : ഏകദിനം
04-08 : ആന്തരീക സൗഖ്യധ്യാനം
09 : ജാഗരണ പ്രാർത്ഥന
10 : ക്രിസ്റ്റീൻ വിങ്ങ്സ്
17 : മരിയൻ ദിവ്യകാരുണ്യ ആരാധന
18-22 : ആന്തരീക ശാരീരിക സൗഖ്യധ്യാനം
24 : മരിയൻ ദിവ്യകാരുണ്യ ആരാധന

**ഡിസംബർ** 01 : ഏകദിനം
02-06 : ആന്തരീക സൗഖ്യധ്യാനം
08 : മരിയൻ ദിവ്യകാരുണ്യ ആരാധന
14 : ജാഗരണപ്രാർത്ഥന
15 : ക്രിസ്റ്റീൻ വിങ്ങ്സ്
16-20 : മരിയൻ ആന്തരീക സൗഖ്യധ്യാനം
22 : മരിയൻ ദിവ്യകാരുണ്യ ആരാധന
26-29 : ക്രിസ്റ്റീൻ ധ്യാനം (4-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക്)

## Programme of the Archbishop
## Mar George Njaralakatt

### NOVEMBER 2018

| | | | |
|---|---|---|---|
| 1-9 | | - | Visit - Germany |
| 10 | 06.30 am | - | Kunnoth NS Generalate |
| | 02.00 pm | - | Hasan |
| 11 | | - | Hasan |
| 12 | 09.00 am | - | Pachani - Ordination |
| | 06.00 pm | - | Kannur - Malabar Bishops' Conference |
| 13 | | - | Kannur - Malabar Bishops' Conference |
| | 04.00 pm | - | Forane vicars' meeting |
| 14 | | - | Visitors' day, Monthly Recollection |
| 15 | | - | Minor Seminary -Home day |
| 16 | | - | Minor Seminary – Parents' day |
| | 07. 00 pm | - | Vellarikundu |
| 17 | 10.00 am | - | Naduvil |
| 18 | 10.30 am | - | Pratheeksha Anniversary |
| 19 | | - | Mullankolly |
| 20 | | - | Angadikadavu |
| | 02.30 pm | - | Palavayal |
| 21 | 09.00am | - | GSMS Kunnoth |
| | 06.00 pm | - | Archbishop's House - Jubilarians meet |
| 22 | 06.30 am | - | Cathedral - Jubilarians meet |
| | 04.00 pm | - | Chettiyamparamba - Presbitery blessing |
| 23 | | - | Peravoor |
| 24 | 10.00 am | - | Vanjode |
| | 05.00 pm | - | Sanjos Metropolitan School |

| | | | |
|---|---|---|---|
| 25 | 06.30 am | - | Kannur – FCC Provincialate |
| | 04.00 pm | - | Odenthode |
| 26 | | - | Out of station |
| 27 | | - | Thaliparamba-Presbiterium |
| 28 | 10.00 am | - | Sandhesa Bhavan |
| | 02.30 pm | - | Kunnoth |
| 29 | 02.30 pm | - | Thaliparamba |
| | 05.30 pm | - | Thaliparamba – CMC School Anniversary |
| 30 | 04.00 PM | - | Burnassery - Kannur Bible Convention |

## DECEMBER 2018

| | | | |
|---|---|---|---|
| 01 | 9.30 | - | Chemperi - Family Units Inauguration |
| | 05.00 pm | - | Kalpetta |
| 02 | 11.30 am | - | Kasargod |
| | 4.00pm | - | Paduppu |
| 3-6 | | - | KCBC |
| 07 | | - | VJEC Meeting |
| 08 | 10.00 am | - | Kannur – SMYM Sangamam |
| | 03.00 pm | - | Thomapuram -Madhyavirudha samithi |
| | | | Pastoral visit - Cherupuzha |
| 09 | | - | Pastoral visit - Cherupuzha |
| 10 | | - | Chattamala |
| 12 | | - | Visitors' day, Monthly Recollection |
| 13 | | - | Priests'& sisters' day |
| 14 | | - | Out of station |
| 15 | | - | Vellarikundu-Ruby Jubilee-Madhyavirudha samithi |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### സെപ്റ്റംബർ 2018

27 രാവിലെ 10 മണിക്ക് പയ്യാവൂർ ടൗൺ പള്ളിയിൽ സഖറിയാസ് കൺവെൻഷനിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി.

29 വൈകുന്നേരം 4 മണിക്ക് മാങ്ങോട് ഇടവകയിൽ നിര്യാതനായ ജോസ് അന്തീനാട്ടിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

### ഒക്ടോബർ 2018

01 രാവിലെ 6.15 ന് തലശ്ശേരി SD കോൺവെന്റിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി.

02 കൂടത്തായി ഇടവകയിൽ രാവിലെ 11 മണിക്ക് സെബാസ്റ്റ്യൻ പൊന്നാനിമറ്റത്തിന് മാമ്മോദീസ നൽകി.

04 കണ്ണൂർ FCC പ്രൊവിൻഷ്യൽ ഹൗസിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി.

06 തലശ്ശേരി കത്തീഡ്രലിൽ ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടിന്റെ മരണവാർഷികത്തിൽ വി.കുർബ്ബാനയർപ്പിച്ചു.

08 താമരശ്ശേരി പ്രീസ്റ്റ് ഹോമിൽ നിര്യാതനായ ഫാ. മാണി കണ്ടനാട്ടിന്റെ മൃതസംസ്കാര കർമ്മങ്ങളിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി.

13 ഉച്ചകഴിഞ്ഞ് 3 മണിക്ക് പെരിങ്കരി ഇടവകയിൽ നിര്യാതനായ തോമസ് ചിറയിലിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

14 ഉച്ചയ്ക്ക് 12 മണിക്ക് കോഴിക്കോട് മേരിക്കുന്നിൽ തറപ്പേൽ എമിലിന്റെ ഭവനം വെഞ്ചരിച്ചു.

15 രാവിലെ 11 മണിക്ക് നെല്ലിക്കുറ്റി ദൈവാലയത്തിൽ ചക്കാനികുന്നേൽ എബിനും അനിലാ കുറുമണ്ണിലും തമ്മിലുള്ള മനസമ്മതം നടത്തി.

16 രാവിലെ 6.15 ന് തലശ്ശേരി SH കോൺവെന്റിൽ വി.കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് തലശ്ശേരി അരമന

യിൽ ജോസഫ് മാത്യു പാഴൂർ എഴുതിയ പുസ്തകങ്ങളുടെ പ്രകാശന കർമ്മം നിർവ്വഹിച്ചു.

18 രാവിലെ 9 മണിക്ക് നെല്ലിക്കാംപൊയിൽ ഇടവകയിൽ ആനിത്തോട്ടം ബാബുവിന്റെ ഭവനം വെഞ്ചരിച്ചു. രാവിലെ 10.30 ന് ഇരിട്ടി ദൈവാലയ ത്തിൽ ജിനേഷ് മുള്ളംകുഴിയിലും വേഴുപറമ്പിൽ ഗ്രേയ്സും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് 3.30 ന് കോടഞ്ചേരി ഇടവക സമർപ്പിത സംഗമത്തിൽ വി.കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. രാത്രി 8 മണിക്ക് താമരശ്ശേരി അരമനയിൽ മാർ പോൾ ചിറ്റിലപ്പള്ളി പിതാ വിന്റെ പൗരോഹിത്യസ്വീകരണ വാർഷികാഘോഷങ്ങളിൽ പങ്കുചേർന്നു.

19 രാവിലെ 10.30 ന് പെരിമ്പിലാവ് ഇടവകയിൽ നിര്യാതയായ ഏലിയാമ്മ മഠത്തിക്കുന്നേലിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 രാവിലെ 8 മണിക്ക് മാങ്ങോട് ഇടവകയിൽ കരോളിൻ പരപരാകത്തിന് മാമ്മോദീസ നൽകി. രാവിലെ 10.30 ന് ഇരിട്ടി ദൈവാലയത്തിൽ വച്ച് ജെറിൻ വാളാശ്ശേരിയും അഞ്ജു പുലിക്കയത്തും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

22 രാവിലെ 10.30 ന് വലിയകൊല്ലി ദൈവാലയത്തിൽ സെബാസ്റ്റ്യൻ മാൻകു ളവും മേരി മാടപ്പള്ളിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. വൈകു ന്നേരം 7 മണിക്ക് സന്ദേശഭവനിൽ വച്ച് നടന്ന ഗുഡ്ഷേപ്പേർഡ് സെമി നാരി ഡീക്കൻസ് മീറ്റിങ്ങിൽ ആശംസയർപ്പിച്ചു.

23 ഉച്ചകഴിഞ്ഞ് 3.30 ന് പൈസക്കരി ഇടവകയിൽ നിര്യാതയായ ഏലിയാമ്മ അയ്യംങ്കനാലിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

❖❖❖

# Programme of the Archbishop Emeritus
# MAR GEORGE VALIAMATTAM

## NOVEMBER 2018

| | | | |
|---|---|---|---|
| 03 | | - | Kurumbanadam |
| 06 | | - | Chevayoor |
| 10 | 10.30 am | - | Karuvanchal Hospital |
| | 02.30 pm | - | Peravoor |
| 20 | | - | Angadikadav |
| 22 | | - | Rayrome |
| 24 | | - | Alanchery |

**Secretary to the Archbishop Emeritus**

❖❖❖

# Programme of the Auxiliary Bishop
# Mar Joseph Pamplany

## NOVEMBER 2018

| | | | |
|---|---|---|---|
| 01 | | - | Engaged |
| 02 | 10.00 am | - | Thaliparamba |
| 03 | 07.30 am | - | Paramba SABS |
| | 10.00 am | - | Konnakad |
| 04 | 07.30 am | - | Pastoral Visit : Kottoor |
| 05 | 06.15 am | - | S H Thalassery |
| | 02.00 pm | - | Kannur |
| 0 6 | 09.30 am | - | F C C Vellarikundu |
| | 03.30 pm | - | Thalassery |
| 07 | | - | Out of Station |
| 08 | 09.00 am | - | Alpha Institute Thalassery |
| 0 9 | 09.00 am | - | Thrissur |
| 10 | 09.00 am | - | Ordination - Josemount |
| | 04.00 pm | - | Pastoral Visit : Kottoorvayal |
| 11 | 07.30 am | - | Pastoral Visit : Sreekandapuram |
| 12 | 10.00 am | - | Nellikutty |
| | 03.00 pm | - | Malabar Bishops' Meet |
| 13 | | - | Malabar Bishops' Meet |
| | 04.00 pm | - | Forane Vicars' meeting |
| 14 | 10.00 am | - | MSMI Kannur |
| | 03.00 pm | - | Shalom T V |
| 15 | 02.00 pm | - | Peruvannamoozhi |
| 16 | 02.00 pm | - | Panathady |

| | | | |
|---|---|---|---|
| 17 | 10.00 am | - | Marygiri |
| | 02.30pm | - | Vellariyanam |
| 18 | 07.30 am | - | Alakode |
| | 03.00 pm | - | Vayattuparamba |
| 19 | 10.00 am | - | Alakode |
| | 02.00 pm | - | Thomapuram |
| 20 | 10.00 am | - | Palavayal |
| | 02.00 pm | - | Cherupuzha |
| 21 | 10.00 am | - | Paisakiry |
| | 02.00 pm | - | Nellikampoyil |
| | 06.00 pm | - | Thalassery |
| 22 | 11.00 am | - | Udayagiri |
| | 04.30 pm | - | Chayoth : Jyothi Bhavan |
| 23 | 07.00 am | - | Kunnoth N S |
| | 02.00 pm | - | Edoor |
| | 04.30 pm | - | Odanthode |
| 24 | 10.00 am | - | T R C Thalassery |
| 25 | 07.30 am | - | Pastoral Visit : Deepagiri |
| 26 | 02.00 pm | - | Chempanthotty |
| 27 | 10.00 am | - | Presbyterium |
| 28 | 07.00 am | - | Sandesabhavan |
| 29 | 10.00 am | - | Kanhangad |
| | 04.00 pm | - | Paduppu |
| 30 | 10.00 am | - | Vellarikundu |
| | 02.00 pm | - | Chemperi |

**Secretary to the Auxiliary Bishop**

❖❖❖